പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിമൂന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിമൂന്നാമത് റിപ്പോർട്ട്

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 മുതൽ 2006-2007 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

43/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 71 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 93 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, എൻ. ഷംസുദ്ദീൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം നാൽപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2005-06,2006-07 വർഷങ്ങളിലെ) ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്

2015 നവംബർ മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 2.

# റിപ്പോർട്ട്

## കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

ഓഡിറ്റ് ഖണ്ഡിക തൃക്കരുവ ഗ്രാമപഞ്ചായത്ത്

**മത്സ്യബൂത്ത് നിർമ്മാണം : സൊസൈറ്റിക്ക് മൂലധന ഗ്രാന്റ് മാനദണ്ഡവിരുദ്ധം 1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(18)**

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പ്രസിഡന്റും ഗ്രാമപഞ്ചായത്ത് അംഗം സെക്രട്ടറിയുമായ സൊസൈറ്റിക്ക് 1999-2000-ലെ പദ്ധതിയിൽ മത്സ്യ ബൂത്ത് നിർമ്മാണത്തിനായി ₹ 1,42,000 മൂലധന ഗ്രാന്റ് നൽകുകയുണ്ടായി. 23-11-1998-ലെ സർക്കാർ ഉത്തരവ് 49905/പി3/98/എൽ.എ.ഡി. അനുസരിച്ച് പദ്ധതി വിഹിതത്തിൽ നിന്ന് സൊസൈറ്റികൾക്ക് മൂലധന ഗ്രാന്റ് നൽകുവാൻ വ്യവസ്ഥ ഇല്ല. 2000-ൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം പ്രവർത്തിക്കുന്നതായോ തുക വിനിയോഗിച്ചിട്ടുള്ളതായോ രേഖകൾ ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹ 1,42,000 ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 2.6.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാരനടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മത്സ്യ ബൂത്ത് നിർമ്മാണത്തിന് മൂലധന ഗ്രാന്റ് അനുവദിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ എന്നും ഓഡിറ്റ് ഖണ്ഡികയിന്മേൽ യഥാസമയം മറുപടി നൽകാത്തതിനെപ്പറ്റി എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞു. പ്രസ്തുത സൊസൈറ്റിക്ക് മൂലധന ഗ്രാന്റ് അനുവദിക്കാൻ പാടില്ലെന്ന് ഗവൺമെന്റ് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നെന്നും തുക അനുവദിച്ചു കഴിഞ്ഞ സാഹചര്യത്തിൽ എന്തിനാണ് തുക അനുവദിച്ചതെന്നും സൊസൈറ്റി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇതിന്മേൽ റിക്കവറി ആവശ്യമാണോയെന്നുമുള്ള കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് പരിശോധിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

2. മൂലധന ഗ്രാന്റ് അനുവദിക്കരുതെന്ന് ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശമുണ്ടായിരുന്നിട്ടും നിയമവിരുദ്ധമായി പ്രവർത്തിച്ചതിലൂടെ 1.42 ലക്ഷം രൂപയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിന് സംഭവിച്ചിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, പ്രസ്തുത പദ്ധതിക്ക് ഡി. പി. സി.യുടെ അംഗീകാരം ലഭിച്ചതെങ്ങനെയെന്നാരാഞ്ഞു. ടി സൊസൈറ്റിയുടെ ആരംഭഘട്ടമായതിനാൽ ഡി. പി. സി. അംഗീകാരം നൽകിയെങ്കിലും ശരിയായ രീതിയിലുള്ള മാർഗ്ഗനിർദ്ദേശം നൽകിയിരുന്നില്ലായെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

3. മൂലധന ഗ്രാന്റ് അനുവദിച്ച പഞ്ചായത്ത് പ്രസിഡന്റും ഗ്രാന്റ് വാങ്ങിയ സൊസൈറ്റി പ്രസിഡന്റും ഒരാൾ തന്നെയായിരിക്കെ തുക നൽകുമ്പോൾ എഗ്രിമെന്റ് വച്ചിട്ടുണ്ടോയെന്ന് സമിതി ചോദിച്ചു. പഞ്ചായത്തിനുവേണ്ടി സെക്രട്ടറി ഒരു എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യേണ്ടതായിരുന്നുവെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

4. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞു. ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ചതിലൂടെ ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് അന്നത്തെ സൊസൈറ്റി ഭാരവാഹികൾ, പഞ്ചായത്ത് സെക്രട്ടറി, കൺവീനർ എന്നിവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

5. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിഷയത്തിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ചതിന് ഉത്തരവാദികളാരൊക്കെയാണെന്ന് പരിശോധിച്ച് മേൽനടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. സമിതിയുടെ നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 21-5-2014-ലെ എൽ.എഫ്.2712/സ്പെ.സെൽ.ജി2/12 നമ്പർ സൂക്ഷ്മപരിശോധനാ കുറിപ്പും ചുവടെ ചേർക്കുന്നു:

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

6. പഞ്ചായത്ത് കമ്മറ്റിയുടെ 3-6-1999-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജേക്കബ് ക്ലീറ്റസ് ആണ് 1-4-2000-ൽ 1,42,000 രൂപ സൊസൈറ്റിക്ക് മൂലധന ഗ്രാന്റ് നൽകിയിട്ടുള്ളത്. ടിയാൻ 31-1-2008-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

7. മറുപടി തൃപ്തികരമല്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളത് 31-1-2008-ൽ മാത്രമാണ്. 1-4-2000-ൽ സർക്കാരിന്റെ ഗൈഡ്ലൈനിന് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ചതിനാൽ ₹ 1,42,000 ടിയാനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് അംഗീകരിക്കാവുന്നതല്ല എന്ന് അഭിപ്രായപ്പെടുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**8. പദ്ധതി വിഹിതത്തിൽ നിന്നും മൂലധന ഗ്രാന്റ് അനുവദിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലിരിക്കെ നിയമവിരുദ്ധമായി പ്രവർത്തിച്ചതിലൂടെ പഞ്ചായത്തിന് 1,42,000 രൂപയുടെ നഷ്ടമുണ്ടായതായി**

സമിതി മനസ്സിലാക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് തന്നെ പ്രസിഡന്റായുള്ള സൊസൈറ്റി രൂപീകരിക്കുകയും യാതൊരു കരാറും വയ്ക്കാതെ 1,42,000 രൂപ അനുവദിക്കുകയും ചെയ്ത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

9. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ചതിന് ഉത്തരവാദികളാരൊക്കെയാണെന്ന് പരിശോധിച്ച് മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് സർക്കാർ നല്കിയ മറുപടി സമിതിക്ക് സ്വീകാര്യമാകുന്നില്ല. പ്രസ്തുത ഉദ്യോഗസ്ഥൻ 2008-ലാണ് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതെന്നും 1-4-2000-ൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ച 1,42,000 രൂപ ടിയാനിൽ നിന്നും ഈടാക്കാതിരുന്നത് അംഗീകരിക്കാനാകില്ലായെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിനോട് സമിതി യോജിക്കുകയും ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതി വിഹിതത്തിൽ നിന്നും മൂലധന ഗ്രാന്റ് അനുവദിക്കാൻ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിനെതിരെ ഒരു വിയോജന കുറിപ്പ് പോലും എഴുതാതെ അംഗീകരിച്ചത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുകയും ചെയ്യുന്നു. ആയതിനാൽ ടി ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചെങ്കിലും ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടി മുഖേനയോ പഞ്ചായത്തിന് നഷ്ടം വന്ന തുക പലിശ സഹിതം ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കണ്ടറ ഗ്രാമപഞ്ചായത്ത്

**ഇൻലാന്റ് ഫിഷ് മാർക്കറ്റിംഗ് ആന്റ് കോൾഡ് സ്റ്റോറേജ്—43.2 ലക്ഷം പാഴ്ച്ചെലവ്**

**2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(20)**

ഉൾനാടൻ മത്സ്യവ്യാപാരം പ്രോൽസാഹിപ്പിക്കുന്നതിന് കേന്ദ്രസഹായം ലഭിച്ച 49,00,000 രൂപയിൽ ₹ 43,27,361 ചെലവിൽ ചെയ്ത് ഫിഷ് ലാന്റിംഗ് ഷെഡ്, ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് ഇവയുടെ നിർമ്മാണം പൂർത്തീകരിച്ച് 2000 ഡിസംബറിൽ ഉദ്ഘാടനം നടത്തിയെങ്കിലും അനുബന്ധക്രമീകരണങ്ങൾ തയ്യാറാകാത്തതിനാൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഭീമമായ തുക മുടക്കി വാങ്ങിയ യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും നശിച്ചു കൊണ്ടിരിക്കുന്നു. വികലമായ ആസൂത്രണത്തിന്റെയും സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തിയാകാത്തതിന്റെയും ഫലമായി അരക്കോടിയോളം രൂപ പാഴായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് —2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 2.7.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

10. കണ്ടറ ഗ്രാമപഞ്ചായത്തിൽ ഇൻലാന്റ് ഫിഷ് മാർക്കറ്റിംഗ് ആന്റ് കോൾഡ് സ്റ്റോറേജിന്റെ നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് 49,00,000 രൂപ ലഭിച്ചതിൽ 43,27,361 രൂപ പാഴായിയെന്നും 2000 ഡിസംബർ മാസത്തിൽ ഉദ്ഘാടനം ചെയ്ത പ്രോജക്ട് 2002 ഏപ്രിൽ മാസം അവസാനമാണ് പഞ്ചായത്തിന് കൈമാറിയതെന്നും നിരീക്ഷിച്ച സമിതി, ഉദ്ഘാടനം ചെയ്ത് ഒന്നര വർഷം കഴിഞ്ഞിട്ടും പ്രോജക്ട് പഞ്ചായത്തിന് കൈമാറാതിരുന്നതിന്റെ കാരണം ആരാഞ്ഞു. ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാതിരുന്നതിനാലാണ് പ്രോജക്ട് കൈമാറാതിരുന്നതെന്ന് കണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

11. പ്രോജക്ട് നടപ്പാക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിച്ചതെന്നാണെന്നും ഫണ്ട് ലഭിച്ചത് എന്നാണെന്നും ആയത് പൂർത്തീകരിക്കുന്നതിനുള്ള കാലാവധി എത്രയായിരുന്നുവെന്നും സമിതി ആരാഞ്ഞതിന് അറിയില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

12. പ്രോജക്ട് പൂർത്തിയാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൈമാറി ഒരു വർഷം കഴിഞ്ഞാണ് പഞ്ചായത്ത് ആയത് ടെണ്ടർ ചെയ്തിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, പ്രോജക്ട് ടെണ്ടർ ചെയ്യാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് ആരാഞ്ഞതിന് ഐസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ബൈലാ പാസാക്കുന്നതിന് കാലതാമസമുണ്ടായിയെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

13. ബൈലാ പാസാക്കാതെയാണോ ഇത്തരമൊരു സംരംഭം അനുവദിച്ചതെന്ന സമിതിയുടെ ചോദ്യത്തിന്, പ്രസ്തുത പ്രോജക്ട് ഫീസിബിളാണോയെന്നും അവിടെ ഇതിന്റെ ആവശ്യകതയുണ്ടോയെന്നും പരിശോധിക്കാതെ രൂപകൽപ്പന ചെയ്യുകയും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുകയും ചെയ്തുവെന്നും അവർ ടി പ്രോജക്ട് പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ചെങ്കിലും പഞ്ചായത്ത് ഇതിന്റെ നടത്തിപ്പ് ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചുവെന്നും അവർ കുറച്ചുകാലമേ അവിടെ പ്രവർത്തിച്ചിട്ടുള്ളുവെന്നും ഇപ്പോൾ അവിടെയുള്ള മെഷിനറിയും മറ്റ് ഉപകരണങ്ങളും തുരുമ്പെടുത്ത് ഉപയോഗശൂന്യമായിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

14. പ്രസ്തുത സ്ഥാപനം പ്രൈവറ്റ് ഏജൻസിക്ക് ടെണ്ടർ ചെയ്തത് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണോയെന്നും ഉപയോഗശൂന്യമായ മെഷീനറികൾ റിപ്പയർ ചെയ്യുന്നതിന് ഗവൺമെന്റിൽ നിന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്നും സമിതി ആരാഞ്ഞു. എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് പ്രൈവറ്റ് കമ്പനിയെ ഏൽപ്പിച്ചിരുന്നതെന്നും

ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് 1,65,000 രൂപ ഗവൺമെന്റ് അനുവദിച്ചിരുന്നെങ്കിലും അത്തരം മെഷീനുകൾ റിപ്പയർ ചെയ്യുന്ന കമ്പനികൾ ഇപ്പോൾ നിലവിലില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ഒരു പ്രോജക്ട് പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയ ഏജൻസിക്ക്, ഇൻസ്റ്റാൾ ചെയ്ത മെഷീനറിയുടെ ഡ്യൂറബിലിറ്റിയെ സംബന്ധിച്ച് ഉത്തരവാദിത്വം ഉണ്ടായിരിക്കേണ്ടതാണെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഇതിനൊക്കെപ്പുറമെ ഇലക്ട്രിസിറ്റി ബിൽ കുടിശ്ശികയുമായി ബന്ധപ്പെട്ട ഒരു റവന്യൂ റിക്കവറി കേസും നിലവിലുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

15. കരാറിൽ പറഞ്ഞിരിക്കുന്ന ആറ് ഘടകങ്ങളിലെ രണ്ടെണ്ണം ഒഴികെ ബാക്കിയുള്ള ഘടകങ്ങൾ സ്ഥാപിച്ചിട്ടില്ലെന്ന് പറയുന്നതെന്താണെന്നും ഇതിനായി അനുവദിച്ച തുക എന്തുചെയ്തുവെന്നും സമിതി ആരാഞ്ഞു. ഫിഷ് ഹാർലിംഗ് സെന്റർ, റെഫ്രിജറേറ്റഡ് ട്രാൻസ്പോർട്ടഡ് വാൽവ്, റീറ്റെയിൽ ഔട്ട് ലെറ്റ്സ്, ബൈസൈക്കിൾ വിത്ത് ഇൻസുലേറ്റഡ് ബോക്സസ് എന്നീ ഘടകങ്ങളാണ് ഇനിയും സ്ഥാപിക്കാനുള്ളതെന്നും പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് 49,00,000 രൂപ അനുവദിച്ചുവെങ്കിലും 43,27,361 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്നും ബാക്കി തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും കണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഡിറ്റെയിൽഡ് പ്ലാൻ പ്രകാരമല്ലേ പ്രസ്തുത തുക ചെലവഴിക്കേണ്ടതെന്നും നാലു ഘടകങ്ങൾ കൂടി പ്രസ്തുത പ്ലാനിൽ വരേണ്ടതല്ലേയെന്നും സൂചിപ്പിച്ച സമിതി അപ്രകാരം ചെയ്യാതിരിക്കാനുള്ള കാരണം ആരാഞ്ഞു. അതിനെക്കുറിച്ച് വിശദമായി ഒന്നും അറിയില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

16. വൈദ്യുതി ചാർജ് 2,65,483 രൂപ ഈടാക്കുന്നതിൽ വീഴ്ച വരുത്തി കുടിശ്ശികയുണ്ടാക്കുവാൻ ഇടയാക്കിയ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി തുക ഈടാക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് ജില്ലാ കളക്ടർ സ്വീകരിച്ച ആർ. ആർ. നടപടിക്കെതിരെ കരാറുകാരൻ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും പ്രസ്തുത കേസിന്റെ വിധിയായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നും 27-2-2013-ലേക്ക് കേസ് മാറ്റിവച്ചിരിക്കുകയാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

17. സെക്രട്ടറിയുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തി എവിടെയാണ് വീഴ്ച വന്നിട്ടുള്ളതെന്ന് കണ്ടുപിടിക്കാമെന്നും ഏതെങ്കിലും കേസിൽ നടപടി എടുത്തെങ്കിൽ മാത്രമേ വകുപ്പിൽ അച്ചടക്കം ഉണ്ടാവുകയുള്ളുവെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

18. 43 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയ പരാമർശിത പ്രോജക്ടിന് ഫണ്ട് കൊടുക്കാൻ ആരാണ് ശിപാർശ നൽകിയതെന്നും ഇതിന്റെ വയബിലിറ്റി നോക്കിയാണോ ചെയ്തതെന്നും സമിതി ആരാഞ്ഞതിന് കളക്ടറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെട്ട

ഡി. പി. സി.യാണ് ഇതിന് അംഗീകാരം നൽകിയതെന്നും ഇതൊരു സങ്കീർണ്ണമായ പ്രശ്നമായതിനാൽ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മറുപടി പറഞ്ഞു.

19. ലേലം പിടിച്ച വ്യക്തി പകുതി തുക പോലും അടയ്ക്കാതിരുന്നതെങ്ങനെയെന്നും ലേലത്തിനുള്ള എഗ്രിമെന്റിൽ എങ്ങനെയാണ് വ്യവസ്ഥ ചെയ്തിരുന്നതെന്നും സമിതി ആരാഞ്ഞതിന് ലേലത്തുക രണ്ട് ഗഡുക്കളായി അടയ്ക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള എഗ്രിമെന്റാണ് ഉണ്ടായിരുന്നതെന്നും ആദ്യത്തെ ഗഡു അടച്ചുകഴിഞ്ഞ് ടിയാൻ പദ്ധതി ഉപേക്ഷിച്ചു പോയിയെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

20. 48% ടെണ്ടർ എക്സസാണ് നൽകിയിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഓഡിറ്റ് പരാമർശത്തിന് വിധേയമായ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചകളെന്തെല്ലാമെന്നും ഇതിനുത്തരവാദികളാരെല്ലാമെന്നും ആരുടെയൊക്കെ പേരിൽ നിയമനടപടി സ്വീകരിക്കണമെന്നും സർക്കാർ വിശദമായി പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടു.

## നിഗമനങ്ങൾ/ശിപാർശകൾ

**21. വികലമായ ആസൂത്രണത്തിന്റേയും സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തിയാക്കാത്തതിന്റേയും ഫലമായി 43 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയ പദ്ധതിയായിരുന്നു ഇൻലാന്റ് ഫിഷ് മാർക്കറ്റിംഗ് ആന്റ് കോൾഡ് സ്റ്റോറേജിന്റെ നിർമ്മാണമെന്ന് സമിതി വിലയിരുത്തുന്നു. 48% ടെണ്ടർ എക്സസ് നൽകിയ പ്രോജക്ടുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളെന്തൊക്കെയാണെന്നും ആയതിനുത്തരവാദികൾ ആരെല്ലാമാണെന്നും ആരുടെയൊക്കെ പേരിൽ നിയമനടപടി സ്വീകരിക്കണമെന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ സമിതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നതോടൊപ്പം സമിതി ആരാഞ്ഞ വിവരങ്ങൾ രേഖാമൂലം നിരന്തരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനുള്ള കാരണം അറിയിക്കുവാനും ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, യോഗത്തിൽ സമിതി ആവശ്യപ്പെട്ട മേല്പറഞ്ഞ വിവരങ്ങൾ നല്കുവാനും വൈദ്യുതി ചാർജിനത്തിൽ തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കാനും ആയതു സംബന്ധിച്ച് ഫയൽ ചെയ്തിരിക്കുന്ന കേസ് തീർപ്പാക്കുവാനുമുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

**ജനകീയ റസ്റ്റോറന്റ് ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല**

**1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(10)**

24-3-1999-ൽ രജിസ്റ്റർ ചെയ്ത കമ്മിളിൽ ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജനകീയ റസ്റ്റോറന്റ് ആരംഭിക്കുന്നതിന് സൊസൈറ്റി പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് പദ്ധതി വിഹിതം 50,000 രൂപയും ഗുണഭോക്തൃ വിഹിതം 2,500 രൂപയും ചേർത്ത് ₹ 52,500 നൽകുകയുണ്ടായി. പത്ത് പേർക്ക് തൊഴിലും, ദിനംപ്രതി 500 പേർക്ക് ഗുണനിലവാരമുള്ള ഭക്ഷണവും നൽകാമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയുടെ നടത്തിപ്പിന് ഫർണീച്ചറും ഭക്ഷ്യധാന്യങ്ങളും വാങ്ങുവാൻ ₹ 42,500 ചെലവഴിച്ചു. എന്നാൽ 31-12-2000-നുശേഷം റസ്റ്റോറന്റ് പ്രവർത്തിച്ചിട്ടില്ല. സൊസൈറ്റിയുടെ അക്കൗണ്ടിൽ മിച്ചമുണ്ടായിരുന്ന ₹ 10,000 തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുമില്ല. പ്രവർത്തന പാരമ്പര്യമില്ലാത്തവർക്ക് സൊസൈറ്റിയുടെ മറവിൽ പ്രവർത്തനമൂലധനം അനുവദിച്ചത് 23-10-1998-ലെ സർക്കാർ സർക്കുലർ 49905/പി3/98/എൽ.എ.ഡി. പ്രകാരം അനുവദനീയമല്ലാത്തതിനാൽ പദ്ധതി പണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്-2005-06, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.8.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. ജനകീയ റസ്റ്റോറന്റ് ആരംഭിക്കുന്നതിന് സൊസൈറ്റി പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സംയുക്ത അക്കൗണ്ടിലേക്ക് 50,000 രൂപ നൽകിയെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത സൊസൈറ്റിക്ക് രജിസ്ട്രേഷൻ ഉണ്ടായിരുന്നോ എന്നും രേഖകളൊന്നും പഞ്ചായത്തിലില്ലാത്തതിനെപ്പറ്റിയും ആരാഞ്ഞു. സൊസൈറ്റിക്ക് രജിസ്ട്രേഷൻ ഇല്ലായിരുന്നുവെന്നും ജനകീയ റെസ്റ്റോറന്റ് 8 മാസം പ്രവർത്തിച്ചിരുന്നുവെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

23. സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ സൊസൈറ്റിക്ക് രജിസ്ട്രേഷൻ ഇല്ലായെന്ന് പഞ്ചായത്ത് സെക്രട്ടറിയാണ് സമിതി മുമ്പാകെ പറഞ്ഞിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി, രജിസ്റ്റർ ചെയ്യാത്ത സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയതെങ്ങനെയെന്നും ആയതിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം എന്താണെന്നും ആരാഞ്ഞു. സർക്കാർ ഉത്തരവിന് വിരുദ്ധമായി സൊസൈറ്റിക്ക് ഗ്രാന്റ് കൊടുത്തു എന്നതാണ് ഓഡിറ്റ് പരാമർശം എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

ആരംഭദശയിൽ കുറച്ചുപ്രവർത്തനം ഉണ്ടായിരുന്നതിനാൽ വരുമാനമുണ്ടായിരിക്കാമെന്നും അതിനാൽ 21,000 രൂപ തിരിച്ചടച്ചെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. 40,000 രൂപയുടെ പലിശയാണോ പ്രസ്തുത തുകയെന്ന് സമിതി ആരാഞ്ഞതിന് പത്ത് വർഷത്തെ പലിശയാണെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ മറുപടി പറഞ്ഞു. എന്നാൽ, ടി തുക സംയുക്ത അക്കൗണ്ടിൽ മിച്ചമുണ്ടായിരുന്ന 10,000 രൂപയും അതിനു ലഭിച്ച പലിശയായ 11,775 രൂപയുമാണെന്ന് സമിതി നിരീക്ഷിച്ചു.

24. തുക അനുവദിക്കുവാൻ തീരുമാനമെടുത്ത വേളയിൽ പഞ്ചായത്ത് സെക്രട്ടറി ഒരു ഒബ്ജക്ഷൻ പോലും ഉന്നയിച്ചിട്ടില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, ഈയിനത്തിൽ നൽകിയ മുഴുവൻ തുകയും തിരിച്ചു പിടിക്കാൻ നിർദ്ദേശിച്ചു. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം സെക്രട്ടറി ഒബ്ജക്റ്റ് ചെയ്യുകയും ആയത് ഗവൺമെന്റിനെ അറിയിക്കുകയും 14 ദിവസത്തിനകം മറുപടി ലഭിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം പഞ്ചായത്തിന് പദ്ധതിയുമായി മുന്നോട്ട് പോകാം എന്നാണ് നിയമമെന്ന് തദവസരത്തിൽ ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

25. ടി സംഭവം നടന്നിട്ടെത്ര വർഷമായെന്നും അമ്പതിനായിരം രൂപ പലിശ സഹിതം ഇപ്പോൾ എത്ര തുക വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും പദ്ധതി വിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്ന തുക പ്ലാൻ ഫണ്ടിൽ തിരിച്ചടയ്ക്കണമെന്ന് സർക്കാർ ഉത്തരവില്ലേയെന്നും സമിതി ആരാഞ്ഞതിന് സംഭവം നടന്നിട്ട് 12 വർഷത്തോളമായെന്നും മൊത്തം പലിശ കണക്കാക്കിയിട്ടില്ലെന്നും പ്ലാൻ ഫണ്ടിൽ തിരിച്ചടയ്ക്കാൻ സർക്കാർ ഉത്തരവുണ്ടെങ്കിലും തിരിച്ചടയ്ക്കാതെ സംയുക്ത അക്കൗണ്ടിൽ നിന്നും ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ കിടക്കുകയാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതല്ലെന്നും ഡെവലപ്പ്മെന്റ് എക്സ്പെന്റീച്ചറിന് കൊടുത്ത തുക ഗവൺമെന്റ് അക്കൗണ്ടിലേക്കാണ് അടയ്ക്കേണ്ടതെന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കി ആയത് അവർക്ക് ഉപയോഗിക്കാൻ പറ്റില്ലെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

26. പദ്ധതി ലക്ഷ്യം കാണാത്തത് സംബന്ധിച്ച നിജസ്ഥിതി അന്വേഷിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക തിരിച്ചു പിടിക്കണമെന്ന് നിർദ്ദേശിച്ച സമിതി, അദ്ദേഹം റിട്ടയർ ചെയ്തെങ്കിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ആരാഞ്ഞു. പെൻഷനിൽ നിന്നും തുക തിരികെ പിടിക്കാം എന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിക്ക് ഉറപ്പുനൽകി. രജിസ്റ്റർ ചെയ്യാത്ത ഒരു സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയതെങ്ങനെയെന്നും അത്തരമൊരു സൊസൈറ്റിക്ക് തുക നൽകുവാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ പഞ്ചായത്ത് സെക്രട്ടറി വിയോജന കുറിപ്പ് എഴുതിയിട്ടുണ്ടോ എന്നും വിയോജനക്കുറിപ്പെഴുതിയിട്ടില്ലാത്തപക്ഷം ആയത് അന്വേഷിച്ച് പഞ്ചായത്തിന് വന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുവാൻ സ്വീകരിച്ച

അന്വേഷിച്ച് പഞ്ചായത്തിന് വന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു. കൂടാതെ, പ്ലാൻ ഫണ്ടുകളിൽ നിന്നും അനുവദിക്കപ്പെടുന്ന തുക ചെലവഴിക്കാതെ തിരിച്ചടയ്ക്കപ്പെടുമ്പോഴും പാഴ് ചെലവ് ദുർവിനിയോഗം എന്നിവയുടെ ഫലമായി ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കുമ്പോഴും ലഭിക്കുന്ന തുക പ്ലാൻ ഫണ്ടിൽ തിരിച്ചടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കുന്ന കീഴ്‌വഴക്കത്തിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാനും സമിതി ആവശ്യപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

27. **പദ്ധതി ലക്ഷ്യം കാണാത്തത് സംബന്ധിച്ച നിജസ്ഥിതി അന്വേഷിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക തിരിച്ചുപിടിച്ച് റിപ്പോർട്ട് ചെയ്യുവാനും പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക പദ്ധതി നടപ്പിലാക്കാതെ വരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കുന്ന കീഴ്‌വഴക്കത്തിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. അതിന് യാതൊരു മറുപടിയും നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല എന്നതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

28. **രജിസ്റ്റർ ചെയ്യിട്ടില്ലാത്ത സംഘത്തിന് തുക അനുവദിക്കുവാനുള്ള ഭരണ സമിതി തീരുമാനത്തോട് പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്നും സംഘത്തിന്റെ രജിസ്ട്രേഷൻ ഉറപ്പാക്കാതെയാണ് തുക നൽകിയതെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഈയിനത്തിൽ പദ്ധതിക്കായി അനുവദിച്ച തുകയിൽ തിരികെ ലഭിച്ച തുക കഴിച്ചുള്ള ബാക്കി തുക പലിശ സഹിതം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ടിൽ നിന്നും അനുവദിക്കപ്പെടുന്ന തുക ചെലവഴിക്കാതെ തിരിച്ചടയ്ക്കുമ്പോഴും പാഴ്ചെലവ്, ദുർവിനിയോഗം എന്നിവയുടെ ഫലമായി ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കുമ്പോഴുമുള്ള തുക പ്ലാൻ ഫണ്ടിൽ അടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്ന കീഴ്‌വഴക്കം ചട്ടവിരുദ്ധമാണെന്നും ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## പബ്ലിക് മാർക്കറ്റ്—ഗേറ്റ് ഫീസ് പിരിവ്—നിർത്തലാക്കൽ—ആവർത്തനനഷ്ടം

## 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(6)

കടയ്ക്കൽ പബ്ലിക് മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവ് 1-4-2001 മുതൽ നിർത്തലാക്കുന്നതിന് 22-11-2000-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. 1938-ൽ നടന്ന കർഷക സമരത്തിന്റെ ഭാഗമായി കടയ്ക്കൽ വിപ്ലവത്തിൽ ധാരാളം പേർക്ക് ദുരന്തങ്ങൾ ഉണ്ടായി എന്നും, തദവസരത്തിൽ ജീവിച്ചിരിക്കുന്നവരുടെയും പിൻതലമുറക്കാരുടെയും നിരന്തരമായ ആവശ്യപ്രകാരമാണ് കടയ്ക്കൽ പബ്ലിക് മാർക്കറ്റിലെ പിരിവ് നിർത്തലാക്കുന്നത് എന്നും മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1999-2000, 2000-01 വർഷങ്ങളിൽ യഥാക്രമം 2,50,000, 2,50,100 വീതം ഗേറ്റ് ഫീസ് ഇനത്തിൽ വരവ് ഉണ്ടായിരുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും, ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 3 പ്രകാരം നിലവിലുള്ള നികുതികൾ നിർത്തൽ ചെയ്യുന്നതിന് സർക്കാരിന്റെ അനുവാദം ആവശ്യമാണ്.

സർക്കാരിന്റെ അനുവാദത്തിനായി അപേക്ഷിച്ചിരുന്നുവെങ്കിലും 4-10-2001-ലെ 8592/എ 2/സി1/ത.ഭ.വ. നമ്പർ കത്തിലൂടെ ഗേറ്റ് ഫീസ് ഒഴിവാക്കികൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം അംഗീകരിക്കുവാൻ ആവില്ല എന്ന് സർക്കാർ വ്യക്തമാക്കുകയാണ് ഉണ്ടായത്. എന്നിട്ടും പഞ്ചായത്ത് കമ്മിറ്റി ഗേറ്റ് ഫീസ് ഒഴിവാക്കിയ നടപടിയിൽ ഉറച്ച് നിൽക്കുന്നതിനാൽ ഓരോ വർഷവും ഏറ്റവും കുറഞ്ഞത് 2,50,000 രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിന് സംഭവിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്—2006-2007 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.15.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. ചരിത്രപ്രസിദ്ധമായ കടയ്ക്കൽ വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ നിയമ നിഷേധത്തിന്റെ ഭാഗമായിട്ടായിരുന്നു സ്വാതന്ത്ര്യത്തിനുമുൻപ് ചുങ്കം പിരിവിനെതിരെ പ്രക്ഷോഭം നടന്നതെന്നും ഇപ്പോഴും അതേ നിലപാട് തുടരണമെന്ന് പറയുന്നത് ശരിയല്ലെന്നും ചൂണ്ടിക്കാട്ടിയ സമിതി ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം വീണ്ടും പബ്ലിക് മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവ് ആരംഭിച്ചിട്ടുണ്ടെന്നും നിരീക്ഷിച്ചു. ഇതിലൂടെ

സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്നും പ്രസ്തുത ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വിഭാഗം പരാമർശിക്കാനുണ്ടായ സാഹചര്യമെന്താണെന്നും സമിതി ആരാഞ്ഞു. പബ്ലിക് മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവ് നിർത്തിയതിലൂടെ ഭീമമായ നഷ്ടമാണ് ഉണ്ടായിരിക്കുന്നതെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പഞ്ചായത്തുകൾക്ക് സാമ്പത്തികമായ എല്ലാകാര്യങ്ങളിലും തീരുമാനമെടുക്കാമെന്നല്ലാതെ അത് നടപ്പിലാക്കണമെങ്കിൽ ഗവൺമെന്റിന്റെ അനുവാദം വേണമെന്നൊരു സർക്കുലർ പുറപ്പെടുവിക്കുന്നത് പരിശോധിക്കേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

30. സർക്കാരിന്റെ ഗൈഡ്‌ലൈൻസും നിർദ്ദേശങ്ങളും കർശനമായി പാലിക്കാൻ ബാധ്യതയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഇങ്ങനെയൊരു നിർദ്ദേശം കൊടുക്കുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാരിന്റെ പല നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തുകൾ പരിഗണിക്കുന്നതായോ പാലിക്കുന്നതായോ കാണാൻ കഴിയുന്നില്ലെന്നും ആയതിനാൽ ഇനി മുതൽ ഗ്രാമപഞ്ചായത്തുകൾ സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ നിർദ്ദേശം കർശനമായി പാലിക്കണമെന്നുള്ള സർക്കുലർ എല്ലാ പഞ്ചായത്തുകൾക്കും നൽകണമെന്നും നിർദ്ദേശിച്ചു. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഗവൺമെന്റ് അത്തരമൊരു മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് രാജ് നിയമപ്രകാരം ഇത്തരമൊരു ഉത്തരവിറക്കാൻ ബുദ്ധിമുട്ടാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

31. മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് നിർത്തിയതിലൂടെ സർക്കാരിന് ഭീമമായ നഷ്ടം വരുത്തിയ അധികൃതരുടെ നിലപാടിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, ഗേറ്റ് ഫീസ് പിരിവ് പുനരാരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

32. **സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പബ്ലിക് മാർക്കറ്റിന്റെ ഗേറ്റ് ഫീസ് പിരിവ് നിർത്തലാക്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഗേറ്റ് ഫീസ് പിരിവ് പുനരാരംഭിച്ച സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

33. **സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബാധ്യസ്ഥമായിരിക്കെ അവയ്ക്ക് ലഭിക്കേണ്ട ഫീസുകൾ, നികുതികൾ ചട്ടപ്രകാരം ലഭിക്കേണ്ട മറ്റുവരുമാനങ്ങൾ എന്നിവ ഏകപക്ഷീയമായി വേണ്ട എന്ന് തീരുമാനമെടുക്കുന്നത് അനുചിതവും സർക്കാരിന്റെ അനുമതിയില്ലാതെ**

**നടപ്പാക്കുന്നത് ചട്ടവിരുദ്ധവുമാണെന്ന് ഓർമ്മിപ്പിക്കുവാൻ സമിതി ആഗ്രഹിക്കുന്നു. ആയതിനാൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തികകാര്യങ്ങളിൽ സർക്കാരിന്റെ നിർദ്ദേശം പാലിക്കേണ്ടതാണെന്ന സർക്കുലർ നൽകുവാനും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിലെ കാലതാമസം**

കൊല്ലം ജില്ലയിലെ മിക്ക ഗ്രാമപഞ്ചായത്തുകളും വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരം വാങ്ങുന്നതിനും ഓഡിറ്റിന് സമർപ്പിക്കുന്നതിനും സമയക്ലിപ്തത പാലിച്ചു കാണുന്നില്ല. കണക്കുകൾ സമർപ്പിക്കുന്നതിന് വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്ന കേസുകളും ഉണ്ടാകുന്നുണ്ട്. ഇതുമൂലം സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനും നിയമപരമായി തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റിൽ നിന്ന് ലഭിക്കേണ്ട തിരുത്തൽ നടപടികൾ തുടർന്നുള്ള കാലങ്ങളിൽ സ്വീകരിക്കുന്നതിനും കഴിയാതെ വരുന്നു. കണക്ക് അയയ്ക്കുന്നതിലെ കാലതാമസത്തിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | സാമ്പത്തിക വർഷം | ഓഡിറ്റിൽ അയച്ചുതന്ന തീയതി | ഓഡിറ്റിൽ അയച്ചുതരേണ്ട തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | വെളിനെല്ലൂർ | 2002-03 | 5-4-2004 | 31-7-2003 |
| 2 | കടയ്ക്കൽ | 2001-02 | 26-9-2003 | 31-7-2002 |
| 3 | അലയമൺ | 2002-03 | 2-7-2004 | 31-7-2003 |
| 4 | ഇടമുളയ്ക്കൽ | 2002-03 | 22-12-2003 | 31-7-2003 |
| 5 | കല്ലുവാതുക്കൽ | 2002-03 | 22-10-2003 | 31-7-2003 |
| 6 | ഇളമ്പള്ളൂർ | 2001-02 | 16-9-2003 | 31-7-2002 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 7 | പേരയം | 2001-02 | 31-3-2006 | 31-7-2002 |
| 8 | പേരയം | 2002-03 | 31-3-2006 | 31-7-2003 |
| 9 | ഇളമ്പള്ളൂർ | 2002-03 | 5-10-2004 | 31-7-2003 |
| 10 | തൃക്കോവിൽവട്ടം | 2003-04 | 3-6-2006 | 31-7-2004 |
| 11 | കണ്ടറ | 2002-03 | 6-3-2004 | 31-7-2003 |
| 12 | കിഴക്കേകല്ലട | 2003-04 | 23-5-2005 | 31-7-2004 |
| 13 | ചാത്തന്നൂർ | 2002-03 | 10-11-2003 | 31-7-2003 |
| 14 | ഇളമ്പള്ളൂർ | 2003-04 | 20-3-2006 | 31-7-2004 |
| 15 | മയ്യനാട് | 2003-04 | 10-7-2006 | 31-7-2004 |
| 16 | മയ്യനാട് | 2002-03 | 27-5-2005 | 31-7-2003 |
| 17 | ആദിച്ചനല്ലൂർ | 2001-02 | 11-4-2003 | 31-7-2002 |
| 18 | മയ്യനാട് | 2000-01 | 5-1-2005 | 31-7-2001 |
| 19 | മയ്യനാട് | 2001-02 | 5-1-2005 | 31-7-2002 |
| 20 | പന്മന | 2001-02 | 24-1-2005 | 31-7-2002 |
| 21 | വിളക്കുടി | 2001-02 | 3-4-2003 | 31-7-2002 |
| 22 | വിളക്കുടി | 2002-03 | 10-4-2004 | 31-7-2003 |
| 23 | പത്തനാപുരം | 2002-03 | 3-7-2004 | 31-7-2003 |
| 24 | പത്തനാപുരം | 2001-02 | 28-6-2003 | 31-7-2002 |
| 25 | ചവറ | 2004-05 | 24-2-2006 | 31-7-2005 |
| 26 | കുലശേഖരപുരം | 2003-04 | 4-10-2004 | 31-7-2004 |
| 27 | കുന്നത്തൂർ | 2003-04 | 2-12-2005 | 31-7-2004 |
| 28 | ആലപ്പാട് | 2001-02 | 31-7-2003 | 31-7-2002 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2006-07 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.1 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് എല്ലാ പഞ്ചായത്തുകളും വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകാരം വാങ്ങുന്നുണ്ടെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. ഒരു വർഷത്തിനുള്ളിലെങ്കിലും ഗ്രാമപഞ്ചായത്തുകൾ വാർഷിക കണക്കുകൾ സമർപ്പിക്കണമെന്നും മിക്കവാറും ഓഡിറ്റ് റിപ്പോർട്ടുകൾ അഞ്ച് വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്നതു കൊണ്ട് പരാമർശിത കാലയളവിലെ സെക്രട്ടറി ആരാണെന്നോ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്നോ അറിയാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ കൃത്യമായ വാർഷിക കണക്കുകൾ സമർപ്പിക്കണമെന്നും ഓഡിറ്റിംഗ് പൂർത്തിയാക്കണമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

35. 2011-2012 വർഷത്തിൽ കൊല്ലം ജില്ലയിലെ 70 പഞ്ചായത്തുകളിൽ 33 എണ്ണത്തിലും ഓഡിറ്റ് പൂർത്തിയായിക്കഴിഞ്ഞുവെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കി. ബാക്കിയുള്ള പഞ്ചായത്തുകളുടെ ഓഡിറ്റ് എന്ന് പൂർത്തിയാകും എന്ന ചോദ്യത്തിന് 31-5-2013-ന് മുമ്പ് പൂർത്തീകരിക്കാമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

36. **വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരം വാങ്ങി ഓഡിറ്റിന് സമർപ്പിക്കുന്നതിന് സമയക്ലിപ്തതയില്ലാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനോ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനോ ഓഡിറ്റിൽ നിന്നും ലഭിക്കേണ്ട തിരുത്തലുകൾ സ്വീകരിക്കാനോ കഴിയാതെ വരുന്നതായി സമിതി നിരീക്ഷിക്കുന്നു. 1997-98-ൽ ജനകീയാസൂത്രണം നിലവിൽ വന്നതോടെ പഞ്ചായത്തുകൾക്ക് വിവിധ തരത്തിലുള്ള ഫണ്ടുകൾ ലഭിക്കുകയും ആയതിലേക്കായി ഒന്നിലേറെ ക്യാഷ് ബുക്കുകൾ കൈകാര്യം ചെയ്യേണ്ടി വന്നതും ജീവനക്കാരുടെ പരിചയക്കുറവും കാരണം കണക്കുകൾ യഥാസമയം തയ്യാറാക്കാൻ കഴിയാതെ വന്നതാണെന്നും പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നതോടെ എല്ലാ ഗ്രാമപഞ്ചായത്തുകളും കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നതായും സർക്കാർ മറുപടിയിൽ വ്യക്തമാക്കുന്നു. നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുശാസിക്കും പ്രകാരം വാർഷിക കണക്കുകൾ തയ്യാറാക്കണമെന്നും അവ സമയബന്ധിതമായി**

**ഓഡിറ്റിന് സമർപ്പിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബഡ്ജറ്റ് തയ്യാറാക്കുന്നതിലെയും പാലിക്കുന്നതിലെയും വീഴ്ചകൾ**

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും ബഡ്ജറ്റ് പ്രൊവിഷനുകൾ പാലിക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് ഗ്രാമപഞ്ചായത്തുകളിൽ കണ്ടുവരുന്നത്. വിവിധ ഘട്ടങ്ങളിൽ ബഡ്ജറ്റ് സംബന്ധിച്ച നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങളോ സമയപരിധിയോ പാലിക്കുകയോ, അവ പാലിക്കുന്നതിലുള്ള നടപടി ക്രമങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ സൂക്ഷിക്കുകയോ ചെയ്തു കാണുന്നില്ല. ബഡ്ജറ്റിൽ തുകകൾ വകയിരുത്തുന്നതിലും യാഥാർത്ഥ്യ ബോധത്തോടെയോ രേഖകളുടെ പിൻബലത്തോടെയോ ഉള്ള സമീപനമല്ല സ്വീകരിച്ചു കാണുന്നത്. ഊതിപ്പെരുപ്പിച്ചതും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതുമായ രീതിയിൽ വരവ് തുകകൾ പ്രതീക്ഷിക്കുകയും അതിനനുസരിച്ച് വൻതോതിൽ ചെലവ് തുകകൾ വകയിരുത്തുകയുമാണ് പ്രായേണ ചെയ്തു കാണുന്നത്. നിശ്ചിത ഡിമാന്റുള്ള കെട്ടിട നികുതി മുതലായ വരവ് ഇനങ്ങളിൽപോലും ഡിമാന്റുമായി ഒരു ബന്ധവുമില്ലാത്ത രീതിയിൽ ഉയർന്ന തുക ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നത് ഇക്കാര്യത്തിലുള്ള യാഥാർത്ഥ്യ ബോധമില്ലായ്മയ്ക്ക് ഉത്തമ ഉദാഹരണമാണ്.

അംഗീകരിച്ച ബഡ്ജറ്റിലെ വരവുചെലവ് തുകകളുടെ അന്തരം വെളിവാക്കുന്ന ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | വർഷം | ബഡ്ജറ്റ് വരവ് (രൂപ) | ബഡ്ജറ്റ് ചെലവ് (രൂപ) | യഥാർത്ഥ വരവ് (രൂപ) | യഥാർത്ഥ ചെലവ് (രൂപ) |
|---|---|---|---|---|---|---|
| 1 | കടയ്ക്കൽ | 2001-02 | 7,41,98,103 | 6,95,00,000 | 1,70,39,819.80 | 1,57,95,575.00 |
| 2 | ചാത്തന്നൂർ | 2002-03 | 6,58,17,000 | 6,07,14,000 | 2,31,01,964.00 | 2,10,76,705.50 |
| 3 | ആദിച്ചനല്ലൂർ | 2001-02 | 2,07,94,000 | 2,08,76,000 | 1,09,07,142.58 | 1,21,56,663.33 |

അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നീക്കിവെച്ചിട്ടുള്ളതിൽ നിന്നും അധികരിച്ച് യാതൊരു ചെലവുകളും പഞ്ചായത്ത് നടത്താൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് നിയമം 214(8)-ാം വകുപ്പ് അനുശാസിക്കുന്നു. എന്നാൽ ബഡ്ജറ്റ് പ്രൊവിഷൻ

അധികരിച്ച് ചെലവ് നടത്തിയിട്ടുള്ള ചില കേസുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | വർഷം | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച ചെലവ് (രൂപ) | യഥാർത്ഥ ചെലവ് (രൂ) |
|---|---|---|---|---|
| 1 | ഏരൂർ | 2000-01 | 1,48,21,000.00 | 1,60,30,691.82 |
| 2 | അഞ്ചൽ | 2003-04 | 1,66,04,500.00 | 3,03,83,312.10 |
| 3 | തൃക്കോവിൽവട്ടം | 2003-04 | 2,26,14,500.00 | 2,41,73,148.00 |
| 4 | പൂതക്കുളം | 2003-04 | 1,41,90,000.00 | 2,11,21,542.15 |
| 5 | പേരയം | 2000-01 | 86,88,000.00 | 87,04,295.18 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്—2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

37. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത് വ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചിട്ടാണെന്ന ഗവൺമെന്റ് മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം നീക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

38. **യാഥാർത്ഥ്യ ബോധമില്ലാതെ ബഡ്ജറ്റ് തയ്യാറാക്കുന്നതുമൂലമുള്ള അപാകതകൾ പരിഹരിക്കുന്നതിനായി പഞ്ചായത്തുകൾ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ നടത്തുന്നുണ്ടെന്നും നിലവിൽ എല്ലാ പഞ്ചായത്തുകളും വ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇപ്പോഴും നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെട്ടുപോകുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ഇത് പരിഹരിക്കുവാനാവശ്യമായ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അവ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാനും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. സർക്കാരിന്റെ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികതി/നികതിയേതര ഇനങ്ങളിൽ ഭീമമായ തുകകൾ വർഷങ്ങൾ കഴിഞ്ഞും ഈടാക്കവാൻ കടിശ്ശികയായി നിലനിൽക്കന്നു**

പല ഗ്രാമപഞ്ചായത്തുകളിലും നികതി/നികതിയേതര വരുമാന ഇനങ്ങളിൽ ലക്ഷക്കണക്കിന് രൂപ കടിശ്ശികയായി പിരിച്ചെടുക്കവാൻ അവശേഷിക്കുന്നതായി കാണുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ഈ തുകകൾ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടുകളിലേക്ക് മുതൽ കൂട്ടുന്നതിലുള്ള ഫലപ്രദമായ നടപടികൾ പഞ്ചായത്തുകളുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ ഈടാക്കുന്നതിന് യഥാസമയം ചട്ടപ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകൽ കേരള പഞ്ചായത്ത് രാജ് നിയമം 210-ാം വകുപ്പ് അനുസരിച്ച് വാറന്റ് പ്രകാരം ജംഗമ ജപ്തി, പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികൾ ഇവയൊന്നും യഥാസമയം സ്വീകരിക്കുന്നില്ല. ഇതുമൂലം പഞ്ചായത്തിന് വൻതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | വർഷം | ഖണ്ഡിക | ഇനം | തുക (രൂപ) |
|---|---|---|---|---|
| ഓച്ചിറ | 2002-03 | 2(7) | കെട്ടിട വാടക | 1,46,950.76 |
| പടിഞ്ഞാറെ കല്ലട | 2001-02 | DCB പത്രിക | തൊഴിൽക്കരം | 62,320 |
| തൊടിയൂർ | 2002-03 | DCB പത്രിക | കെട്ടിട നികതി | 4,63,212 |
| കുന്നത്തൂർ | 2003-04 | DCB പത്രിക | കെട്ടിട നികതി | 2,07,361.50 |
| കുന്നത്തൂർ | 2003-04 | DCB പത്രിക | തൊഴിൽ നികതി | 59,600 |
| ഓച്ചിറ | 2003-04 | DCB പത്രിക | കെട്ടിട വാടക | 1,76,220.76 |
| പത്തനാപുരം | 2001-02 | 2(4) | കെട്ടിട വാടക | 17,865 |
| എഴുകോൺ | 2003-04 | 2(1) | കെട്ടിട വാടക | 77, 424.60 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്—2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

39. നികുതി/നികുതിയേതര വരുമാനങ്ങളിൽ ഭീമമായ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് തീവ്രയത്നം നടത്തുകയും നിലവിൽ 100% നികുതി പിരിവ് എന്ന നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്ന മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം നീക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

40. **നികുതി/നികുതിയേതര വരുമാനത്തിലെ ഇനങ്ങളിൽ കുടിശ്ശികയായി കിടന്ന ലക്ഷക്കണക്കിനു രൂപ പിരിക്കുന്നതിന് തീവ്രയത്നം നടത്തുകയും ജില്ലയിലെ 23 പഞ്ചായത്തുകളിൽ 100% നികുതി പിരിവ് എന്ന നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്നും അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടിശ്ശികയും പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണെന്നുമുള്ള സർക്കാർ മറുപടി ബോദ്ധ്യപ്പെടുന്നതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്ക് ആനുകൂല്യം നൽകി**

1994-ലെ പഞ്ചായത്ത് രാജ് ആക്ടിലെ 3 എ(1) (സി) വകുപ്പ് പ്രകാരം യോഗ്യരായ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത് ഗ്രാമസഭകളുടെ അധികാരമാണ്. ഇപ്രകാരമുള്ള ലിസ്റ്റിൽ യാതൊരു ഭേദഗതിയും വരുത്താനോ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യങ്ങൾ നൽകാനോ പാടില്ലെന്ന് കാലാകാലങ്ങളിൽ ജനകീയാസൂത്രണ/കേരള വികസന പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങളിലും സർക്കാർ ഉത്തരവുകളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമസഭ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽ പേര് ചേർത്തിട്ടില്ലാത്ത പലർക്കും വിവിധ ആനുകൂല്യങ്ങൾ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ 2006-07 വർഷം പുറപ്പെടുവിച്ചിട്ടുള്ള ഇത്തരം പരാമർശങ്ങളിൽ ഏതാനും ചിലവ ചുവടെ ചേർക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | വർഷം | ഖണ്ഡിക | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗുണ ഭോക്തൃലിസ്റ്റിൽ പ്പെടാത്തവർക്ക നൽകിയ ആകെ തുക (രൂപ) |
|---|---|---|---|---|---|
| 1. പേരയം | 1999-00 | 3(7) | പമ്പ് സെറ്റ് സ്ഥാപിക്കൽ | കൃഷി ഓഫീസർ | 4,900 |
| 2. പേരയം | 1999-00 | 3(9) | ജനകീയ പാർപ്പിട പദ്ധതി | വി.ഇ.ഒ. | 31,500 |
| 3. പനയം | 2002-03 | 3(9) | ഭവന നിർമ്മാണ പദ്ധതി | എൽ.വി.ഇ.ഒ. | 70,000 |
| 4. ശൂരനാട് വടക്ക് | 2003-04 | 3(7) | വികലാംഗർക്ക് ബങ്ക് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1,09,040 |
| | | | | ആകെ | 2,15,440 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

41. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ചും ഗ്രാമസഭ അംഗീകരിക്കാത്ത ലിസ്റ്റിന് അംഗീകാരം ലഭിച്ചതെങ്ങനെയെന്നും സമിതി ആരാഞ്ഞതിന് ഗ്രാമസഭയുടെ അംഗീകാരത്തോടെ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റുകളിൽ സുതാര്യത നിലനിർത്താറുണ്ടെങ്കിലും അതിനു വിരുദ്ധമായിട്ടാണ് ഇവിടെ സംഭവിച്ചിരിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറി അറിയിച്ചു.

42. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഗ്രാമസഭയുടെ അംഗീകാരത്തോടെയുള്ള ലിസ്റ്റുകൾ മാത്രം സ്വീകരിച്ചാൽ മതിയെന്നും സർക്കാർ തീരുമാനത്തിനു വിരുദ്ധമായുള്ള നടപടികൾ

സ്വീകരിക്കുന്നത് അവസാനിപ്പിക്കണമെന്നുള്ള കർശന നിർദ്ദേശം എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

43. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാനുള്ള അധികാരം ഗ്രാമസഭകൾക്കാണുള്ളതെന്നും ആയതിനാൽ ഭരണഘടന ലംഘനമാണിവിടെ നടന്നതെന്നും നിയമവിരുദ്ധമായി നടത്തിയ ഇത്തരമൊരു നടപടിക്ക് വളരെ നിരുത്തരവാദപരമായ വിശദീകരണമാണ് ഗ്രാമപഞ്ചായത്തുകൾ നൽകിയിരിക്കുന്നതെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

44. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകാൻ തീരുമാനമെടുത്ത ഉദ്യോഗസ്ഥൻ ആരാണെന്നും ടിയാനെതിരെ എന്ത് നടപടി സ്വീകരിക്കാമെന്നും സമിതി ആരാഞ്ഞതിന് നിർവ്വഹണ ഉദ്യോഗസ്ഥനാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നതെന്നും എന്നാൽ പ്രസ്തുത വ്യക്തികൾ ഗ്രാമസഭയുടെ ലിസ്റ്റിലും പഞ്ചായത്തിന്റെ മിനിട്സിലും ഉൾപ്പെട്ടവരാണെന്നും ഓഡിറ്റ് സമയത്ത് അന്നത്തെ നിർവ്വഹണോദ്യോഗസ്ഥന് ആയത് കാണിക്കാൻ കഴിയാതെയിരുന്നതാണെന്നും 26-3-2012-ലെ ഓഡിറ്റ് അദാലത്തിൽ പ്രസ്തുത വിഷയം ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വിഷയം സംബന്ധിച്ച വിശദീകരണം അദാലത്തിൽ ബോദ്ധ്യപ്പെടുത്തിയാൽ മതിയാകില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സ്ഥലപരിശോധനാ റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പഞ്ചായത്തുകളിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച വിശദാംശങ്ങളും സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടു. സമിതി നിർദ്ദേശ പ്രകാരം 21-5-2014-ലെ എൽ. എഫ്. 25712/സ്പെ.സെൽ.ജി2/12 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

45. പേരയം ഗ്രാമപഞ്ചായത്ത്

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| പേരയം ഗ്രാമപഞ്ചായത്തിലെ 1999-2000 വർഷത്തെ കാർഷികാവശ്യത്തിന്, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് 2000-01-ൽ സ്പിൽ ഓവറായി നടപ്പാക്കിയപ്പോൾ 1-7-2000-ലെ I(5)-ാം തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി മുൻതീരുമാനങ്ങളിൽ ഉൾപ്പെടുത്താതിരുന്നവരുടെയും എന്നാൽ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവരും എന്ന് കണ്ടെത്തിയ കുറച്ച് പേരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ അടുത്ത ഗ്രാമസഭയിൽ ഈ തീരുമാനത്തിന് അംഗീകാരം വാങ്ങിയതായി കാണാൻ സാധിച്ചിട്ടില്ല. ശ്രീ. രാമചന്ദ്രൻ നായർ എന്ന കർഷകന് പദ്ധതിയുടെ ഗുണഭോക്താവാകുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന എല്ലാ അർഹതയും ഉണ്ടെന്ന്, പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ആനുകൂല്യം അനുവദിച്ചത്. പേരയം ഗ്രാമപഞ്ചായത്തിലെ 1999-2000 വർഷത്തെ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള അഡീഷണൽ തുക ഉപയോഗിച്ച് 1999-2000 വർഷത്തെ ഭവന പദ്ധതിയുള്ള ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റിൽ നിന്നും ശ്രീ. ജോസഫ് അഗസ്റ്റിൻ എന്നയാളെ 1-7-2000-ലെ I(1)-ാം നമ്പർ തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമസേവിക നേരിട്ട് നടത്തിയ അന്വേഷണത്തിൽ ടിയാൻ ദരിദ്രനും രണ്ട് പെൺകുട്ടികളുടെ പിതാവും അതിൽ മൂത്തകുട്ടി വികലാംഗയുമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് felt need-നെ base ചെയ്ത് ആനുകൂല്യം നൽകിയത്. | ശ്രീ. രാമചന്ദ്രൻ നായർ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയാണ്. തുടർന്നുള്ള ഗ്രാമസഭകളിൽ ടിയാനെ ഗുണഭോക്താവായി അംഗീകരിച്ചതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 15-1-2011-ലെ കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ക്യൂ/പി6/1428/2010-ാം നമ്പർ കത്ത് പ്രകാരം ടി ഖണ്ഡികയിലെ നഷ്ടം വകുപ്പുതല നടപടിയിലൂടെ ശ്രീ. കെ. എം. വിപിനേന്ദ്രൻ, സെക്രട്ടറിയിൽ നിന്ന് ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ടിയാന് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയെങ്കിലും തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.<br>ശ്രീ. ജോസഫ് അഗസ്റ്റിൻ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളാണ്. തുടർന്നുള്ള ഗ്രാമസഭകളിൽ ടിയാനെ ഗുണഭോക്താവായി അംഗീകരിച്ചതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പരാമർശത്തിൽ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

## 46. പനയം ഗ്രാമപഞ്ചായത്ത്

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| ഭവനനിർമ്മാണ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ ശ്രീമതി ജാനകി, ശ്രീ. സുരേഷ് എന്നീ ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകാരം ലഭിച്ച വ്യക്തികളാണ്. 30-1-2012-ലെ 1(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ഗുണഭോക്തൃ ലിസ്റ്റ് പ്രിന്റ് ചെയ്തപ്പോൾ അബദ്ധത്തിൽ ആയത് വിട്ടുപോവുകയായിരുന്നു. പഞ്ചായത്ത് സമിതി അംഗീകരിച്ച ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. | ഗ്രാമപഞ്ചായത്തിന്റെ 30-1-2002-ലെ I(2)-ാം നമ്പർ തീരുമാന പ്രകാരമാണ് ശ്രീമതി ജാനകി, പുത്തൻ പുരയ്ക്കൽ ശ്രീ. സുരേഷ്, നമ്പിടിയഴികത്ത് എന്നീ രണ്ട് വ്യക്തികൾക്കും ആനുകൂല്യം അനുവദിച്ചത്. ഗ്രാമപഞ്ചായത്തിന്റെ മറുപടിയിൽ ടി ഗുണഭോക്താക്കളുടെ പേര് ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ വിട്ടുപോയതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ടി ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ മറുപടിയുടെ ആധികാരിത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം അറിയിക്കുന്നു. |

## 47. ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കളിൽ ഒരാൾ ഒഴികെ മറ്റാർക്കും ബങ്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിക്കുകയുണ്ടായില്ല. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന്റെ സമയക്കുറവ് കാരണം പത്രപ്പരസ്യം നൽകി പട്ടികജാതി വികലാംഗരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഗുണഭോക്തൃ ലിസ്റ്റിലുള്ള ഒരാളും പുതുതായി ലഭിച്ച ഒമ്പത് അപേക്ഷകരും ഉൾപ്പെടെ പത്ത് പേർക്ക് വികലാംഗ ബങ്ക് നൽകിയിട്ടുള്ളതാണ്. അവശേഷിക്കുന്ന രണ്ട് വികലാംഗ ബങ്ക് കൈപ്പറ്റാൻ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ ആയവ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കുടുംബക്ഷേമ യൂണിറ്റിൽ സൂക്ഷിച്ചിട്ടുണ്ട്. | സ്വീകരിച്ച നടപടിയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിതരണം ചെയ്യപ്പെടാത്ത രണ്ട് ബങ്കുകൾ പഞ്ചായത്തിലെ പാതിരിക്കൽ കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ടി ബങ്കുകൾ രണ്ടും ഉപയോഗിക്കപ്പെടാനാവാത്തവിധം ജീർണ്ണാവസ്ഥയിലാണ് എന്ന് നേരിട്ടുള്ള സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു. |

### നിഗമനങ്ങൾ/ശിപാർശകൾ

48. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികൾക്കും ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമസഭ അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത വ്യക്തികളെ ജനപ്രതിനിധികളുടെയോ ഉദ്യോഗസ്ഥരുടെയോ ഭരണസമിതിയുടെയോ നിർദ്ദേശപ്രകാരമോ ശിപാർശയുടെ അടിസ്ഥാനത്തിലോ തീരുമാനത്തിന്റെ വെളിച്ചത്തിലോ ഉൾപ്പെടുത്തുന്നത് ചട്ടവിരുദ്ധവും മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവും ഗ്രാമസഭയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റവുമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിയാനുകൂല്യത്തിന് യഥാർത്ഥത്തിൽ അർഹരായ വ്യക്തികളാണെങ്കിൽപോലും നടപടിക്രമത്തിലുണ്ടാകുന്ന ഇത്തരം വീഴ്ച ആനുകൂല്യവിതരണവും ആയത് കൈപ്പറ്റിയതും ഓഡിറ്റ് തടസ്സത്തിലേക്കും മറ്റ് നടപടികളിലേയ്ക്കും നീങ്ങുന്ന സാഹചര്യത്തിലേക്കാണ് നയിക്കുന്നത്. ഗ്രാമസഭാ തലത്തിൽതന്നെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കുറ്റമറ്റ രീതിയിൽ ലിസ്റ്റ് തയ്യാറാക്കുന്നപക്ഷം സാങ്കേതികമായ പിഴവുകളുടെ പേരിൽ ഉദ്യോഗസ്ഥൻ നടപടി നേരിടേണ്ടിവരികയോ തുക തിരികെ അടയ്ക്കേണ്ടി വരികയോ ചെയ്യുന്ന സാഹചര്യം ഉണ്ടാകില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു.

### പേരയം ഗ്രാമപഞ്ചായത്ത്

49. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദാംശം നൽകാൻ സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ പുനഃപരിശോധന റിപ്പോർട്ടിൽ പേരയം ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ പേരില്ലാത്ത വ്യക്തിക്ക് കാർഷികാവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ആനുകൂല്യം നൽകിയ കൃഷി ഓഫീസറുടെയും ഭവനനിർമ്മാണത്തിന് തുക നല്കിയ ഗ്രാമ സേവികയുടെയും നടപടി ഉചിതമല്ല എന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത രണ്ട് പദ്ധതികൾക്കും ടി വ്യക്തികൾക്ക് നൽകിയ ആനുകൂല്യങ്ങൾ ചട്ടവിരുദ്ധമായി നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടതുക ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### പനയം ഗ്രാമപഞ്ചായത്ത്

50. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും 30-1-2002-ലെ (2)-ാം നമ്പർ തീരുമാനം ഉൾക്കൊള്ളുന്ന മിനിട്സും ഓഡിറ്റിന് സമർപ്പിച്ച് ബോദ്ധ്യപ്പെടുത്താനും ആയതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃ

**ലിസ്റ്റ് പ്രകാരം മാത്രമേ ആനുകൂല്യങ്ങൾ നൽകാവൂ എന്ന കർശന നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

## ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

51. **ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കളിൽ ഒരാൾക്ക് മാത്രമേ ബങ്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചിരുന്നുള്ളൂ എന്നും ആയതിനാൽ പത്രപരസ്യം നൽകി പട്ടികജാതിക്കാരായ വികലാംഗരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 9 അപേക്ഷകർക്കും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഒരാളും ഉൾപ്പെടെ 10 പേർക്ക് വികലാംഗ ബങ്ക് നൽകിയിട്ടുണ്ടെന്നും അവശേഷിക്കുന്ന 2 വികലാംഗ ബങ്ക് കൈപ്പറ്റാൻ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ ആയത് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കുടുംബക്ഷേമ യൂണിറ്റിൽ സൂക്ഷിക്കുകയാണെന്നും സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതിയ്ക്ക് ബോദ്ധ്യമാകുന്നു. പ്രസ്തുത വസ്തുതകൾ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല**

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്തു പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(7) പ്രകാരം മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയുടെ 25% തുക (പരമാവധി 1,00,000) ഗുണഭോക്തൃ സമിതിയുടെ കൺവീനർക്ക് മുൻകൂറായി നൽകുവാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഇപ്രകാരം നൽകുന്ന മുൻകൂർ തുക പാർട്ട് ബില്ലുകളിൽ നൽകുന്ന തുകയിൽ നിന്നും ആനുപാതികമായും ഫൈനൽ ബില്ലിൽ നിന്നും മുഴുവനായും തിരിച്ചുപിടിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്ന പല കൺവീനർമാരും മുൻകൂറുകൾ കൈപ്പറ്റി പണി ഏറ്റെടുക്കാതെയോ ഭാഗികമായി മാത്രം പൂർത്തിയാക്കുകയോ ചെയ്തു പിൻമാറുന്നതായി കാണുന്നു. ഇപ്രകാരമുള്ള ഗുണഭോക്തൃ സമിതികളുടെയും കൺവീനർമാരുടെയും പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുവാനും റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള മുൻകൂറുകൾ പലിശ സഹിതം തിരിച്ചുപിടിക്കുവാനും കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും [27-3-2003-ലെ 10703/ഡി.പി.1/03/തസ്വഭവ. 16-4-2005-ലെ സ.ഉ.(എംഎസ്.)97/05, 8-7-2005-ലെ 8908/ഡി.പി.3/05/തസ്വഭവ. 16-5-2002-ലെ 15687/ഡിപി1/02 തസ്വഭവ. മുതലായ സർക്കുലറുകൾ] ധാരാളം തുകകൾ ഇപ്പോഴും

ഗുണഭോക്തൃ സമിതികളിൽ നിന്നും തിരിച്ചുപിടിക്കുവാൻ ശേഷിക്കുന്നുണ്ട്. 2006-07 വർഷം പുറപ്പെടുവിച്ച കൊല്ലം ജില്ലയിലെ പഞ്ചായത്തുകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത്തരത്തിലുള്ള പരാമർശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | വർഷം | ഖണ്ഡിക | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഏരൂർ | 2001-02 | 3.5 | മോട്ടോർ സ്ഥാപിക്കലും പമ്പ്ഹൗസ് നിർമ്മാണവും | 8,000 |
| 2 | ഏരൂർ | 2001-02 | 3.6 | ഐ. സി. ഡി. സി. സബ്സെന്റർ കിണർനിർമ്മാണം വിദ്യുച്ഛക്തി എടുക്കൽ, ഫർണിച്ചർ വാങ്ങൽ | 9,000 |
| 3 | കടയ്ക്കൽ | 2001-02 | 3.16 | ഇടത്തറ വരയറ റോഡ് പുനരുദ്ധാരണം | 9,500 |
| 4 | ഏരൂർ | 2000-01 | 3.4 | ആഡിറ്റോറിയം നിർമ്മാണം | 1,00,000 |
| 5 | ചാത്തന്നൂർ | 2002-03 | 3.19 | മരാമത്ത് പണികൾ | 5,49,873 |
| 6 | ഇളമ്പള്ളൂർ | 2003-04 | 3.4 | മരാമത്ത് പണികൾ | 40,000 |
| 7 | ഇളമ്പള്ളൂർ | 2003-04 | 3.10 | മരാമത്ത് പണികൾ | 2,73,400 |
| 8 | തൃക്കടവൂർ | 2001-02 | 3.4 | മരാമത്ത് പണികൾ | 4,40,000 |
| 9 | വിളക്കുടി | 2001-02 | 3.15 | മരാമത്ത് പണികൾ | 2,50,000 |
| 1 | 2 | 3 | 4 | 5 | 6 |
| 10 | ആലപ്പാട് | 2002-03 | 3.5 | മരാമത്ത് പണികൾ | 35,194 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 11 | മേലില | 2001-02 | 3.6 | ഹോമിയോ ആശുപത്രി കെട്ടിടനിർമ്മാണം | 30,000 |
| 12 | ഉമ്മന്നൂർ | 2000-01 | 3.7 | മരാമത്ത് പണികൾ | 1,09,741 |
| 13 | ഉമ്മന്നൂർ | 2001-02 | 3.8 | കിണർ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ | 59,500 |
| | | | | ആകെ | 19,14,208 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്-2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.11.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

52. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട വിഷയത്തിൽ 13 പഞ്ചായത്തുകളിലായി 19,14,108 രൂപ ക്രമപ്പെടുത്താനുണ്ട് എന്ന് കണ്ടെത്തിയ സമിതി എത്ര രൂപ മുൻകൂറായി കൊടുത്തിട്ടുണ്ടെന്ന് ആരാഞ്ഞു. 10 ശതമാനം തുക മുൻകൂറായി കൊടുക്കുവാൻ വ്യവസ്ഥയുണ്ടെന്നും ഗ്രാമപഞ്ചായത്തുകളിലെ പണി എടുക്കുന്ന പല കൺവീനർമാരും മുൻകൂറായി തുക കൈപ്പറ്റി ഭാഗികമായി പണി ചെയ്തതിനുശേഷം പിൻമാറുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നുണ്ടെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

53. ഏതെല്ലാം കേസുകളിലാണ് ആർ.ആർ. നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ളതെന്നും എത്ര കേസിൽ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞതിന്, മുൻകൂർ വാങ്ങി പിൻമാറിയ എല്ലാ കേസുകളിലും ആർ.ആർ. നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടെന്ന് തൃക്കടവൂർ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കടയ്ക്കൽ, ആലപ്പാട് തുടങ്ങിയ പഞ്ചായത്തുകളിൽ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

54. മുൻകൂർ നൽകിയ തുക എന്തുകൊണ്ടാണ് പാർട്ട് ബില്ലിൽ അഡ്ജസ്റ്റ് ചെയ്യാതിരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് പാർട്ട് ബിൽ കൊടുത്തിരുന്നില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പാർട്ട് ബില്ലിൽ ആനുപാതികമായിട്ടും

ഫൈനൽ ബില്ലിൽ പൂർണ്ണമായും മുൻകൂർ നൽകിയ തുക തിരികെ പിടിക്കണമെന്നുള്ളതാണ് വ്യവസ്ഥ എന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

55. വീഴ്ചകൾ വരുത്തിയ കോൺട്രാക്ടർമാർ, കൺവീനർമാർ എന്നിവർക്കെതിരെ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, മുൻകൂറായി നൽകിയ തുക തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

56. മുൻകൂറായി തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിക്കാത്ത കൺവീനർമാരുടെയും കോൺട്രാക്ടർമാരുടെയും വിവരവും അവരിൽ എത്രപേർക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കാൻ സാധിക്കുമെന്നതിന്റെയും വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 21-5-2014-ലെ എൽ. എഫ്. 25712/സ്പെ.സെൽ.ജി2/12 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിരിക്കുന്ന സർക്കാർ മറുപടിയും സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

57. ഏരൂർ ഗ്രാമപഞ്ചായത്ത്

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| പണി 2004-05 സ്പിൽഓവറായി പൂർത്തീകരിച്ച് 25-5-2005-ന് 3076-ാം നമ്പർ ചെക്ക് പ്രകാരം 25,203 രൂപ കൺവീനർ കൈപ്പറ്റിയിട്ടുള്ളതാണ്. കിണർ നിർമ്മാണം പുരോഗമിച്ചുവരവെ തുടർന്ന് പാറ കണ്ടെത്തിയതിനാൽ ടി പണി പൂർത്തീകരിക്കുവാൻ കഴിയാതെവന്നു. ടി പ്രവൃത്തിക്ക് അഡ്വാൻസായി കൈപ്പറ്റിയ 9,000 രൂപ കൺവീനർ ഏറ്റെടുത്ത് പൂർത്തീകരിച്ച മറ്റൊരു പ്രവൃത്തിയായ "മണലിപച്ച മാർക്കറ്റ് കെട്ടിടത്തിന് ഷട്ടർ നിർമ്മാണം" എന്നതിന്റെ ഫൈനൽ പേയ്മെന്റ് ബില്ലിൽ നിന്നും 30-3-2002-ലെ 162686 നമ്പർ ചെക്ക് പ്രകാരം തിരിച്ചുപിടിച്ചിട്ടുണ്ട്. | പണി പൂർത്തീകരിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പണി പൂർത്തീകരിച്ചതായി സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ട വിവരം അറിയിക്കുന്നു. ഐ.സി.ഡി.സി. സബ് സെന്ററിന് പശ്ചാത്തല സൗകര്യം ഒരുക്കുവാൻവേണ്ടി കൈപ്പറ്റിയ 9,000 രൂപ കൺവീനർ ഏറ്റെടുത്ത് പൂർത്തീകരിച്ച മറ്റൊരു പ്രവൃത്തിയായ "മണലിപച്ച മാർക്കറ്റ് കെട്ടിടത്തിന്റെ ഷട്ടർ നിർമ്മാണം" എന്നതിന്റെ ഫൈനൽ പേയ്മെന്റ് ബില്ലിൽ നിന്നും 30-3-2002-ലെ 162686 ചെക്ക് നമ്പർ പ്രകാരം ഈടാക്കിയിട്ടുണ്ടെന്നുള്ള വിവരം പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |

58. കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| നിരാകരിച്ച തുക തിരികെ അടയ്ക്കുന്നതിന് 15-5-2005, 22-6-2006 തീയതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് കത്ത് അയച്ചിട്ടുണ്ട്. ടി തുക ഒടുക്കവരുത്താതിരുന്നാൽ പഞ്ചായത്തിന്റെ 20-11-2012-ലെ 32(1) നമ്പർ തീരുമാന പ്രകാരം ടിയാനെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടറോട് ജെ.എസ്.9748/2012 തീയതി21-12-2012 നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ആർ.ആർ. തഹസിൽദാർ ഓഫീസിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിയിട്ടുള്ളതായി അറിയാൻകഴിഞ്ഞു. | റവന്യൂ റിക്കവറി തഹസിൽദാർ ഓഫീസിൽ നിന്നും ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിയിട്ടുള്ളതിന്റെയോ റവന്യൂ റിക്കവറിക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളോ തുടർനടപടികളെക്കുറിച്ചുള്ള വിവരങ്ങളോ പ്രാദേശിക പരിശോധനാവേളയിൽ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല. ഹാജരാക്കിയ ഫയലിൽ റവന്യൂ റിക്കവറി നടപടിക്കായി അയച്ചത് 5-2-2013-ലെ ജെ.എസ്.8623/12-ാം നമ്പർ കത്ത് ആണെന്ന് കാണുന്നു. സ്വീകരിച്ച നടപടികളുടെ വിവരത്തിൽ പരാമർശിച്ചിരുന്ന നമ്പറും തീയതിയും വ്യത്യസ്തമാണെന്ന് അറിയിക്കുന്നു. |

59. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 13 പ്രവൃത്തികളിൽ 12 എണ്ണം പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. പൂർത്തീകരിക്കാത്ത പ്രവൃത്തിയുടെ കൺവീനറിൽനിന്ന് തുക 36,200 രൂപ ഈടാക്കുന്നതിന് 30-10-2006-ൽ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ആയതിൽ 10,136 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വന്നിട്ടുണ്ട്. ബാക്കി തുകയുടെ നടപടിക്ക് 18-1-2013 ആർ.ആർ. തഹസിൽദാർക്ക് കത്ത് അയച്ചിട്ടുണ്ട്. 5-2-2013-ന് ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. | ഒടുക്കുവാൻ ബാക്കിയുള്ള 26,064 രൂപ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18-1-2013-ൽ കൊല്ലം തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് 5-2-2013-ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ടെങ്കിലും തുക നാളിതുവരെ പ്രസ്തുത കൺവീനറിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന വിവരം പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. |

## 60. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കുന്നതിന് ശ്രീ. സാബു ചിറയിൽ വടക്കേകര എന്ന വ്യക്തിക്ക് 20-4-2007-ലും 11-6-2007-ലും നോട്ടീസ് നൽകിയത് പ്രകാരം ടിയാൻ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.<br>61. ഓഫീസിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നടന്ന സമയത്ത് സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി തുടങ്ങിയിരുന്നു വെന്നും എന്നാൽ ഓഡിറ്റ് കാലയളവിന് ശേഷമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നും പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിലുള്ള എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ഉദ്ദേശിച്ച ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും ആയതുകൊണ്ട് ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചും 14-5-2013-ലെ VII(5)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രവൃത്തികൾ നടപ്പാക്കിയ പ്രദേശങ്ങളിലുള്ള ജനപ്രതിനിധികളോടും ഗുണഭോക്താക്കളോടും അന്വേഷിച്ചതിൽ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള തായി അറിയാൻ കഴിഞ്ഞതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ടെങ്കിലും വർക്കിന്റെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു:<br>20 വർക്കുകൾക്ക് അഡ്വാൻസ് നൽകിയിരുന്നുവെങ്കിലും 10 വർക്കുകൾ മാത്രമേ പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളൂ. ബാക്കി 10 വർക്കുകളുടെ ഫയലുകളും എം. ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് പൂർത്തീകരിക്കപ്പെട്ടിട്ടില്ല. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:<br>(1) ഊറ്റുകുഴി ഭാഗത്ത് സൈഡ് വാൾ നിർമ്മാണം<br>(2) പുന്നവിള മുക്ക് ചിറവയൽ നടപ്പാത കോൺക്രീറ്റിംഗ്<br>(3) രാജാ തീയറ്ററിന് എതിർവശം നടപ്പാത നിർമ്മാണം<br>(4) കരീപ്പള്ളി മുണ്ടാപ്പള്ളി ഏലാ തോടിന്റെ ഫുട്ട്സ്ലാബ് നിർമ്മാണം<br>(5) ക്രിസ്ത്യൻ പള്ളിക്കുന്ന് നടപ്പാത നിർമ്മാണം.<br>(6) രാമമംഗലം പുത്തൻചന്ത പുനരുദ്ധാരണം.<br>(7) ജോസിന്റെ വസതി മുതൽ തെക്കോട്ട് സദ്ഗുരു ജംഗ്ഷൻ - നടപ്പാത നിർമ്മാണം<br>(8) സെന്റ് മേരീസ് ജംഗ്ഷൻ - കരീപ്പള്ളി ജംഗ്ഷൻ ഓട നിർമ്മാണം.<br>(9) കരിശ്ശടി-കൊല്ലം ചെങ്കോട്ട റോഡ്, സൈഡ് വാൾ നിർമ്മാണം.<br>(10) കോളനി പൊയ്ക പള്ളി നടപ്പാത കോൺക്രീറ്റിംഗ്. |

## 62. തൃക്കടവൂർ ഗ്രാമപഞ്ചായത്ത്

| | |
|---|---|
| 2001-02 വർഷം 11 പൊതുമരാമത്ത് പണികൾക്കുവേണ്ടി കൺവീനർമാർക്ക് 4,40,000 രൂപ അഡ്വാൻസായി നൽകിയിരുന്നു. പണികൾ എല്ലാം സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും ചെയ്തു. 2002-03 മുതലുള്ള വൗച്ചറുകൾ പരിശോധിച്ചതിൽ 5 വർക്കുകളുടെ ബില്ലുകൾ ലഭിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. | ആകെയുള്ള 11 പ്രവൃത്തികളിൽ 6 പ്രവൃത്തികൾ തുടർവർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്<br><br>(1) തട്ടുവിള മുക്കുമുതൽ പൊങ്ങുംതറ മുക്കുവരെയുള്ള റോഡ് മെറ്റലിംഗ് ടാറിംഗ് അഡ്വാൻസ് തുക—49,000 രൂപ.<br><br>(2) പള്ളിവേട്ട ചിറ മുതൽ കളങ്ങര ജംഗ്ഷൻ വരെയുള്ള റോഡ് മെറ്റലിംഗും ടാറിംഗും -അഡ്വാൻസ് തുക—1,61,000 രൂപ<br>(3) രശ്മി തിയറ്റർ-കളങ്ങര റോഡ് മെറ്റലിംഗ് അഡ്വാൻസ് തുക 20,000 രൂപ<br>(4) തോക്കുവിള വെട്ടിയിൽ കായൽ വാരത്ത് റോഡ് സംരക്ഷണം-നടപ്പാത നിർമ്മാണം അഡ്വാൻസ് തുക—22,700 രൂപ<br>(5) ചെമ്പകശ്ശേരി തിരുവിള റോഡ് മെറ്റലിംഗ് & ടാറിംഗ്-അഡ്വാൻസ് തുക—14,000 രൂപ<br>(6) കളിയാട്ടയിൽ ജംഗ്ഷൻ മുട്ടത്തുമല റോഡ് മെറ്റലിംഗ് - അഡ്വാൻസ് തുക—50,000 രൂപ<br>ആകെ 3,16,700 രൂപ<br>ശേഷിച്ച 1,23,000 രൂപയുടെ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത് തുടർ വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് ബോദ്ധ്യപ്പെടാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. |

## 63. വിളക്കുടി ഗ്രാമപഞ്ചായത്ത്

| | |
|---|---|
| 2001-02 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച പ്രവൃത്തി 2003 ജനുവരി മാസം പൂർത്തീകരിച്ചിട്ടുള്ളതാണ്. | ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 5 പ്രവൃത്തികളിൽ 3 എണ്ണം ഫൈനൽ ബിൽ നൽകി ഫൈനൽ ബില്ലിൽ നിന്നും കൺവീനർക്കു നൽകിയ അഡ്വാൻസ് തുക കുറവ് ചെയ്തിട്ടുണ്ട്. ബാക്കി രണ്ട് പ്രവൃത്തികളുടെ എം. ബുക്ക്, വർക്ക് ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല. ടി പ്രവൃത്തികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:<br><br>(1) വരിഞ്ഞത്ത് മുക്ക്-എള്ളുവിള റോഡ് നിർമ്മാണം<br><br>(2) കാര്യൂർ ഏലാ സംരക്ഷണം |

64. ആലപ്പാട് ഗ്രാമപഞ്ചായത്ത്

| | |
|---|---|
| തുക തിരികെ അടയ്ക്കണമെന്ന് കാണിച്ച് കൺവീനറായ സുന്ദ മംഗലശ്ശേരിക്ക് രേഖാമൂലം കത്ത് നൽകിയിരുന്നു. സുനാമി മേഖലയായ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ യാതൊരുവിധ റവന്യൂ റിക്കവറി നടപടികളും പാടില്ലാ എന്ന 20-6-2011-ലെ 63340/എച്ച്3/2010 റവ. നമ്പർ സർക്കാർ കത്ത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. | ആലപ്പാട് ഗ്രാമപഞ്ചായത്തിലുണ്ടായ സുനാമി ദുരന്തത്തെ തുടർന്ന് സുനാമി പ്രദേശങ്ങളിലെ റവന്യൂ റിക്കവറി നടപടികൾ തൽക്കാലം നിർത്തിവെയ്ക്കാനുള്ള സർക്കാർ ഉത്തരവ് നമ്പർ 63340/എച്ച്3/2010 റവ. തീയതി 20-6-2011-ന്റെ അടിസ്ഥാനത്തിൽ കൺവീനർക്കെതിരെ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. |

65. മേലില ഗ്രാമപഞ്ചായത്ത്

| | |
|---|---|
| കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് 15-3-2003-ൽ ഫൈനൽ ബിൽ നൽകിയിട്ടുള്ളതാണ്. | പ്രാദേശിക പരിശോധനയിൽ ഫൈനൽ ബില്ലിൽ നിന്നും 5,30,000 രൂപ പാർട്ട് ബിൽ & അഡ്വാൻസ് എന്ന ഇനത്തിൽ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ പാർട്ട് ബിൽ, അഡ്വാൻസായി തുക നൽകിയവ സംബന്ധിച്ചുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>മാത്രമല്ല കുറവ് ചെയ്ത അഡ്വാൻസ് തുകകളിൽ 19-9-2001, 11-10-2011 തീയതികളിൽ 15,000 രൂപ വീതം 30,000 രൂപ മുൻകൂറായികൈപ്പറ്റിയ തുക ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി 2002-03 വർഷം പൂർത്തീകരിച്ച് 15-3-2003-ൽ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. |

66 . **ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്**

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| 6 മരാമത്ത് പണികൾക്ക് അഡ്വാൻസ് നൽകിയതിൽ പണി പൂർത്തീകരിക്കാത്ത 2 വർക്കുകളുടെ കൺവീനർമാരിൽ നിന്നും തുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് 13-12-2012-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആർ.ആർ./2012/12722/2 തീയതി 20-12-2012-ൽ കൺവീനർക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. 20-4-2013-ൽ നിലവിലത്തെ സ്ഥിതി ആരാഞ്ഞുകൊണ്ട് തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ആർ.ആർ. നടപടി പ്രൊപ്പോസൽ കളക്ടറേറ്റിൽ നിന്നും താലൂക്ക് ഓഫീസിലേക്ക് നൽകിയിട്ടില്ലെന്നാണറിയാൻ കഴിഞ്ഞത്. | പഞ്ചായത്ത് കമ്മിറ്റിയുടെ 13-12-2012-ലെ IV (II)-ാം നമ്പർ തീരുമാനപ്രകാരം ഖണ്ഡിക 3(7)-ലെ പരാമർശത്തിന് ഉത്തരവാദിയായ കൺവീനർ ശ്രീ. രാജീവൻ, ജി., ശ്രീ. ജെറോം എന്നിവരിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് ശ്രീ. രാജീവൻ ജി.ക്ക് 20-12-2012-ൽ ആർ.ആർ. 2012/12738/ 2-ാം നമ്പർ കത്ത് പ്രകാരം ഫോറം നമ്പർ 24 [സെക്ഷൻ 64(2)] പ്രകാരം ശിപാർശ അയച്ചിട്ടുണ്ട്. എന്നാൽ ആയതു സംബന്ധിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെയോ തുക ഈടാക്കിയതിന്റെയോ വിവരങ്ങൾ പ്രാദേശിക പരിശോധനയിൽ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു. |
| 67. തുടന്തല പട്ടികജാതി കോളനിയിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി ശ്രീ. ജേക്കബ് മാത്യു എന്ന വ്യക്തിക്ക് 18,000 രൂപ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കുന്നതിന് 13-12-2012-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൺവീനർ ...ിരെ ആർ. ആർ. നടപടിക്ക് ... ചെയ്തെങ്കിലും കൂടുതൽ ...ൽ ടിയാനെതിരെ മുമ്പ് ... സ്വീകരിച്ചിട്ടുള്ളതായും ... നിലം അറ്റാച്ച് ...തു. എന്നാൽ ...ത് തുക | തുടന്തല പട്ടികജാതി കോളനിയിൽ കിണർ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനായി ശ്രീ. ജേക്കബ് മാത്യു എന്ന വ്യക്തിക്ക് 18,000 രൂപ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കുന്നതിന് സെക്രട്ടറി 1-12-2012-ന് എ 1 1-246/2006-ാം നമ്പർ കത്ത് ശ്രീ. ജേക്കബ് മാത്യുവിന് നൽകിയിട്ടുണ്ട്. തുക ഈടാക്കുന്നതിനായി 13-12-2012-ലെ IV(12)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ റിക്കവറി |

| 1 | 2 |
|---|---|
| ചേക്കോട്ട്ക്കോണം പട്ടികജാതി കോളനിയിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനായി 41,500 രൂപ കൈപ്പറ്റിയിട്ടുള്ള ശ്രീ. രാധാകൃഷ്ണപിള്ള പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടിയാന്റെ പേരിൽ നിന്നും തുക ഈടാക്കുന്നതിനായി 25-2-2013-ൽ എ 1-5709/-12-ാം നമ്പർ പ്രകാരം ആർ. ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്. | ശിപാർശ കത്ത് നൽകിയതിന്റെയോ തുടർനടപടി സ്വീകരിച്ചതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു. 25-2-2013-ൽ റവന്യൂ റിക്കവറി നടപടിക്ക് ശിപാർശ ചെയ്തെങ്കിലും ടിയാൻ പദ്ധതി പൂർത്തീകരിക്കുന്നതിനായി കൂടുതൽ സമയം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച തീരുമാനത്തിലേക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. (4-3-2013-ലെ III(5)-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 8-3-2013-ൽ സർക്കാരിലേക്ക് ശിപാർശ അയച്ചു) എന്നാണ് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. 2001-02-ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2013-ൽ വീണ്ടും കൂടുതൽ സമയം ആവശ്യപ്പെട്ട നടപടി അംഗീകരിക്കാവുന്നതല്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

## ഏരൂർ ഗ്രാമപഞ്ചായത്ത്

68. **ഏരൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട് കൺവീനർക്ക് മുൻകൂർ നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ വിശദീകരണത്തിന്റെയും ആയത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കടയ്ക്കൽ ഗ്രാമപഞ്ചായത്ത്

69. **ഓഡിറ്റ് നിരാകരിച്ച തുക തിരിച്ചടയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ടിയാൻ തുക അടയ്ക്കാതിരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടിക്ക്**

കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും സർക്കാർ നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ ആർ.ആർ. നടപടിക്കയച്ച കത്തിലും സ്വീകരിച്ച നടപടികളുടെ വിവരത്തിലും പരാമർശിച്ചിരിക്കുന്ന നമ്പരും തീയതിയും വ്യത്യസ്തമാണെന്ന് കാണുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടുന്നു. ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം പരാമർശ വിധേയനായ കൺവീനറിൽ നിന്നും നഷ്ടപ്പെട്ട തുക ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്

70. പൂർത്തീകരിക്കാത്ത പ്രവൃത്തിയുടെ കൺവീനർക്ക് മുൻകൂർ നൽകിയ തുകയിൽ 10,136 രൂപ ഒടുക്ക് വന്നിട്ടുള്ളതായും 26,064 രൂപ ഇനിയും തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും പ്രസ്തുത തുക തിരിച്ചീടാക്കുവാൻ ആർ.ആർ. നടപടിക്ക് തഹസിൽദാർക്ക് ശിപാർശ ചെയ്തെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത 26,064 രൂപ പലിശസഹിതം പ്രസ്തുത കൺവീനറിൽ നിന്നും ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

71. മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുന്നതിന് കൺവീനർക്ക് കത്ത് നൽകിയതിന്റെ ഫലമായി ടിയാൻ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ വിശദീകരിക്കുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച ഫയൽ, എം. ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിക്കുന്നു.

72. പരാമർശവിധേയമായ എല്ലാ പൊതുപരാമർശ പ്രവൃത്തികളും പൂർത്തീകരിക്കുകയും ഭൗതികലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തിന് യാതൊരു സാമ്പത്തികനഷ്ടവും സംഭവിച്ചിട്ടില്ലെന്നും സർക്കാർ മറുപടിയിൽ വിശദീകരിക്കുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ 20 പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിരുന്നെങ്കിലും 10 പ്രവൃത്തികൾ മാത്രമേ പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുള്ളൂ എന്നും ശേഷിക്കുന്ന 10 പ്രവൃത്തികളുടെ ഫയലുകളും എം.ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ബോദ്ധ്യപ്പെട്ടിട്ടില്ലാ എന്നും സൂചിപ്പിച്ചിരിക്കുന്നു. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## തൃക്കടവൂർ ഗ്രാമപഞ്ചായത്ത്

73. 2001-02 വർഷത്തിൽ 11 പൊതുമരാമത്ത് പണികൾക്ക് 4.4 ലക്ഷം രൂപ മുൻകൂറായി കൺവീനർമാർക്ക് നൽകിയിരുന്നതായും ടി പ്രവൃത്തികളെല്ലാം സ്പിൽഓവറായി ഉൾപ്പെടുത്തി പൂർത്തീകരിച്ചതായും അവയിൽ 5 പ്രവർത്തികളുടെ ബില്ലുകൾ ലഭിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ പൂർത്തീകരിച്ചിട്ടുണ്ടെന്നും സർക്കാർ വിശദമാക്കിയിരിക്കുന്നു. എന്നാൽ ആകെയുള്ള 11 പ്രവൃത്തികൾ തുടർവർഷങ്ങളിൽ സ്പിൽഓവറായി ഉൾപ്പെടുത്തി പൂർത്തീകരിച്ചെങ്കിലും ശേഷിക്കുന്ന പ്രവൃത്തികൾക്ക് വേണ്ടിയുള്ള 1,23,000 രൂപയുടെ മുൻകൂർ ക്രമീകരിച്ച് തുടർ വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് ബോധ്യപ്പെടുത്താനുള്ള രേഖകളൊന്നും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. മുൻകൂറായി നൽകിയതിൽ 1,23,000 രൂപ ക്രമീകരിച്ച് പ്രവൃത്തി തുടർവർഷങ്ങളിൽ പൂർത്തിയാക്കിയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## വിളക്കുടി ഗ്രാമപഞ്ചായത്ത്

74. പരാമർശവിധേയമായ 5 പ്രവൃത്തികളിൽ 3 എണ്ണത്തിന്റെ ഫൈനൽ ബില്ലിൽ നിന്നും കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക കുറവുചെയ്തിട്ടുണ്ടെന്നും ശേഷിക്കുന്ന രണ്ട് പ്രവൃത്തികളുടെ എം. ബുക്ക്, വർക്ക് ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടിട്ടില്ലായെന്ന് ഓഡിറ്റ് സൂചിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വരിഞ്ഞത്ത് മുക്ക്-എളളുവിള റോഡ് നിർമ്മാണം, കാത്രൂർ ഏലം സംരക്ഷണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച എം. ബുക്ക്, വർക്ക് ഫയൽ എന്നിവ ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.

## ആലപ്പാട് ഗ്രാമപഞ്ചായത്ത്

75. സുനാമി ബാധിത പ്രദേശമായതിനാൽ റവന്യൂ റിക്കവറി നടപടി കൈക്കൊള്ളേണ്ടതില്ലാ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## മേലില ഗ്രാമപഞ്ചായത്ത്

76. പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 5,30,000 രൂപ പാർട്ട് ബിൽ ആന്റ് അഡ്വാൻസ് എന്ന ഇനത്തിൽ കുറവ് ചെയ്തിട്ടുള്ളതായും 15-3-2003-ൽ പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകി എന്ന വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്

**77. കൺവീനർമാരിൽനിന്ന് തുക ഈടാക്കുവാൻ സ്വീകരിച്ച ആർ.ആർ. നടപടി സംബന്ധിച്ച് റിപ്പോർട്ട് എത്രയും വേഗം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഇടന്തല, ചേക്കോട്ട്കോണം പട്ടികജാതി കോളനികളിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കൽ പദ്ധതികളിൽ കൺവീനർമാർ മുൻകൂർ കൈപ്പറ്റിയ തുക ഈടാക്കുന്നതിന് ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടർക്ക് കത്തയച്ചതിന്റെയോ തുടർനടപടി സ്വീകരിച്ചതിന്റെയോ യാതൊരു രേഖയും പ്രാദേശിക പരിശോധനാ വേളയിൽ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതി 2001-02-ൽ ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2013-ൽ കൂടുതൽ സമയം ആവശ്യപ്പെട്ട കൺവീനറുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ നടപടി ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ മുൻകൂർ കൈപ്പറ്റിയ തുക കൺവീനറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ പലിശസഹിതം ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിനുള്ള അവകാശ ലേലം—വ്യവസ്ഥകൾ പാലിക്കുന്നില്ല.**

78. പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയേതര വരുമാനങ്ങളുടെ നിരക്ക് നിജപ്പെടുത്തിയ ശേഷം അവ പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 209 ഡി. 221(2), 229(2) തുടങ്ങിയ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള അവകാശ ലേലം നടത്തുമ്പോൾ ലേലസംഖ്യ മുൻകൂട്ടിയോ തവണകളായോ ഒടുക്കുവരുന്നതിനും ആവശ്യമായ സോൾവൻസി ഹാജരാക്കി എഗ്രിമെന്റ് വയ്ക്കുന്നതിനും വ്യവസ്ഥയുണ്ട്. തവണകൾ ഒടുക്കുവരുത്തുന്നതിലുള്ള കാലതാമസത്തിനുള്ള പിഴപ്പലിശ സംബന്ധിച്ചും വ്യവസ്ഥകൾ ലംഘിച്ചാലുള്ള ശിക്ഷാ നടപടികളെക്കുറിച്ചും ഈ കരാറിലാണ് പരാമർശിക്കുന്നത്. എന്നാൽ പല പഞ്ചായത്തുകളിലും കൃത്യമായി എഗ്രിമെന്റുകൾ വയ്ക്കുന്നില്ല. യഥാസമയം എഗ്രിമെന്റ് വയ്പിക്കാതിരിക്കുന്നതുമൂലം തവണകൾ അടയ്ക്കുവാൻ വീഴ്ച വരുത്തുന്നവരുടെ മേൽ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാത്ത സ്ഥിതി വന്നുകാണുന്നുണ്ട്.

ഇത്തരത്തിൽ പഞ്ചായത്തിനു പിരിച്ചെടുക്കാൻ സാധിക്കാത്ത തുകകളെ സംബന്ധിച്ച് 2006-07 വർഷത്തിൽ പുറപ്പെടുവിച്ച റിപ്പോർട്ടുകളിൽ നിന്നുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്ത് | വർഷം | ഖണ്ഡിക | ഈടാക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| ഏത്തൂർ | 2001-02 | 2.4 | 8,800 |
| തൃക്കടവൂർ | 2003-04 | 2.4 | 1,67,000 |
| തൃക്കടവൂർ | 2003-04 | 2.5 | 55,000 |
| കൊട്ടാരക്കര | 2004-05 | 2.4 | 24,786 |
| കൊട്ടാരക്കര | 2003-04 | 2.3 | 3,03,500 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.11.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കണമെന്ന് ചൂണ്ടിക്കാട്ടിയ സമിതി, സോൾവൻസി ഹാജരാക്കി എഗ്രിമെന്റ് വയ്ക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം പാലിക്കാത്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് ആരാഞ്ഞു. എഗ്രിമെന്റില്ലെങ്കിൽ, ലേലം ചെയ്തുകൊടുത്തവർ തുക അടയ്ക്കാതെയിരുന്നാൽ ആയത് തിരിച്ചുപിടിക്കേണ്ടത് സെക്രട്ടറിയിൽ നിന്നാണെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

80. ലേലം നടത്തുന്നതിന്റെ വ്യവസ്ഥകളും ചട്ടങ്ങളും കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കേസുകൾ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം ലഭ്യമാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും സർക്കാർ മറുപടിയും ചുവടെ ചേർക്കുന്നു:

81. ഏറ്റൂർ ഗ്രാമപഞ്ചായത്ത്

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| പത്തടി ജംഗ്ഷനിൽ മാട്ടുമാംസ വ്യാപാരം ലേലവ്യവസ്ഥ പാലിക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക പലിശ സഹിതം ലഭിക്കുന്നതിന് ആവശ്യമായ ആർ.ആർ. ജില്ലാ കളക്ടർക്ക് 16-4-2013-ൽ എ 1-1909/13 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. | പ്രാദേശിക പരിശോധനയിൽ പത്തടി ജംഗ്ഷനിൽ മാട്ടുമാംസ വ്യാപാരം ലേലവ്യവസ്ഥ പാലിക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക പലിശസഹിതം ലഭിക്കുന്നതിനാവശ്യമായ റവന്യൂ റിക്കവറി നടപടിക്ക് ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് 16-4-2013-ൽ എ 1-1909/13 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. |

82. തൃക്കടവൂർ ഗ്രാമപഞ്ചായത്ത്

| 1 | 2 |
|---|---|
| അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റിൽ നിന്നും മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം ശ്രീ. അബ്ദുൾ അസീസ് പിടിക്കുകയും 50,835 കഴിച്ചുള്ള തുക അടയ്ക്കുകയും ചെയ്തിരുന്നു. ബാക്കി ലഭിക്കാനുള്ള തുകയും പലിശയും ഉൾപ്പെടെ 1,27,075 രൂപ ടിയാനിൽനിന്ന് ഈടാക്കുന്നതിന് 5-11-2011-ലെ XXII (4)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ജില്ലാ കളക്ടർക്ക് 2-12-2011-ലെ 2011/66064/2 നമ്പർ കത്ത് പ്രകാരം നൽകുകയും അതിൻ പ്രകാരം R.R. നടപടിക്കായി കൊല്ലം തഹസിൽദാർ R.R.-ന് നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും R.R. നടപടിയിലൂടെ 20-4-2013-ന് 63,500 രൂപ ഈടാക്കി കിട്ടിയിട്ടുണ്ട്. | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15-11-2011-ലെ എ 2-1973/11 നമ്പർ കത്ത് പ്രകാരം 1,27,025 രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കാനായി ജില്ലാ കളക്ടർക്ക് ശിപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 63,500 രൂപ ഈടാക്കിയത് കൊല്ലം തഹസിൽദാർ ഡി14-7723/11/17-4-2013 നമ്പർ കത്ത് പ്രകാരം നൽകിയത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്. (രസീത് നമ്പർ 11301500004 തീയതി 20-4-2013) തുക കൂടാതെ ചുവടെ ചേർക്കുന്ന പ്രകാരം തുകകൾ ലഭ്യമായത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്. |

| 1 | 2 | | | |
|---|---|---|---|---|
| | ഡി.ഡി. നമ്പർ/ തീയതി | തുക | തഹസിൽദാരുടെ കത്ത് | രസീത് നമ്പർ/ തീയതി |
| | 576443/ 26-6-2013 | 1,847 | D4 7711/11/ 3-7-2013 | 11301101 265/ 4-7-2013 |
| | 575751/ 14-6-2013 | 3,209 | D4 7723/11/ 3-7-2013 | 1130140 0005/ 4-7-2013 |
| | 576201/ 24-6-2013 | 57,75 7 | D4 7723/11/ 3-7-2013 | 1130140 0006/ 4-7-2013. |
| | ആകെ | 62,813 | | |
| | ഇത് കൂടാതെ 31-5-2013-ൽ തഹസിൽദാറിൽ നിന്നും ലഭിച്ച ഡി.ഡി. നമ്പർ 574195 തീയതി 23-5-2013 3,209 രൂപ ബാങ്കിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ ആകെ 1,29,522 രൂപ (63500+62813+3209) വരവ് വന്നിട്ടുണ്ട്. | | | |
| 83. അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിന് അവകാശം നേടിയ ശ്രീ. അബ്ദുൾ ലത്തീഫ് 1,06,000 രൂപയിൽ 55,000 രൂപ ഒഴികെ ബാക്കി അടയ്ക്കുകയുണ്ടായി. | ശ്രീ. അബ്ദുൾ ലത്തീഫിൽ നിന്നും ബാക്കി അടയ്ക്കുവാനുള്ള തുക 55,000 രൂപയും പലിശയും ഉൾപ്പെടെ 1,39,150 രൂപ ഈടാക്കുവാനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് | | | |

| 1 | 2 |
|---|---|
| ലഭിക്കാനുള്ള മുതലും പലിശയും ഉൾപ്പെടെ 1,39,150 രൂപയ്ക്ക് 5-11-2011-ലെ XXII (3)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ബഹു. ജില്ലാ കളക്ടർക്ക് 2-12-2011-ലെ 2011/66072/2 നമ്പർ കത്ത് പ്രകാരം ആർ.ആർ നടപടിയ്ക്കായി കൊല്ലം തഹസിൽദാർ (R.R.)ന് നൽകുകയും ചെയ്തു. തുക നാളിതുവരെ ഈടാക്കിയിട്ടില്ല. | സെക്രട്ടറി 15-11-2011-ലെ എ 2-1973/11 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടറോട് ശിപാർശ ചെയ്തതനുസരിച്ച് (ആർ 2) 66072/2-12-2011 നമ്പർ കത്ത് പ്രകാരം തഹസിൽദാർ (ആർ.ആർ.) കൊല്ലത്തിന് റവന്യൂ റിക്കവറി നടപടിക്കായി നൽകിയിട്ടുണ്ട്. നാളിതുവരെയും തുക ഈടാക്കിയിട്ടില്ല. |

## 84. കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| കൊട്ടാരക്കര പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് പിരിവ്, പ്രൈവറ്റ് ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം യഥാക്രമം ശ്രീ. എസ്. റഹീം, ശ്രീ. അബ്ദുൾ സലാം എന്നിവർ പിടിക്കുകയും 5,000, 19,786 രൂപാ ക്രമത്തിൽ കഴിച്ചുള്ള തുക അടയ്ക്കുകയും ചെയ്തിരുന്നു. ശ്രീ. റഹീമിൽ നിന്നും ആർ.ആർ. നടപടിയിലൂടെ കൊട്ടാരക്കര തഹസിൽദാറുടെ 15-1-2009-ലെ ഡി7-17218/06 നമ്പർ കത്ത് പ്രകാരം 7,200 രൂപ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ആയതിനാൽ ടി പ്രകാരമുള്ള 5,000 രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. ശ്രീ. അബ്ദുൾ സലാമിൽ നിന്നും ബാക്കി ലഭിക്കാനുള്ള തുകയും പലിശയും ചേർത്ത | ശ്രീ. റഹീമിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ കൊട്ടാരക്കര തഹസിൽദാർ 15-1-2009-ലെ ഡി7-17218/06 നമ്പർ കത്ത് പ്രകാരം 7,200 രൂപ 26-12-2008-ൽ 469457-ാം നമ്പർ ചെക്ക് പ്രകാരം ജില്ലാ സഹകരണ ബാങ്ക് കൊട്ടാരക്കര ശാഖയിൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട് 4-2-2009-ലെ പഞ്ചായത്ത് അക്കൗണ്ടിൽ ടി തുക വരവ് വന്നിട്ടുളതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി തടസ്സം ഒഴിവാക്കാവുന്നതാണ്. ശ്രീ. അബ്ദുൾ സലാമിൽ നിന്നും ബാക്കി ലഭിക്കാനുള്ള തുകയും പലിശയും ചേർത്ത തുകയ്ക്ക് നോട്ടീസുകൾ നൽകുകയും 4-7-2006-ൽ ഇ 5-714/03 നമ്പർ കത്ത് പ്രകാരം പലിശ ഉൾപ്പെടെ 28,498 രൂപയ്ക്ക് ജില്ലാ കളക്ടർ റവന്യൂ റിക്കവറി നൽകുകയും ചെയ്തു. റവന്യൂ റിക്കവറി |

| 1 | 2 |
|---|---|
| ഇകയ്ക്ക് നോട്ടീസുകൾ നൽകുകയും 4-7-2006-ൽ ഇ 5-714/03 നമ്പർ കത്ത് പ്രകാരം പലിശ ഉൾപ്പെടെ 28,498 രൂപയ്ക്ക് ജില്ലാ കളക്ടർക്ക് ആർ.ആർ. നൽകുകയും ചെയ്തു. ഇക നാളിതുവരെയും ഈടാക്കിയിട്ടില്ല. | നടപടികളുടെ വിവരങ്ങളും ടി കേസ്സുകളുടെ നിജസ്ഥിതിയും അടിയന്തരമായി അറിയിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 4-5-2013-ൽ ഇ 7-613/83-ാം നമ്പർ കത്ത് നൽകിയിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അതിനുശേഷം തുടർ നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്ന വിവരം അറിയിക്കുന്നു. |

85.

| | |
|---|---|
| കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ മാട്ടിറച്ചി വ്യാപാര ലേലം നടത്തുന്നതിനുള്ള അവകാശം ശ്രീ. അലാവുദ്ദീൻ, എന്നയാൾ പിടിക്കുകയും ലേലത്തുകയായ 3,28,500 രൂപയും പലിശയും സഹിതം 4,10,625 രൂപയ്ക്ക് 9-9-2004-ൽ ഇ 5-714/03 നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് ആർ.ആർ. നൽകുകയും ചെയ്തു. ഇക നാളിതുവരെയും ഈടാക്കിയിട്ടില്ല. റവന്യൂ റിക്കവറിക്കായി നൽകിയിട്ടുള്ള കേസുകളുടെ നിജസ്ഥിതി അറിയുന്നതിന് 22-12-2012-നും 4-5-2013-നും അറിയിപ്പ് നൽകിയിട്ടുണ്ട്. നിലവിൽ ലേലവ്യവസ്ഥകൾ ഒന്നും തന്നെ ലംഘിക്കുന്നില്ലായെന്നും ലേല ദിവസംതന്നെ ലേലത്തുക ഒന്നാകെ ഈടാക്കുന്നുണ്ട് എന്നുകൂടി അറിയിക്കുന്നു. | റവന്യൂ റിക്കവറി നടപടികളുടെ നിജസ്ഥിതി അറിയിക്കുന്നതിന് 22-12-2012-നും 4-5-2013-നും ഇ 7/613/13-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൊട്ടാരക്കര തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന വിവരം പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അതിനുശേഷം തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല എന്ന് അറിയിക്കുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

86. <u>തൃക്കടവൂർ ഗ്രാമപഞ്ചായത്ത്</u>: അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം ലേലം കൊണ്ട വ്യക്തി അടയ്ക്കുവാനുള്ള ബാക്കി തുക റവന്യൂ റിക്കവറി മുഖേന പലിശസഹിതം ഈടാക്കിയതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

87. പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിന് ലേലം കൊണ്ട വ്യക്തിയിൽനിന്നും ഇനിയും ലഭിക്കാനുള്ള തുക ഈടാക്കുവാനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക പലിശസഹിതം ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

88. കൊട്ടാരക്കര പ്രൈവറ്റ് ബസ് സ്റ്റാന്റ് , ഫീസ് പിരിവ് നടത്തുന്നതിന് അവകാശം ലേലംപിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുവാൻ അവശേഷിച്ച 5,000 രൂപ പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയത് ഓഡിറ്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

89. പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഒടുക്കുവാൻ അവശേഷിക്കുന്ന തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി ത്വരിതപ്പെടുത്തി പഞ്ചായത്തിന് നഷ്ടംവന്ന തുക തിരിച്ചീടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

90. മാട്ടിറച്ചി വ്യാപാരം നടത്തുന്നതിന് ലേലം പിടിച്ച വ്യക്തിയുടെ പക്കൽ നിന്നും പഞ്ചായത്തിൽ അടയ്ക്കാനുള്ള ലേലത്തുകയായ 3,28,500 രൂപ പലിശയും ചേർത്ത് 4,10,625 രൂപ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

91. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട നികുതിയേതര വരുമാനങ്ങൾ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നല്കുമ്പോൾ പാലിക്കേണ്ട കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ തുക ഒടുക്കുവാൻ ബാധ്യസ്ഥരായ വ്യക്തികളും സ്ഥാപനങ്ങളും വീഴ്ചവരുത്തിയാൽ തുക ഈടാക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുവാൻ കഴിയാത്തതിലൂടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപ നഷ്ടമാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ

**ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ നികുതിയേതര വരുമാനങ്ങൾ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ആയത് പാലിക്കപ്പെടുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല**

കേരള വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ പൂർത്തീകരണത്തിനായി വൻതുകകൾ വിദ്യുച്ഛക്തി ബോർഡ്/ജല അതോറിറ്റിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. ടി പണികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർ നടപടികൾ തുടർച്ചയായി നിരീക്ഷിക്കുന്നതിന് സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുകാണുന്നില്ല. ശരിയായ രീതിയിൽ യാതൊരു മോണിട്ടറിംഗും നടക്കുന്നില്ല. 2006-07 വർഷത്തിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ സംസ്ഥാന വൈദ്യുതി ബോർഡിലും കേരള ജല അതോറിറ്റിയിലും ഇത്തരത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകളെ സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു:

**കേരള സംസ്ഥാന വൈദ്യുതി ബോർഡ്**

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | വർഷം | ഖണ്ഡിക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ആര്യങ്കാവ് | ഇരുളൻകാട് ബ്ളാപ്പെരാട് കരയാളംമെത്ത് ചെനഗിരി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 3,69,450 | 2003-04 | 3.4 |
| 2 | അലയമൺ | വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ | 1,11,920 | 2002-03 | 3.17 |
| 3 | കല്ലുവാതുക്കൽ | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 13,249 | 2002-03 | 3.1 |
| 4 | ഇളമ്പള്ളൂർ | വൈദ്യുതി ലൈൻ നീട്ടലും തെരുവു വിളക്കുകൾ സ്ഥാപിക്കലും | 4,23,482 | 2001-02 | 3.5 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 5 | പേരയം | വൈദ്യുതി ലൈൻ നീട്ടലും തെരുവു വിളക്കുകൾ സ്ഥാപിക്കലും | 39,230 | 2001-02 | 3.4 |
| 6 | പൂതക്കുളം | വൈദ്യുതി ലൈൻ നീട്ടലും തെരുവു വിളക്കുകൾ സ്ഥാപിക്കലും | 1,45,610 | 2003-04 | 3.6 |
| 7 | ചാത്തന്നൂർ | വൈദ്യുതി ലൈൻ നീട്ടലും തെരുവു വിളക്കുകൾ സ്ഥാപിക്കലും | 1,13,257 | 2002-03 | 3.22 |
| 8 | ആദിച്ചനെല്ലൂർ | വൈദ്യുതി ലൈൻ നീട്ടലും തെരുവു വിളക്കുകൾ സ്ഥാപിക്കലും | 2,34,658 | 2001-02 | 3.8 |
| 9 | പിറവന്തൂർ | വൈദ്യുതി ലൈൻ നീട്ടലും തെരുവു വിളക്കുകൾ സ്ഥാപിക്കലും | 6,67,527 | 2001-02 | 3.3 |
| 10 | തൃക്കടവൂർ | വൈദ്യുതി ലൈൻ നീട്ടൽ | 3,90,717 | 2003-04 | 3.2 |
| 11 | വെട്ടിക്കവല | തെരുവു വിളക്കുകൾ സ്ഥാപിക്കൽ | 1,40,640 | 2000-01 | 3.6 |
| 12 | വെട്ടിക്കവല | വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ | 2,33,783 | 2001-02 | 3.4 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 13 | മേലില | വൈദ്യുതി ലൈൻ വലിക്കൽ | 84,500 | 2002-03 | 3.15 |
| 14 | ഉമ്മന്നൂർ | വൈദ്യുതി ലൈൻ വലിക്കൽ | 5,50,439 | 2000-01 | 3.17 |
| 15 | ഉമ്മന്നൂർ | വൈദ്യുതി ലൈൻ വലിക്കൽ | 4,25,850 | 2001-02 | 3.14 |

**കേരള ജല അതോറിറ്റി**

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | വർഷം | ഖണ്ഡിക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | കരവാളൂർ | ബോർവെൽ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക | 6,950 | 2003-04 | 3.3 |
| 2 | അലയമൺ | മീനാട് വിള സ്കൂൾ ജംഗ്ഷൻ കോളനി റോഡ് വാട്ടർ സപ്ലൈ ലൈൻ | 39,372 | 2002-03 | 3.18 |
| 3 | പൂതക്കുളം | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 5,50,000 | 2003-04 | 3.3 |
| 4 | മയ്യനാട് | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 47,700 | 2002-03 | 3.9 |
| 5 | ആദിച്ചനെല്ലൂർ | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 2,25,000 | 2001-02 | 3.8 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 6 | തൃക്കടവൂർ | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 2,58,257 | 2002-03 | 3.7 |
| 7 | നീണ്ടകര | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1,94,000 | 2003-04 | 3.11 |
| | | ആകെ | 52,65,591 | | |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.11.7.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിന് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മോണിറ്ററിംഗ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

93. കെ.എസ്.ഇ.ബി.യും വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് പൂർത്തിയാക്കിയ പല പ്രവൃത്തികൾക്കും വിനിയോഗ സാക്ഷ്യപത്രം കൊടുക്കാൻ വളരെയധികം കാലതാമസം നേരിടുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, കോൺട്രാക്ട് വർക്ക് ഏറ്റെടുക്കുന്ന വകുപ്പിന് വിനിയോഗ സാക്ഷ്യപത്രം കൊടുക്കാനുള്ള ബാധ്യതയില്ലേ എന്നാരാഞ്ഞു. ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ട്സ് പൂർത്തിയാക്കിയാൽ മാത്രമേ ഏതൊക്കെ വർക്കുകൾ പെൻഡിംഗാണെന്നും ഏതൊക്കെ പൂർത്തീകരിച്ചെന്നും പറയാൻ സാധിക്കു എന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

94. വാട്ടർ അതോറിറ്റി, കെ. എസ്. ഇ. ബി. എന്നിവ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ ഊർജ്ജ, ജലവിഭവ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

95. സമിതിയുടെ 24-7-2013-ലെ യോഗം ഊർജ്ജ-ജല വിഭവ സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തി. പൂർത്തീകരിച്ച നിക്ഷേപ വേലകൾക്ക് സമയബന്ധിതമായി പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശാനുസരണം ഊർജ്ജ വകുപ്പിൽ നിന്നും 8-1-2014-ലെ 6194/സി3/13/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

96. 2009-10 മുതൽ 2013-14-വരെ സംസ്ഥാന വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ ആകെ 9155 നിക്ഷേപ വേലകളിൽ ഇനി പൂർത്തീകരിക്കാനുള്ളത് 1533 എണ്ണവും പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ ബാക്കിയുള്ളത് 34 എണ്ണവുമാണ്. കെ.എസ്.ഇ.ബി. വിതരണവും ഉല്പാദനവും (ഇലക്ട്രിക്കൽ) വിഭാഗം അംഗം 30-7-2013-ലെ കത്തുപ്രകാരം പൂർത്തിയായ നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഒരു മാസത്തിനകം ലഭ്യമാക്കാനും ഭാവിയിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഒരു മാസകാലയളവിനുള്ളിൽത്തന്നെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് വിതരണ വിഭാഗം ദക്ഷിണമദ്ധ്യ, ഉത്തര മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക നിക്ഷേപിച്ചിട്ടുള്ള മുഴുവൻ പ്രവൃത്തികളും ഉടൻ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാനും 28-10-2013-ലെ കത്തുപ്രകാരം വൈദ്യുതി ബോർഡ് ഫീൽഡ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചുവരികയാണ്.

97. 24-7-2013-ൽ ജലവിഭവ സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തിയ യോഗത്തിൽ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ജലവിഭവ വകുപ്പ് ലഭ്യമാക്കിയ 29-10-2013-ലെ 18547/ബി3/ജ.വി.വ. നമ്പർ കത്ത് പ്രകാരം നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

98. "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിക്ഷേപ വേലകളായി കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കുന്ന ജോലികൾ വാട്ടർ അതോറിറ്റിയുടെ അതത് ഡിവിഷൻ ഓഫീസുകൾ വഴിയാണ് ചെയ്യുന്നത്. പൂർത്തീകരിച്ച പദ്ധതികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുവാനും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനും ഡിവിഷൻ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

### നിഗമനങ്ങൾ/ശിപാർശകൾ

**99. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ,ജല അതോറിറ്റി എന്നിവയെ ഏല്പിക്കുന്ന പ്രവൃത്തികൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചു കഴിഞ്ഞാൽ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കപ്പെടുന്നുണ്ടോയെന്നും ശരിയായവിധത്തിൽ തുക വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നുമുള്ള മോണിറ്ററിംഗ് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ വൈദ്യുതി ബോർഡിലോ ജല അതോറിറ്റിയിലോ ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു.**

**100. തൽഫലമായി പ്രസ്തുത സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിഷ്ക്രിയ നിക്ഷേപമായും പലപ്പോഴും മാറുന്നു. പദ്ധതികൾ യഥാസമയം ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ ഫലമായി വിഭാവനംചെയ്ത ലക്ഷ്യം പ്രാപ്തമാക്കാതെ പോകുന്നുവെന്ന് മാത്രമല്ല സാമൂഹ്യപുരോഗതിക്ക് ഇത് വിഘാതമാകുകയും ചെയ്യുന്നു. പദ്ധതി തുകയുടെ നിഷ്ക്രിയ നിക്ഷേപം, ഫലപ്രദമല്ലാത്ത വിനിയോഗം, യഥാസമയം രേഖകൾ നല്കാതിരിക്കൽ എന്നിവ ഓഡിറ്റ് പരാമർശങ്ങൾക്കും ഇടവരുത്തുന്നു. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ. എസ്. ഇ. ബി., ജല അതോറിറ്റി, ഭവനനിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന നിക്ഷേപ വേലകൾ ഫലപ്രദമായും സമയബന്ധിതമായും പൂർത്തിയാക്കണമെന്നും ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിക്ഷേപ വേലകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങളും ഇവയുടെ ഏകോപനത്തിനും മോണിറ്ററിംഗിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പൂർത്തിയാകുന്ന പ്രവർത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിൽ യാതൊരു കാലതാമസവും ഉണ്ടാകാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ട താണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. കൂടാതെ, നാളിതുവരെ ഏല്പിച്ച നിക്ഷേപ വേലകൾ മേല്പറഞ്ഞ സ്ഥാപനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുവാനും പൂർത്തിയായ പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് നല്കുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും തദ്ദേശസ്വയംഭരണ വകുപ്പ്, കെ. എസ്. ഇ. ബി., ജല അതോറിറ്റി എന്നിവയോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക്**

മരാമത്ത് പ്രവൃത്തികളിൽ ഒരേ തരത്തിലുള്ള പല വീഴ്ചകളും ബന്ധപ്പെട്ട ചട്ടങ്ങളോ ആഡിറ്റ് പരാമർശങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ വകവെയ്ക്കാതെ ആവർത്തിച്ച് സംഭവിക്കുന്നതായി കാണുന്നു. അത്തരത്തിൽ പ്രധാനപ്പെട്ട ഒരിനമാണ് കോൺട്രാക്ടറുടെ സ്വന്തം മണ്ണുപയോഗിച്ച് റോഡുപണിക്കും മറ്റ് വിവിധ ആവശ്യങ്ങൾക്കും ഭൂമിനികത്തുന്ന പ്രവൃത്തി (ഫില്ലിംഗ്). ഈ പ്രവൃത്തിക്ക് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് ഇനം 56 പ്രകാരം മണ്ണ് കുഴിച്ചെടുക്കുന്നതിന്റെ നിരക്കിനോടൊപ്പം കാലാകാലങ്ങളിൽ ഷെഡ്യൂൾ നിരക്കിൽ ലോറി കൺവേയൻസിന്റെ നിരക്കുകൂടി ചേർത്താണ് തയ്യാറാക്കുന്നത്. ലോറി കൺവേയൻസ് നിരക്ക് കയറ്റുന്നതിനും ഇറക്കുന്നതിനുമുള്ള ചാർജ് ചേർത്തവയാണെന്നും ലീഡും ലിഫ്റ്റും യഥാക്രമം 50 മീ.. 1.5 മീ. കവിയുന്നില്ലെങ്കിൽ ഇതിലേക്ക് പ്രത്യേകം തുക നല്കാവുന്നതല്ലെന്നും ഈ ഷെഡ്യൂളിൽ വിശദീകരിച്ചിട്ടുണ്ട്. ഇനം 56 പ്രകാരമുള്ള നിരക്കിലും ഒരു ലീഡും ലിഫ്റ്റും ചേർത്തിട്ടുണ്ട്. ആയതിനാൽ രണ്ട് ഇനങ്ങളും

കൂട്ടിച്ചേർക്കുമ്പോൾ സ്റ്റാൻഡേർഡ് ഡേറ്റാ ബുക്ക് ഇനം 58, 59 പ്രകാരം ഓരോ ലീഡും ലിഫ്റ്റും കുറവുചെയ്യേണ്ടതായിട്ടുണ്ട്. ഇക്കാര്യം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 13584/എഫ്.ഐ.ഡബ്ല്യു.സി-3/ധന/4-4-1986-ലെ സ്പഷ്ടീകരണം, 44424/ എഫ്.ഐ.ഡബ്ല്യു.സി-3/04/ധന/29-5-2004-ലെ കത്ത് എന്നിവയിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതൊന്നും വകവയ്ക്കാതെ ആവർത്തിച്ചുള്ള ആഡിറ്റ് പരാമർശങ്ങളെ തുടർന്നും അനുവദനീയമല്ലാത്ത നിരക്ക് തുടർന്നുവരുന്നതായി കാണുന്നു. ഇതിനുപോദ്ബലകമായി വകുപ്പുതല നിർദ്ദേശങ്ങളുള്ളതായും കാണുന്നു. കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ 2006-07 വർഷത്തിൽ പുറപ്പെടുവിച്ച ആഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ആഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഷെഡ്യൂൾ | അധിക നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം (രൂപ) | വർക്കിന്റെ പേര് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ശൂരനാട് തെക്ക് | 2003-04 | 3.8 | 1-7-1999 | 4,241 | താഴെതുണ്ടിൽ മുക്ക്-കമ്പനി മുക്ക് റോഡ് (എസ്. ജി.ആർ. വൈ. വർക്ക്) |
| 2 | ഓച്ചിറ | 2002-03 | 3.11 | 1-7-1999 | 7,863 | കല്ലൂർമുക്ക്-തോപ്പിൽമുക്ക് റോഡ് ടാറിംഗ് |
| 3 | ശൂരനാട് വടക്ക് | 2001-02 | 3.11 | 1-7-1999 | 26,886 | 2001-02 വർഷം ചെയ്തിട്ടുള്ള എല്ലാ വർക്കുകളും |
| 4 | തഴവാ | 2003-04 | 3.13 | 1-7-1999 | 10,531 | 2003-04 വർഷം ചെയ്ത എല്ലാ വർക്കുകളും |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 5 | പടിഞ്ഞാറെ കല്ലട | 2002-03 | 3.7 | 1-7-1999 | 73,671 | 2002-03 വർഷം കൺവീനർമാർ മുഖേന ചെയ്ത വർക്കുകൾ |
| 6 | പടിഞ്ഞാറെ കല്ലട | 2002-03 | 3.7 | 1-7-1999 | 45,903 | കോൺട്രാക്ടർ മാർ മുഖേന ചെയ്ത വർക്കുകൾ |
| 7 | തൊടിയൂർ | 2002-03 | 3.11 | 1-7-1999 | 62,814 | 2002-03 വർഷം ചെയ്ത വർക്കുകൾ |
| 8 | കുന്നത്തൂർ | 2003-04 | 3.7 | 1-7-1999 | 45,230 | 2003-04 വർഷം ചെയ്തിട്ടുള്ള എസ്. ജി.ആർ.വൈ വർക്കുകൾ |
| 9 | ക്ലാപ്പന | 2002-03 | 3.10 | 1-7-1999 | 79,915 | 2002-03 വർഷം ചെയ്തിട്ടുള്ള വർക്കുകൾ |
| 10 | പന്മന | 2002-03 | 3.12 | 1-7-1999 | 34,073 | ആൽത്തറമുക്ക് കോളനി റോഡ് ഗ്രാവലിംഗും മെറ്റലിംഗും |
| 11 | പന്മന | 2002-03 | 3.16 | 1-7-1999 | 75,896 | 2002-03 വർഷം ചെയ്തിട്ടുള്ള വർക്കുകൾ |
| | | | | ആകെ | 4,67,023 | |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.11.8.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. മരാമത്ത് പ്രവൃത്തികളിൽ ബന്ധപ്പെട്ട ചട്ടങ്ങളോ ഓഡിറ്റ് പരാമർശങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ കണക്കിലെടുക്കാതെ ഗ്രാമപഞ്ചായത്തിന് അനുവദിച്ച നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിക്കുന്നതിലൂടെ ഒരേ തരത്തിലുള്ള പല വീഴ്ചകളും ഉണ്ടാകുന്നതായി മനസ്സിലാക്കിയ സമിതി, ഗവൺമെന്റിന് ഉണ്ടായ നഷ്ടം ഈടാക്കാൻ എന്തുനടപടി സ്വീകരിച്ചുവെന്നും അധികനിരക്ക് അനുവദിക്കാനുള്ള മാനദണ്ഡമെന്താണെന്നും ആരാഞ്ഞു. പ്രസ്തുത ജോലികൾ ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർമാർക്കെതിരെ പി. ഡബ്ല്യു. ഡി. മാന്വൽ അനുസരിച്ചല്ല നടപടി എടുക്കുന്നതെന്നും അതിനായി പ്രത്യേകം മാന്വൽ ഉണ്ടെന്നും എന്നിരുന്നാലും പി.ഡബ്ല്യു.ഡി. മാന്വൽ അനുസരിക്കുകയോ എസ്. ആർ. ഒ. പ്രകാരമുള്ള മാന്വലുകളും കണക്കുകളും കർശനമായി പാലിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രശ്നങ്ങൾ ഇല്ലാതാകുമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. പി. ഡബ്ല്യു. ഡി. ഷെഡ്യൂൾ നിരക്ക് പഞ്ചായത്തുകൾക്ക് ബാധകമാണോ എന്ന സമിതിയുടെ ചോദ്യത്തിന്, ആയത് പഞ്ചായത്തുകൾക്ക് ബാധകമാണെന്നും കൂടുതൽ പദ്ധതികൾ ലഭിക്കാൻവേണ്ടി എസ്റ്റിമേറ്റ് തുക കുറച്ചുകാണിക്കുന്നതുകൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയാതെ വരികയും എക്സസ് ഉണ്ടാവുകയും പല പ്രവൃത്തികളുടെയും ക്വാളിറ്റിയിൽ വ്യത്യാസം ഉണ്ടാവുകയുമാണ് ചെയ്യുന്നതെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

102. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചീഫ് എഞ്ചിനീയർ, ചീഫ് ടെക്നിക്കൽ എക്സാമിനർ എന്നിവരിൽ നിന്നും തെളിവെടുക്കുവാൻ സമിതി തീരുമാനിച്ചു.

103. സമിതി തീരുമാനപ്രകാരം 24-7-2013-ലെ യോഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചീഫ് എഞ്ചിനീയർ, ചീഫ് ടെക്നിക്കൽ എക്സാമിനർ എന്നിവരിൽ നിന്നും തെളിവെടുപ്പുനടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പണികളിൽ പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കാത്തതിന്റെ ഭാഗമായുണ്ടാകുന്ന വീഴ്ചകൾ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവ സംയുക്തമായി ഈ വിഷയം വിശദമായി പരിശോധിച്ച് വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്നും ഇതിനായി ചട്ടങ്ങൾ ക്രോഡീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

104. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പണികളിൽ ബന്ധപ്പെട്ട ചട്ടങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ ഓഡിറ്റ് പരാമർശങ്ങളോ പാലിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സമിതി ഗൗരവമായി വീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഇത്തരം വീഴ്ചകളിലൂടെ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് പൊതുഖജനാവിന് ഉണ്ടാകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും ഓഡിറ്റിന്റെയും നിലപാടിൽ നിന്ന് വ്യത്യസ്തമായി സ്റ്റാൻഡേർഡ് ഡേറ്റാ ബുക്കിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിരുദ്ധമായി ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഒരോ ലീഡും ലിഫ്റ്റും അധികമായി നല്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിലുള്ള പല വീഴ്ചകളും സംഭവിക്കുന്നതായും പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ ബാധകമാണെന്ന് പറയുന്നുവെങ്കിലും അവ പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഗുണഭോക്തൃ സമിതി പ്രവൃത്തികളിൽ പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കുവാൻ പരിമിതികളുണ്ടെന്ന് ചില തെളിവെടുപ്പുവേളയിൽ സമിതി മുമ്പാകെ ഹാജരായ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിട്ടുള്ള കാര്യം സമിതി ഈയവസരത്തിൽ ഓർമ്മിക്കുന്നു. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവ സംയുക്തമായി പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്നും ഇതിനായി ചട്ടങ്ങൾ ക്രോഡീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതിയുടെ 24-7-2013-ലെ തെളിവെടുപ്പുയോഗം നിർദ്ദേശിച്ചിരുന്നെങ്കിലും ആയതിന് യാതൊരു മറുപടിയും ഭരണ വകുപ്പിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പൊതുമരാമത്ത് ചട്ടങ്ങൾ ക്രോഡീകരിച്ച് ആവശ്യമായ മാറ്റം വരുത്തി അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേക ചട്ടങ്ങൾ രൂപീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓച്ചിറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**എഫ്.റ്റി.എസ്.—സൂപ്പറാന്വേഷനശേഷം സർവ്വീസിൽ തുടർന്നു**

പഞ്ചായത്തിൽ ഫുൾ-ടൈം സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി ഉമ്മസിൽമാകഞ്ഞ് പെൻഷൻ തീയതിക്കുശേഷം 13 മാസം സർവ്വീസിൽ തുടർന്നതായി കാണുന്നു. ടിയാളുടെ ജനനത്തീയതി 15-11-1946 ആണ്. 7-6-1996 മുതൽ എഫ്.റ്റി.എസ്. ആയി ജോലി ചെയ്തുവരികയും 1-3-1997-ലെ ശമ്പള പരിഷ്കരണത്തെ തുടർന്ന് [ജി.ഒ.(പി)നമ്പർ 3000/98/25-11-1998] 2,610-3,680 രൂപ സ്കെയിലിൽ ശമ്പളം വാങ്ങുകയും ചെയ്തിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡിന്റെ സ്കെയിലിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർ 55 വയസ്സിൽ പെൻഷൻ ആകേണ്ടതാണ്. എന്നാൽ 30-11-2001-ൽ പെൻഷൻ ആകുന്നതിനു പകരം 31-1-2003 വരെ സർവ്വീസിൽ തുടർന്നു. റിട്ടയർമെന്റ് തീയതിക്കുശേഷം ടിയാളെ സർവ്വീസിൽ തുടരാനനുവദിക്കാനും ടി കാലയളവിൽ ശമ്പളവും അലവൻസുകളും നൽകാനുമുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നം.3.12.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

105. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

106. **സൂപ്പറാനവേഷന് ശേഷവും സർവ്വീസിൽ തുടർന്നുവരുന്ന ഫുൾ-ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, സൂപ്പറാന്വേഷൻ തീയതിവരെയുള്ള സർവ്വീസും വേതനവും കണക്കാക്കി നിശ്ചയിക്കാമെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വൃദ്ധസദനം ലക്ഷ്യപ്രാപ്തിയിൽ എത്താത്ത പ്രോജക്ട് പാഴ്ചെലവ്—₹ 1,11,310 [2004-05 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(3)]**

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗർ, അഗതികൾ, 65 വയസ്സിന് മുകളിലുള്ള വൃദ്ധജനങ്ങൾ എന്നിവർക്ക് ആരോഗ്യ സംരക്ഷണവും പോഷകാഹാരവും നൽകുക എന്ന ലക്ഷ്യത്തോടുകൂടി ആയുർവ്വേദ ഡോക്ടർ

നിർവ്വഹണ ഉദ്യോഗസ്ഥനായി 2004-05 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന പ്രോജക്ട് ആണ് വൃദ്ധസദനം. കെട്ടിട സൗകര്യം, കൊട്ടാരക്കര സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ ലഭ്യമായിരുന്നതിനാൽ ഫർണിച്ചറുകൾ, ചികിത്സാ ഉപകരണങ്ങൾ, ഔഷധങ്ങൾ, ആഹാര സാധനങ്ങൾ എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഇപ്രകാരം 61,310 രൂപയുടെ ഫർണിച്ചറുകൾ വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ 50,000 രൂപയുള്ള മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ₹ 3,40,250 പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എങ്കിലും ₹ 1,11,310 ആണ് തൻവർഷം ചെലവ് ചെയ്തിട്ടുള്ളത്. ഇത്രയും തുക ചെലവ് ചെയ്തിട്ടും തൻവർഷം ഈ പ്രോജക്ട് തുടങ്ങുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനുവേണ്ടി ആഹാരസാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവും, രണ്ട് ജീവനക്കാരെ നിയമിച്ച് ശമ്പളം നൽകുന്നതിനുള്ള ചെലവും ഉൾപ്പെടുത്തി തൊട്ടടുത്ത വർഷത്തെ പ്രോജക്ട് സമർപ്പിച്ചിരുന്നു എങ്കിലും ജീവനക്കാരെ നിയമിക്കുമ്പോൾ ഉള്ള തുടർചെലവുകൾ വഹിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രോജക്ടിന് അംഗീകാരം ലഭിച്ചതുമില്ല. ഇത്തരത്തിൽ തുടർ ചെലവുകൾ വരുന്ന ഒരു പ്രോജക്ടിന് ധനാഗമമാർഗ്ഗം എങ്ങനെ എന്ന് ചിന്തിക്കാതെ ദീർഘവീക്ഷണമില്ലാതെ നടപ്പിലാക്കുവാൻ ശ്രമിച്ച ഒരു പ്രോജക്ടായി ഇതിനെ വിലയിരുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.13.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

107. ഓഡിറ്റ് പരാമർശത്തിന് വിധേയമായ വൃദ്ധസദനത്തിനുവേണ്ടി 1,11,310 രൂപ ചെലവഴിച്ചെന്നും കൊട്ടാരക്കര ആയുർവ്വേദ ആശുപത്രിയിൽ കെട്ടിട സൗകര്യം ലഭ്യമായിരുന്നതിനാൽ ഫർണിച്ചർ, ചികിത്സാ ഉപകരണങ്ങൾ, ഔഷധങ്ങൾ ആഹാരസാധനങ്ങൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെന്നും നിരീക്ഷിച്ച സമിതി കെട്ടിടമില്ലാതെ വൃദ്ധസദനം പ്രവർത്തിപ്പിക്കുന്ന പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചതാണോ എന്ന് ആരാഞ്ഞു. ഡി. പി. സി. അംഗീകരിച്ചിട്ടുണ്ടെന്ന് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

108. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തദവസരത്തിൽ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. വൃദ്ധസദനത്തിൽ അന്തേവാസികളെ പാർപ്പിക്കുന്നില്ലെങ്കിലും മരുന്നുകളും ഫർണിച്ചറും ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് ഉപയോഗിച്ചു എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ഓഡിറ്റ് തടസ്സം ഒഴിവാക്കിയതെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ നടപടിയെടുക്കണമെന്ന് നിർദ്ദേശിച്ചു.

109. ആയുർവ്വേദ ഹോസ്പിറ്റൽ വഴി നടപ്പിലാക്കുന്ന പ്രോജക്ട് എന്ന നിലയ്ക്കാണോ ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയത് എന്ന സമിതിയുടെ ചോദ്യത്തിന് ആയത് പരിശോധിച്ചിട്ടില്ല എന്ന് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

110. ഈ സാഹചര്യത്തിൽ, വൃദ്ധസദനം നടപ്പിലാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് ആയതിന്റെ വിശദാംശങ്ങൾ അടങ്ങിയ (ഗുണഭോക്താക്കൾ ആശുപത്രി വാർഡിലുള്ളവരാണോ, എത്ര അനാഥരായ വൃദ്ധന്മാരുണ്ട്, എത്ര പേരെയാണ് സംരക്ഷിക്കേണ്ടത്, തൽക്കാലം കെട്ടിടമില്ലെങ്കിൽ ആശുപത്രിയിലാണോ സംരക്ഷിക്കേണ്ടത് എന്നീ കാര്യങ്ങൾ ഉൾപ്പെടെ) റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സൂക്ഷ്മപരിശോധന നടത്തിയ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് |
|---|---|
| 111. കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ വികലാംഗർ, അഗതികൾ, 65 വയസ്സിനു മുകളിലുള്ള വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടായിരുന്നു വൃദ്ധസദനകെട്ടിടം ആയുർവ്വേദ ആശുപത്രിയുടെ കോമ്പൗണ്ടിൽ പണി കഴിപ്പിക്കുകയും ആയതിലേക്കാവശ്യമായ ഫർണിച്ചർ 63,000 രൂപ ചെലവഴിച്ച് വാങ്ങുകയും ചെയ്തു. അനാഥരായ വൃദ്ധൻമാർ ആരുംതന്നെ ഇപ്പോൾ ആശുപത്രിയിലോ വൃദ്ധസദനത്തിലോ പാർക്കുന്നില്ലായെന്നും ഇപ്പോഴും കെട്ടിടത്തിന് യാതൊരു കേടുപാടുകളും ഇല്ലാ എന്ന വിവരവും ആയുർവേദ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. | വൃദ്ധസദനത്തിൽ ഇപ്പോൾ ആരുംതന്നെ പാർക്കുന്നില്ലായെന്നും വൃദ്ധസദനത്തിന്റെ ഒരു മുറി ആയുർവ്വേദ മരുന്നുകൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നതായും കെട്ടിടത്തിന് ഇപ്പോൾ യാതൊരു കേടുപാടുകളും ഇല്ലായെന്നും പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ ടെറസ്സിനു മുകളിൽ ഉപയോഗശൂന്യമായ നിലയിൽ ലോഹ നിർമ്മിതങ്ങളായ പത്ത് കട്ടിലുകൾ കൂട്ടിയിട്ടിരിക്കുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |

**നിഗമനങ്ങൾ/ശിപാർശകൾ**

112. **കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ 2004-05-ലെ വൃദ്ധസദനം പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല എന്ന് സമിതി വിലയിരുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിലും തെളിവെടുപ്പ് വേളയിലും വൃദ്ധസദനത്തിന് ആയുർവ്വേദ**

ആശുപത്രിയിൽ കെട്ടിട സൗകര്യമുണ്ടായിരുന്നു എന്നാണ് പരാമർശിച്ചിട്ടുള്ളത്. എന്നാൽ സമിതി നിർദ്ദേശ പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ വൃദ്ധസദനത്തിന് ആയുർവ്വേദ ആശുപത്രി കോമ്പൗണ്ടിൽ കെട്ടിടം നിർമ്മിച്ചതായി പ്രസ്താവിക്കുന്നു. പത്ത് കട്ടിലുകൾ കെട്ടിടത്തിന്റെ മുകളിൽ ഉപയോഗശൂന്യമായി കിടക്കുന്നതായി ഓഡിറ്റ് നല്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചു. ഈ സാഹചര്യത്തിൽ 3,40,250 അടങ്കൽ തുകയുള്ള ഈ പദ്ധതിക്ക് ആകെ എത്ര തുക ചെലവായെന്നും പ്രസ്തുത തുക ഏതൊക്കെ ആവശ്യത്തിനായാണ് വിനിയോഗിച്ചതെന്നും ഇതിനായി പ്രത്യേക കെട്ടിടം നിർമ്മിച്ചിട്ടുണ്ടോയെന്നും എങ്കിൽ ടി കെട്ടിടവും പദ്ധതി തുക വിനിയോഗിച്ച് വാങ്ങിയ ഫർണിച്ചറും ഇപ്പോൾ എന്താവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്നും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിക്കായി മാറ്റിവെച്ച എന്തെങ്കിലും തുക അതേ അക്കൗണ്ടിൽ ഇനിയും അവശേഷിക്കുന്നുണ്ടോ എന്നും എങ്കിൽ പ്രസ്തുത തുക പിൻവലിച്ച് സർക്കാരിലേക്ക് തിരികെ അടയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

**മത്സ്യസംഭരണ വിതരണ കേന്ദ്രം നിർമ്മിക്കൽ—നിർവ്വഹണത്തിലെ ഗൗരവതരമായ അപാകതകൾ**

**[2004-05 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3(9)]**

കൊട്ടാരക്കര ടൗണിൽ മത്സ്യ സംഭരണ വിതരണ കേന്ദ്രം നിർമ്മിക്കുന്നതിന് പ്രോജക്ട് നമ്പർ 47/98-99 ആയി ആരംഭിച്ച ടി പ്രോജക്ടിന്റെ ആദ്യ എസ്റ്റിമേറ്റ് ₹ 47,50,000 ആയിരുന്നു. ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്ന പ്രോജക്ടിന് 44,18,968 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഇതിന്റെ നിർമ്മാണച്ചുമതല നിർമ്മിതി കേന്ദ്രത്തെ പഞ്ചായത്ത് കമ്മിറ്റി ഏൽപ്പിച്ചു.

നിർമ്മിതി കേന്ദ്രത്തിന്റെ 75.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി 25-7-2000-ൽ അംഗീകാരം നൽകി എങ്കിലും ഡി.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. പിന്നീട് 14-3-2005-ൽ നിർമ്മിതികേന്ദ്രം സമർപ്പിച്ച 53,79,270 രൂപയുടെ എസ്റ്റിമേറ്റിന് ഡി.എൽ.ഇ.സി-യുടെ അംഗീകാരം ലഭിച്ചു. 27-3-1999-ലെ സർക്കാർ ഉത്തരവ് 5191/പി1/99/എൽ.എ.ഡി.(189) പ്രകാരം ₹ 10,00,000 നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് നൽകുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 27-3-1999 മുതൽ 18-2-2005 വരെ ആകെ ₹ 30,23,713 ആണ് നിർമ്മിതി കേന്ദ്രത്തിന് നൽകിയത്. ഇതിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള ആദ്യ ₹ 10,00,000 അഡ്വാൻസ് തുകയും പിന്നീട് നൽകിയ

അഡ്വാൻസുകളും പാർട്ട് പെയ്മെന്റുകളുമാണ്. ആദ്യ അഡ്വാൻസ് ഒഴികെയുള്ളവ കേരള വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

നിർമ്മിതി കേന്ദ്രവുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാറിൽ പണി പൂർത്തിയാക്കുവാൻ ആവശ്യമുള്ള കാലാവധി സൂചിപ്പിച്ചിട്ടില്ല. ഇപ്രകാരം കരാർ വച്ചിട്ടുള്ളത് നിയമപരമല്ല. 1998-99-ലെ പ്രോജക്ട് 2004-05 വർഷത്തിലും പൂർത്തീകരിക്കാത്ത സാഹചര്യമാണ് നിലവിൽ ഉള്ളത്. നിർമ്മാണത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല. സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിച്ച് പഞ്ചായത്തിന്റെ മുടക്കുമുതലിന് ഉണ്ടാകാവുന്ന നഷ്ടം ഒഴിവാക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടികൾ ഒന്നും കൈക്കൊണ്ടതിന്റെ വിശദാംശങ്ങൾ ഇല്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.13.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കിയതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത നടപടി അനുചിതമാകയാൽ ഈ വിഷയം പുനഃപരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

114. കൊട്ടാരക്കര ടൗണിൽ ഒരു മത്സ്യ സംഭരണ വിതരണ കേന്ദ്രം നിർമ്മിക്കുക എന്ന ഉദ്ദേശത്തോടുകൂടി 1998-99 വർഷം പദ്ധതി രൂപീകരിക്കുകയും, ആയതിന് എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിന് ക്രിയേഷൻസ് ബിൽഡിംഗ് കൺസൾട്ടന്റ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് പഞ്ചായത്ത് കരാർ നൽകുകയും ചെയ്തു. ഈ സ്ഥാപനം ആദ്യം 47,50,000 രൂപയുടെയും പിന്നീട് 75,70,000 രൂപയുടെയും എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി തൻവർഷം തന്നെ പഞ്ചായത്തിന് സമർപ്പിച്ചു. ഗുണഭോക്തൃസമിതി വഴി നിർമ്മാണം നടത്താൻ തീരുമാനിച്ചിരുന്ന മേൽ പ്രോജക്ടിന് 44,18,968 രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയെങ്കിലും പിന്നീട് ടി പ്രവൃത്തി സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

അംഗീകൃത എസ്റ്റിമേറ്റ് പരിശോധിച്ച നിർമ്മിതി കേന്ദ്രം, എസ്റ്റിമേറ്റ് തയ്യാറാക്കിയത് 1996-ലെ പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ റേറ്റ് പ്രകാരമാണ് എന്നും ടി ഷെഡ്യൂൾ പ്രകാരം പണി ഏറ്റെടുക്കുവാൻ കഴിയില്ലായെന്നും അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഷെഡ്യൂൾ റേറ്റായ 1999-ലെ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യപ്പെടുകയും 75.7 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർമ്മിതി കേന്ദ്രം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. 25-7-2000-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി ഈ എസ്റ്റിമേറ്റ് അംഗീകരിക്കുയും സാങ്കേതികാനുമതിക്കായി ഈ എസ്റ്റിമേറ്റ് ഡി.എൽ.റ്റി.സി.ക്ക് സമർപ്പിക്കുകയും ചെയ്തു. ഡി.എൽ.റ്റി.സി.—ടി എസ്റ്റിമേറ്റ് സംസ്ഥാനതല സാങ്കേതിക സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചെങ്കിലും ടി സമിതി ഇതിന് അംഗീകാരം നൽകുകയുണ്ടായില്ല.

115. ഇതിനിടയിൽ 27-3-1999-ലെ സർക്കാർ ഉത്തരവ് 5194/പി1/99/എൽ.എ.ഡി. (189) പ്രകാരം 10,00,000 രൂപ നിർമ്മിതി കേന്ദ്രത്തിന് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അഡ്വാൻസ് നൽകി. പിന്നീട് സർക്കാർ അനുമതിയില്ലാതെ 6,00,000 രൂപയും അഡ്വാൻസ് നൽകിയതായി കാണുന്നു.

116. പഞ്ചായത്തിൽ നിന്നും നൽകിയ സാങ്കേതികാനുമതി അപേക്ഷയും റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 28-2-2001-ലെ 55841/ഡി.പി2/2000/തസ്വഭവ നമ്പർ കത്ത് പ്രകാരം സാങ്കേതികാനുമതി ലഭിക്കുന്നതിനുമുമ്പ് നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് നൽകിയ നടപടി ഗുരുതരമായ വീഴ്ചയാണ് എങ്കിലും ശിക്ഷാനടപടികൾ ഒഴിവാക്കുന്നതായും തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് പുതിയ പ്രോജക്ട് തയ്യാറാക്കി ബന്ധപ്പെട്ട വിഷയം സമിതിയുടെ അംഗീകാരം നേടുന്നതിനും നിർദ്ദേശിച്ചിരുന്നു.

117. പ്രസ്തുത സർക്കാർ കത്തിന്റെ വെളിച്ചത്തിൽ 2002-03-ലെ എസ്.144/03 നമ്പർ തുടർ പ്രോജക്ട് പ്രകാരം തൻവർഷത്തേക്ക് 3,22,373 രൂപയും ബാക്കി തുക തുടർ വർഷങ്ങളിലേക്കും വകയിരുത്തിക്കൊണ്ടുള്ള 43,55,000 രൂപ മൊത്തം അടങ്കൽ വരുന്ന പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി ഡി.എൽ.റ്റി.സി.ക്ക് നൽകിയിരുന്നു. എന്നാൽ ഡി.എൽ.റ്റി.സി.യിൽ നിന്നും ടി പ്രോജക്ടും എസ്റ്റിമേറ്റും വിഷയ ഗ്രൂപ്പിന്റെ 'ബി' വിഭാഗത്തിൽ തീർപ്പാക്കാതെ സൂക്ഷിക്കുകയും ഏകദേശം ഒരു വർഷത്തിനുശേഷം ഗ്രൂപ്പ് 'എ'-യ്ക്ക് നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് തിരിച്ചു നൽകുകയും ചെയ്തതായി ഡി.എൽ.റ്റി.സി. കൺവീനർക്കുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ 14-7-2004-ലെ ഇ 5-624/01 നമ്പർ കത്തിൽ പരാമർശിച്ചിരുന്നു.

118. പിന്നീട് 14-3-2005-ൽ നിർമ്മിതി കേന്ദ്രം തയ്യാറാക്കി നൽകിയ 53,79,270 രൂപയുടെ എസ്റ്റിമേറ്റിന് ഡി. എൽ. റ്റി. സി. അംഗീകാരം നൽകുകയുണ്ടായി.

ഡി.എൽ.റ്റി.സി. അംഗീകാരം ലഭിച്ച 14-3-2005 വരെ താഴെപ്പറയും പ്രകാരം 30,23,713 രൂപ അഡ്വാൻസ് ആയും പാർട്ട് ബിൽ തുകയായും പഞ്ചായത്ത് നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്:

| ക്രമനമ്പർ | ചെക്ക് നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| 1 | 556069 | 27-7-1999 | 5,00,000 |
| 2 | 165508 | 28-3-2000 | 5,00,000 |
| 3 | 165510 | 30-3-2000 | 5,00,000 |
| 4 | 165513 | 31-3-2000 | 1,00,000 |
| 5 | 8730439(പാർട്ട് ബിൽ പ്രകാരം) | 29-10-2003 | 2,23,713 |
| 6 | 166902 | 1-1-2004 | 3,00,000 |
| 7 | 420761 | 25-5-2004 | 3,00,000 |
| 8 | 6264363 | 1-7-2004 | 2,00,000 |
| 9 | 0264378 | 31-8-2004 | 1,00,000 |
| 10 | 165513 | 31-3-2000 | 1,00,000 |
| 11 | 422182 | 13-10-2004 | 1,00,000 |
| 12 | 520029 | 18-2-2005 | 2,00,000 |
| | | ആകെ | 30,23,713 |

119. ഡി.പി.സി. അംഗീകാരം ലഭ്യമാക്കുന്നതിനുമുമ്പ് സർക്കാർ അനുവാദം ഇല്ലാതെ 6,00,000 രൂപ അഡ്വാൻസ് നൽകിയതിന് സർക്കാർ സാധൂകരണം നൽകി എങ്കിലും പിന്നീട് നൽകിയ പാർട്ട് ബിൽ പേയ്മെന്റുകൾ 28-2-2001-ലെ 55841/ഡി.പി2/2001/തസ്വഭവ. സർക്കാർ നിർദ്ദേശത്തിനും കേരള വികസന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്.

120. ഡി.പി.സി. അംഗീകാരം ലഭ്യമായതിനുശേഷം പഞ്ചായത്ത് നിർമ്മിതി കേന്ദ്രവുമായി 24-6-2005-ന് സപ്ലിമെന്ററി കരാർ ചമച്ചിട്ടുണ്ട് (ആദ്യ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല). ടി കരാറിലും പ്രവൃത്തി പൂർത്തീകരിക്കുന്ന കാലാവധി രേഖപ്പെടുത്തിയിട്ടില്ല. 14-3-2005-നുശേഷം താഴെപ്പറയുന്ന തുകകൾ ഈ ഇനത്തിൽ ചെലവഴിച്ചതായി കാണുന്നു:

| ക്രമ നമ്പർ | ഇനം | ചെക്ക്/ഡി.ഡി. നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | പാർട്ട് ബിൽ | ചെക്ക് നമ്പർ 810971 | 30-4-2005 | 2,50,000 |
| 2 | ഡിസൈൻ ചാർജ് ക്രിയേഷൻസ്, തിരുവനന്തപുരം | ചെക്ക് നമ്പർ 521331 | 6-8-2005 | 2,08,554 |
| 3 | പാർട്ട് ബിൽ | ഡി.ഡി. നമ്പർ 000110 | 10-8-2005 | 5,32,539 |
| 4 | ഫൈനൽ ബിൽ | ഡി.ഡി.നമ്പർ 000584 | 5-4-2006 | 2,02,038 |

121. ഈ പ്രവൃത്തിയുടെ എം.ബുക്ക് നമ്പർ 5/2004-05 (പേജ് നമ്പർ 80) പരിശോധിച്ചതിൽ 28-8-2005-ന് പണി പൂർത്തീകരിച്ചതായും 46,77,459 രൂപ പ്രവൃത്തി മൂല്യമുള്ള ഫൈനൽ ബിൽ നിർമ്മിതി കേന്ദ്രം സമർപ്പിച്ചതായും കാണുന്നു. ഓരോ ഇനത്തിലും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് ലിമിറ്റ് ചെയ്ത് ആകെ പ്രവൃത്തി മൂല്യം 36,43,900 രൂപയിൽ ലിമിറ്റ് ചെയ്തിട്ടുണ്ട്. ടി തുകയുടെ 10% ഇൻസ്റ്റിറ്റ്യൂഷൻ ചാർജ് ഉൾപ്പെടെ 40,08,290 രൂപ ടി നിർമ്മാണത്തിനുവേണ്ടി പഞ്ചായത്ത് നിർമ്മിതി കേന്ദ്രത്തിന് നാളിതുവരെ നൽകിയിട്ടുണ്ട് (ഡിസൈൻ ചാർജ്ജ് ഇനത്തിൽ 2,08,554 രൂപ ക്രിയേഷൻസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്). പ്രാദേശിക പരിശോധനാ സമയത്ത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത കേന്ദ്രം സന്ദർശിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ പൂർത്തീകരിച്ചതായും വിപണന കേന്ദ്രം നല്ല രീതിയിൽ പ്രവർത്തിക്കുന്നതായും ബോദ്ധ്യപ്പെട്ടു. ടി മത്സ്യ സംഭരണ വിതരണ കേന്ദ്രത്തിന്റെ വരവ് രജിസ്റ്റർ പരിശോധിച്ചതിൽ 2006-07 വർഷം മുതൽ ടി സ്റ്റാളുകൾ ലേലം ചെയ്ത് നൽകുന്നതായും നാളിതുവരെ 42,61,815 രൂപ ഈയിനത്തിൽ പഞ്ചായത്തിന് വരവ് വന്നിട്ടുള്ളതായും കാണുന്നു.

122. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനവും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വലിയ കാലതാമസവും ഉണ്ടായിട്ടുണ്ടെങ്കിലും മത്സ്യ സംഭരണ വിതരണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും, ഇപ്പോൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു എന്നാണ് മേൽ വസ്തുതകളിൽ നിന്ന് വ്യക്തമാകുന്നത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

**123. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനവും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വലിയ കാലതാമസവും ഉണ്ടായിട്ടുള്ളത് സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടായാൽ കർശനമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. മത്സ്യ സംഭരണ വിതരണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയായെന്നും ഇപ്പോൾ ആദായകരമായി പ്രവർത്തിച്ചുവരുന്നു എന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജനകീയ പാർപ്പിട പദ്ധതി—പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ**
**ഓഡിറ്റ് റിപ്പോർട്ട്; 2002-03 ഖണ്ഡിക 3.11**

വെസ്റ്റ് കല്ലട സർക്കിൾ, വി.ഇ.ഒ., കണത്താർകുന്നം സർക്കിൾ എൽ.വി.ഇ.ഒ. എന്നിവരാണ് ജനകീയ പാർപ്പിട പദ്ധതി 2000-01 വർഷം മുതൽ നിർവ്വഹണം നടത്തിവരുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പല അപാകതകളും ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. 30-1-2001-ൽ വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ ബാങ്കിലുള്ള എൽ.വി.ഇ.ഒ.യുടെ അക്കൗണ്ടിൽ (നമ്പർ 3682) നിന്ന് 5,68,250 രൂപ വി.ഇ.ഒ.യുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3884) ക്രെഡിറ്റ് ചെയ്തതായി കാണുന്നു. 27-2-2001-ൽ വി.ഇ.ഒ.യുടെ അക്കൗണ്ടിൽ നിന്നും 5,12,400 രൂപ തിരികെ എൽ.വി.ഇ.ഒ.യുടെ അക്കൗണ്ടിലേക്ക് മാറ്റി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തൻമൂലം 55,850 രൂപ കുറച്ചാണ് എൽ.വി.ഇ.ഒ. അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടുള്ളത്. 31-3-2003-ൽ 62,700 രൂപ എൽ.വി.ഇ. ഒ.-യുടെ അക്കൗണ്ടിൽ നിന്നും വീണ്ടും വി. ഇ. ഒ.യുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി കാണുന്നു. ഈ തുകയും 27-2-2001-ൽ വ്യത്യാസം വന്ന 55,850 രൂപയും ഉൾപ്പെടെ ആകെ 1,18,550 രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ

പരിശോധനയ്ക്ക് ആവശ്യപ്പെട്ടപ്പോൾ 61,108 രൂപയുടെ ചെലവ് സംബന്ധമായ രേഖകൾ മാത്രമേ ആഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 57,442 രൂപയുടെ ചെലവിന്റെ വിശദവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, ആയതിന്റെ രേഖകൾ ഹാജരാക്കാനും വിശദീകരണം നൽകാനും കഴിയുന്നില്ല എന്ന് ഇപ്പോഴത്തെ എൽ.വി.ഇ.ഒ. രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്.

വി. ഇ. ഒ. നടപ്പിലാക്കുന്ന ജനകീയ പാർപ്പിട പദ്ധതിയുടെ ഒരു ഗുണഭോക്താവിന് 32,900 രൂപ അനുവദിച്ച് നൽകിയശേഷം 26-2-2001-ൽ വി.ഇ.ഒ. അയച്ച കത്തിൽ, വീട് നിർമ്മിക്കുന്നത് ഗുണഭോക്താവിന്റെ പിതാവിന്റെ പേരിലുള്ള വസ്തുവിലെ പഴയ കെട്ടിടത്തിനോട് ചേർന്നായതിനാൽ നൽകിയ ആനുകൂല്യം മുഴുവനും തിരിച്ചടയ്ക്കണമെന്ന് ഗുണഭോക്താവിനോട് ആവശ്യപ്പെട്ടതായി കാണുന്നു. 26-2-2001-ൽ മുന്നറിയിപ്പ് നൽകിയതിനുശേഷം 4-1-2002-ലും ആനുകൂല്യം നൽകിയതിനാൽ, വി. ഇ. ഒ. പദ്ധതി നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി അനുമാനിക്കുന്നു. ഗുണഭോക്താവ് പണം ദുർവിനിയോഗം ചെയ്തുവെന്ന് ബോദ്ധ്യമായിട്ടും തുടർന്നുള്ള ഗഡുക്കൾ നൽകുകയും തുക തിരിച്ചു പിടിക്കാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.14.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. രണ്ട് വി. ഇ. ഒ.-മാരുടെ ബാങ്ക് അക്കൗണ്ടുകളിലെ എൻട്രികളിൽ ബാങ്കിന് പറ്റിയ പിശകാണെന്നും ആയത് തിരുത്തിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെയും, ഓഡിറ്റിന്റെ പുനഃപരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച പരാമർശം നീക്കാൻ സമിതി നിർദ്ദേശിച്ചു. ക്രമവിരുദ്ധമായി പണിത വീട് പൊളിച്ച് പുതിയ വീട് നിർമ്മിച്ചതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവും ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

125. **രണ്ട് വി. ഇ. ഒ.-മാരുടെ ബാങ്ക് അക്കൗണ്ടുകളിലെ എൻട്രികളിൽ ബാങ്കിന് പറ്റിയ പിശകാണെന്നും ആയത് തിരുത്തിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി, ക്രമവിരുദ്ധമായി പണിത വീടുകൾ പൊളിച്ച് പുതിയ വീടുകൾ പണിതു എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പന്മന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുടുംബശ്രീ ഫണ്ട് ദുരുപയോഗം ചെയ്തു. നടപടി സ്വീകരിച്ചില്ല.**
**ഓഡിറ്റ് റിപ്പോർട്ട്; 2004-05 ഖണ്ഡിക 3.14.**

പഞ്ചായത്തിലെ കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിൽ പരിശോധിച്ചപ്പോൾ കുടുംബശ്രീ ഫണ്ടിൽ നിന്നും ലക്ഷങ്ങൾ തിരിമറി നടത്തിയിട്ടുള്ളതായി കാണുന്നു. 28-9-2002 മുതൽ 17-8-2006 വരെയുള്ള കാലയളവിൽ സി. ഡി. എസ്. ചെയർപേഴ്സണ് 36,010 രൂപ വിവിധ ആവശ്യങ്ങൾക്ക് നൽകിയത് കൂടാതെ ചാർജ് ഓഫീസറായിരുന്ന ശ്രീ. ജയൻ, വി. ഇ. ഒ. 7,42,363 രൂപ നേരിട്ട് ചെക്കെഴുതി മാറിയിരിക്കുന്നു. എന്നാൽ ഇവയുടെ ചെലവ് വിവരം രേഖപ്പെടുത്തുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ഉണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് കുടുംബശ്രീ ചാർജ്ജ് ഓഫീസർ, ചെയർപേഴ്സൺ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദീകരണത്തിനായി വിളിച്ചുചേർത്ത 7-8-2006-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ചാർജ്ജ് ഓഫീസർ സ്വകാര്യ ആവശ്യങ്ങൾക്കായി 4,15,393 രൂപ "താൽക്കാലിക തിരിമറി നടത്തി എടുത്തിട്ടുള്ളതായും" ആയത് തിരിച്ചടയ്ക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തി കാണുന്നു.

പഞ്ചായത്ത് മുമ്പാകെ പണാപഹരണം നടത്തി എന്ന് വെളിപ്പെടുത്തിയിട്ടും ഗുരുതരമായ ഈ പണാപഹരണം വളരെ ലാഘവത്തോടെയാണ് പഞ്ചായത്ത് കണ്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് ഭരണവകുപ്പിൽ നിന്നും യുക്തമായ അന്വേഷണം നടത്തി ക്രമക്കേടിന്റെ വ്യാപ്തി നിർണ്ണയിച്ച് നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07, ഓ.ഖ.നമ്പർ 3.16.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് 2009-ൽ പ്രസ്തുത കേസ് വിജിലൻസിന് വിട്ടിട്ടുണ്ടെന്നും ടിയാളെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ അറിയിച്ചു. വിജിലൻസ് പ്രസ്തുത കേസിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് സമിതി ആരാഞ്ഞതിന് ഗ്രാമവികസന വകുപ്പാണ് കേസ് വിജിലൻസിന് വിട്ടതെന്നും ഗ്രാമവികസന കമ്മീഷണറെക്കൂടി ചർച്ചയിൽ ഉൾപ്പെടുത്തണമെന്നും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

127. ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണറിൽ നിന്നും തെളിവെടുക്കുന്നതിന് സമിതി തീരുമാനിച്ചു.

128. സമിതിയുടെ 24-7-2013 -ലെ യോഗം ഗ്രാമവികസന കമ്മീഷണറിൽ നിന്നും തെളിവെടുപ്പ് നടത്തി. ആരോപണവിധേയനായ വി. ഇ. ഒ. കുറ്റം ചെയ്തതായി വ്യക്തമായ സാഹചര്യത്തിൽ വിജിലൻസ് കേസ് പിൻവലിക്കാൻ നടപടി സ്വീകരിച്ച് ടിയാനെതിരെ ക്രിമിനൽ കേസെടുക്കണമെന്നും ഇയാൾക്കെതിരെ സ്വീകരിച്ച ലഘുവായ ശിക്ഷാനടപടി പുനഃപരിശോധിച്ച് മാതൃകാപരമായ ശിക്ഷ നൽകണമെന്നും ദുരുപയോഗം ചെയ്ത തുകയുടെ പലിശ ഈടാക്കി മൂന്നുമാസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

129. വിജിലൻസ് വകുപ്പ് അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതായി അറിയുന്നു. അന്വേഷണ റിപ്പോർട്ട്/സർക്കാർ നിർദ്ദേശം ഈ വകുപ്പിന് ലഭിച്ചിട്ടില്ല. കൊല്ലം ജില്ലയിലെ ചവറ പോലീസ് സ്റ്റേഷനിൽ നിർവ്വഹണോദ്യോഗസ്ഥനായ (ശ്രീ. എസ്. ജയൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) എന്നയാൾക്കെതിരെ ഐ. പി. സി. സെക്ഷൻ 420, 465, 468, 471 പ്രകാരം ക്രിമിനൽ കേസ് (നമ്പർ 1055/13) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടിയാനെതിരെ സ്വീകരിച്ച ശിക്ഷാനടപടി (മൂന്ന് വർഷത്തേക്ക് ഉദ്യോഗക്കയറ്റം തടഞ്ഞുകൊണ്ടുള്ളത്) പുനഃപരിശോധിച്ചു. എന്നാൽ സർവ്വീസിൽ പ്രവേശിച്ച അതേ തസ്തികയിൽ തന്നെയാണ് ശ്രീ. ജയൻ ഇപ്പോഴും തുടരുന്നത് എന്നതിനാലും 31-3-2014-ൽ സർവ്വീസിൽ നിന്നും ടിയാൻ വിരമിക്കുന്നതിനാലും അതിനിടെ ടിയാന് ഉദ്യോഗക്കയറ്റം ലഭിക്കാൻ സാധ്യതയില്ലാത്തതിനാലും ഇപ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ശ്രീ. ജയൻ ദുരുപയോഗം ചെയ്ത തുകയ്ക്ക് 18% പലിശനിരക്കിൽ 5,38,254 രൂപ ബന്ധപ്പെട്ട സർക്കാർ ശീർഷകത്തിൽ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

130. ഗ്രാമവികസന കമ്മീഷണറുടെ 7-1-2015-ലെ 11247/എസ്റ്റാ.എ 2/11/ സി.ആർ.ഡി. നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. വി. മോഹനകൃഷ്ണൻ 24-9-2014-ൽ ശ്രീ. എസ്. ജയനെ നേരിൽ കേൾക്കുകയുണ്ടായി എന്നും പലിശയിനത്തിലെ 5,38,254 രൂപ തിരികെ അടയ്ക്കാൻ ടിയാന് കഴിയില്ലെന്നും സ്വന്തമായി ഭൂമിയോ വാസസ്ഥലമോ ഇല്ലായെന്നും ടിയാൻ പ്രൊമോഷൻ ലഭിക്കാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിത്തന്നെ പെൻഷൻ പറ്റിയ സാഹചര്യത്തിലും നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാലും മാനുഷിക പരിഗണന നൽകി ടിയാൻ അനധികൃതമായി കൈപ്പറ്റിയ തുകയുടെ പലിശ 18 ശതമാനം എന്നത് 3 ശതമാനം ആയി കണക്കാക്കി ടിയാന്റെ ഡി. സി. ആർ. ജി.യിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതിയോട് അഭ്യർത്ഥിച്ചിരുന്നു.

131. സമിതിയുടെ 11-2-2015-ലെ യോഗം ഗ്രാമവികസന കമ്മീഷണറുടെ കത്ത് പരിഗണിക്കുകയും ശ്രീ. ജയനിൽ നിന്നും ഈടാക്കേണ്ട 18 ശതമാനം പലിശ 3 ശതമാനമായി കുറയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

132. **ആരോപണവിധേയനായ വി. ഇ. ഒ.യ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പും ആയതിന്മേൽ സ്വീകരിച്ച നടപടി, ടിയാനെതിരെ ഫയൽ ചെയ്തിട്ടുള്ള ക്രിമിനൽ കേസിന്റെ നിലവിലെ സ്ഥിതി, ടിയാൻ ദുരുപയോഗം ചെയ്ത തുകയുടെ 3 ശതമാനം പലിശ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയതിന്റെ റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

പെരിനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഖാദി വ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചു—തുക നിരാകരിക്കുന്നു.**

ചെറുമൂട് ഖാദി വ്യവസായ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി 1999-2000 വർഷം 44,678 രൂപ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 31-10-1998-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഖാദി ബോർഡ്, പ്രോജക്ട് ആഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരഞ്ഞെടുക്കുകയുണ്ടായി. എന്നാൽ 6-8-1997-ലെ ജി. ഒ .പി. നമ്പർ 676/97/ഫിൻ. ഉത്തരവ് പ്രകാരമുള്ള പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ധനവിനിയോഗ ചട്ടങ്ങളൊന്നും പാലിക്കപ്പെട്ടതായി കാണുന്നില്ല. മേൽ പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും യോഗം വിളിച്ചുചേർത്ത് നിർവ്വഹണകാര്യം ചർച്ച ചെയ്യുകയും അവരുടെ പേരിൽ പദ്ധതി തുക നിക്ഷേപിക്കാനായി പുതുതായി ഒരു പി. ഡി. അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശിക്കുകയും അതിനായി ഓരോ ആഫീസർക്കും അലോട്ട്മെന്റ് ലെറ്റർ, ട്രഷറി ചെക്ക്, പി.ഡി.അക്കൗണ്ട് തുടങ്ങാൻ അധികാരപ്പെടുത്തുന്ന കത്ത് എന്നിവ നൽകണമെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. എന്നാൽ 31-3-2000-ലെ 380974-ാം നമ്പർ ചെക്ക് പ്രകാരം 44,678 രൂപ ഖാദി ബോർഡ് ജില്ലാ ആഫീസറുടെ പി. ഡി. അക്കൗണ്ടിലേക്ക് മാറ്റാതെ ടി. പി. എ. (അക്കൗണ്ട് നമ്പർ 542) യിലേക്കാണ് മാറ്റിയത്.

10-4-2000-ൽ ടി. പി. എ.-ൽ ക്രെഡിറ്റ് ചെയ്ത തുക 25-5-2002-ൽ മാത്രമാണ് ടി അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് സഹകരണ സംഘത്തിന്റെ പേരിലുള്ള എസ്. ബി. അക്കൗണ്ടിലേക്ക് മാറ്റിയത്. 11-4-2001, 17-4-2001 എന്നീ തീയതികളിലെ കത്തുകളിലൂടെ തുക തിരിച്ചടയ്ക്കണമെന്ന് പ്രോജക്ട് ആഫീസറോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതായി കാണുന്നു. 22-11-2001-ലെ കെ4/1420/98/ഖാദി നമ്പർ കത്തിൽ, സഹകരണ സംഘത്തിന്റെ ബൈലായിൽ ഖാദി വ്യവസായം നടത്താൻ മാത്രമേ നിയമമുള്ളുവെന്നും 18-7-2001-ൽ മാത്രമേ ബൈലാ ഭേദഗതി വരുത്തിയിട്ടുള്ളുവെന്നും നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് ആഫീസർ സെക്രട്ടറിയെ അറിയിച്ചതായി കാണുന്നു. 1998-99-ലെ പ്രോജക്ടിൽ സൊസൈറ്റിക്ക് സ്വന്തമായി കെട്ടിടവും സ്ഥലവുമുണ്ടെന്നും സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങാനുള്ള സഹായധനം നൽകുന്നതായിട്ടുമാണ് വിശദീകരിച്ചിരിക്കുന്നത്. എന്നാൽ 1999-2000-ലെ പ്രോജക്ടിൽ മാറ്റം വരുത്തിയിട്ടുണ്ട്. സൊസൈറ്റിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ 2,00,000 രൂപ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു. 30-3-2000-ലെ 3-ാം നമ്പർ തീരുമാനപ്രകാരം പദ്ധതി വിഹിതമായ 2,00,000 രൂപ ഉൾപ്പെടെ 2,50,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിലാണ് 44,678 രൂപ ഖാദി പ്രോജക്ട് ഓഫീസറുടെ ടി. പി. എ.യിലേക്ക് വകമാറ്റിയത്. ടി തുക താഴെപ്പറയുന്ന കാരണങ്ങളാൽ ആഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിട്ടുണ്ട്:

(1) ജി.ഒ.(പി) 676/97/ഫിൻ. തീയതി 6-8-1997 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പി.ഡി. അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

(2) ഖാദി ബോർഡ് സഹകരണ സംഘത്തിന്റെ നിയമാവലികളെ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചർച്ച ചെയ്യാതെ തുക അനുവദിച്ചു.

(3) 1998-99 വർഷത്തെ പ്രോജക്ടിൽ സംഘത്തിന് സ്വന്തമായി കെട്ടിടം ഉണ്ടെന്നും സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങാനാണ് തുക അനുവദിക്കുന്നത് എന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ 1999-2000 വർഷം കെട്ടിടനിർമ്മാണത്തിനാണ് തുക വകയിരുത്തിയതായി കാണുന്നത്.

(4) 23-11-1998-ലെ 49905/പി3/98/എൽ.എ.ഡി. നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം അനുവദിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ചെറുകൂട് ഖാദി വ്യവസായ സഹകരണ സംഘത്തിന് അനുവദിച്ച 44,678 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ നിരാകരിച്ച തുക ഖാദി പ്രോജക്ട് ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓ.ഖ.നമ്പർ 3.17.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

133. ഖാദി വ്യവസായ സഹകരണ സംഘത്തിന് സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങാൻ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 44,678 രൂപ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചതും ടി തുക ഖാദി ബോർഡ് ജില്ലാ ഓഫീസറുടെ പി. ഡി. അക്കൗണ്ടിലേക്ക് മാറ്റാതെ പി. ടി. എ. അക്കൗണ്ടിലേക്ക് മാറ്റിയതും സംബന്ധിച്ച് എന്താണ് പറയുവാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, പി.ഡി. അക്കൗണ്ട് എന്നുള്ളത് ഓഡിറ്റിൽ വന്ന പിശകാണെന്നും സർക്കാർ ഉദ്യോഗസ്ഥർക്ക് പി. ഡി. അക്കൗണ്ട് തുടങ്ങാൻ പറ്റില്ലെന്നും പി. ടി. എ. അക്കൗണ്ടിലേക്ക് മാറ്റിയതിൽ തെറ്റില്ലെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

134. സോപ്പ് നിർമ്മാണത്തിന് അനുവദിച്ച തുക കെട്ടിടനിർമ്മാണത്തിനായി മാറ്റിയതാരാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ തുക തിരിച്ചടച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്താണ് തുക കൊടുത്തതെന്നും നിർവ്വഹണോദ്യോഗസ്ഥൻ പ്രസ്തുത തുക തിരിച്ചടച്ചിട്ടില്ലാത്തതിനാൽ ടിയാനെതിരെ ആർ.ആർ. നടപടി 2010-ൽ തുടങ്ങിയിട്ടുണ്ടെന്നും പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ടിയാൻ ആർ.ആർ. നടപടിക്കെതിരെ കേസ് കൊടുത്തിരിക്കുകയാണെന്നും കേസിന്മേൽ തീർപ്പായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

135. പരാമർശവിധേയമായ സംഘം പ്രവർത്തിച്ചിരുന്നതാണോ, ആയതിന് കെട്ടിടമുണ്ടായിരുന്നോ, സോപ്പ് നിർമ്മാണ യൂണിറ്റിന് അനുവദിച്ച തുക എന്തടിസ്ഥാനത്തിലാണ് കെട്ടിടനിർമ്മാണത്തിലേക്ക് മാറ്റിയത്, ആയതിന് മതിയായ അംഗീകാരം ലഭിച്ചിട്ടുണ്ടോ, ഇക്കാര്യത്തിൽ സ്വീകരിച്ച ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് സർക്കാർ വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെട്ടു. സമിതിയുടെ പല ചോദ്യങ്ങൾക്കും വ്യക്തമായ ഉത്തരം നൽകുവാൻ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല. നിയമസഭാ സമിതി മുമ്പാകെ തെളിവെടുപ്പിനായി ഹാജരാകുന്ന ഉദ്യോഗസ്ഥർ ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടും വിശദവിവരങ്ങളും പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്ഥിതിയും എന്താണെന്ന് മനസ്സിലാക്കി വ്യക്തമായ മറുപടി പറയാൻ തയ്യാറായിട്ടാണ് വരേണ്ടതെന്ന് സമിതി നിഷ്കർഷിച്ചു.

136. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന തീരുമാനങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ മറുപടി നൽകാനുള്ള ബാദ്ധ്യതയും അവർക്കുതന്നെയാണെന്നും ഇക്കാര്യങ്ങളൊക്കെ വിശദമായി പഠിച്ചതിനുശേഷം മാത്രമേ സമിതി മുമ്പാകെ ഹാജരാകാൻ പാടുള്ളുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഫണ്ടിന്റെ മോണിറ്ററിംഗ്, അച്ചടക്ക നടപടി തുടങ്ങിയ എല്ലാ കാര്യങ്ങളിലും ആവശ്യമായ നടപടികൾ തീർച്ചയായും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

137. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഹാജരാക്കണമെന്ന് സമിതി സർക്കാരിനോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ തയ്യാറാക്കി, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സൂക്ഷ്മപരിശോധന നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| 138. പരാമർശ പ്രകാരമുള്ള ഖാദി വ്യവസായ സഹകരണ സംഘം പ്രവർത്തിച്ചിരുന്നതും സ്വന്തമായി കെട്ടിടം ഉണ്ടായിരുന്നതുമാണ്. ടി കെട്ടിടം പഴകി ജീർണ്ണിച്ചതിനാലും സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ടി കെട്ടിടത്തിൽ സൗകര്യമില്ലാതിരുന്നതിനാലും ആണ് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചത്. ടി ആവശ്യത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരവും ലഭിച്ചിരുന്നു. 23-11-1998-ലെ 49905/ പി3/98/എൽ.എ.ഡി. നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം അനുവദിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും സഹകരണ സംഘം തുടർന്നും പ്രവർത്തിക്കണമെന്നുള്ള സദുദ്ദേശത്തോടു കൂടിയുമാണ് തുക കെട്ടിടനിർമ്മാണത്തിന് വിനിയോഗിച്ചിട്ടുള്ളത്. ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി ആവശ്യത്തിനായി വിനിയോഗിച്ച 44,678 രൂപ തിരികെ ഈടാക്കാൻ 3-6-2010-ലെ II(5)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി | ഖാദി വ്യവസായ സഹകരണ സംഘം ഏകദേശം 18 വർഷമായി പ്രവർത്തനരഹിതമാണെന്ന് തദ്ദേശവാസികളിൽ നിന്നും അറിയുവാൻ കഴിഞ്ഞു. ഏകദേശം 15 വർഷം മുൻപ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി പണിത ഫൗണ്ടേഷൻ ഇപ്പോഴും കാണപ്പെടുന്നുണ്ട്. ഇത് സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ ജീർണ്ണിച്ച നിലയിൽ ആണ് സംഘത്തിന്റെ കെട്ടിടം സ്ഥിതിചെയ്യുന്നത് പരിസരം മുഴുവൻ കാട് മൂടിക്കിടക്കുന്ന നിലയിലാണ്. ഗ്രാമപഞ്ചായത്തിന്റെ മറുപടിയിൽ പരാമർശിച്ച 44,678 രൂപയുടെ നഷ്ടം ഈടാക്കുന്നതിന് ഖാദി പ്രോജക്ട് ഓഫീസർ ശ്രീമതി എൻ. രാജമ്മയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ടിയാൾ WP(C) 39831/10 നമ്പരിൽ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. അതിനാൽ റവന്യൂ റിക്കവറി നടപടികൾ നിർത്തിവച്ചിട്ടുള്ളതായി കരുനാഗപ്പള്ളി തഹസിൽദാർ 15-12-2012-ന് |

| 1 | 2 |
|---|---|
| തീരുമാനപ്രകാരം ആർ. ആർ. നടപടി ആരംഭിച്ചിരുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി എൻ. രാജമ്മ ബഹു. കേരള ഹൈക്കോടതിയിൽ 2-12-2010-ൽ WP(C) 39831/10 നമ്പർ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് ആർ.ആർ. നടപടി നിർത്തിവയ്ക്കുകയാണ് ഉണ്ടായത്. ടി വിഷയത്തിൽ പഞ്ചായത്ത് ബഹു. കേരള ഹൈക്കോടതിയിൽ കൗണ്ടർ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്. | ബി7-20101/10 നമ്പർ കത്ത് മുഖേന പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. കോടതി ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കോടതി ഉത്തരവ് പ്രകാരമാണോ റവന്യൂ റിക്കവറി നടപടികൾ നിർത്തിവച്ചതെന്ന് വ്യക്തമല്ല. ഇതിനെതിരെ ഗ്രാമപഞ്ചായത്ത് എതിർസത്യവാങ്മൂലം സമർപ്പിച്ചതിന്റെ പകർപ്പ് ലഭ്യമാക്കിയെങ്കിലും ആയതിന്റെ തീയതി, തുടർനടപടികൾ എന്നിവ ലഭ്യമല്ല. നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 9-4-2013-ന് പി1/11788/10 നമ്പരിൽ കരുനാഗപ്പള്ളി തഹസീൽദാർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഖാദി വ്യവസായ സഹകരണ സംഘത്തിന് സോപ്പ് നിർമ്മാണത്തിന് ഗുണഭോക്തൃ സമിതിക്കായി തുക നിക്ഷേപിച്ച ജോയിന്റ് അക്കൗണ്ടിൽ (നമ്പർ 2028, പെരിനാട് സർവ്വീസ് സഹകരണ ബാങ്ക്) അവശേഷിച്ച തുകയായ 9,788 രൂപയും അതിന്റെ പലിശ തുകയായ 2,412 രൂപയും ഉൾപ്പെടെ 12,200 രൂപയുടെ 2712/13-8-2000-ൽ നമ്പർ ചെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസർ കത്ത് നമ്പർ കെ 4/1420/98 ഖാദി തീയതി 13-8-2010 മുഖേന അയച്ചുകൊടുത്തു. ടി തുക 18-8-2010-ന് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു എന്ന് അറിയിക്കുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

139. പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവാക്കിയ തുക നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനുള്ള നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും കേസ് തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി ത്വരിതപ്പെടുത്തുവാനും കോടതിവിധിയനുസരിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2015 ഡിസംബർ 2.

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 8 | തൃക്കരുവ ഗ്രാമപഞ്ചായത്ത് | പദ്ധതി വിഹിതത്തിൽ നിന്നും മൂലധന ഗ്രാന്റ് അനുവദിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലിരിക്കെ നിയമവിരുദ്ധമായി പ്രവർത്തിച്ചതിലൂടെ പഞ്ചായത്തിന് 1,42,000 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് തന്നെ പ്രസിഡന്റായുള്ള സൊസൈറ്റി രൂപീകരിക്കുകയും യാതൊരു കരാറും വയ്ക്കാതെ 1,42,000 രൂപ അനുവദിക്കുകയും ചെയ്ത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| 2 | 9 | ,, | സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ചതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന് സർക്കാർ നല്കിയ മറുപടി സമിതിക്ക് സ്വീകാര്യമാകുന്നില്ല. പ്രസ്തുത ഉദ്യോഗസ്ഥൻ 2008-ലാണ് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതെന്നും 1-4-2000-ൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി മൂലധന ഗ്രാന്റ് അനുവദിച്ച 1,42,000 രൂപ ടിയാനിൽ നിന്നും ഈടാക്കാതിരുന്നത് അംഗീകരിക്കാനാകില്ലായെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിനോട് സമിതി |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | യോജിക്കുകയും ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതി വിഹിതത്തിൽ നിന്നും മൂലധന ഗ്രാന്റ് അനുവദിക്കാൻ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിനെതിരെ ഒരു വിയോജനക്കുറിപ്പ് പോലും എഴുതാതെ അംഗീകരിച്ചത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുകയും ചെയ്യുന്നു. ആയതിനാൽ ടി ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചെങ്കിലും ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നോ റവന്യൂ റിക്കവറി നടപടി മുഖേനയോ പഞ്ചായത്തിന് നഷ്ടം വന്ന തുക പലിശസഹിതം ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 21 | കണ്ടറ ഗ്രാമപഞ്ചായത്ത് | വികലമായ ആസൂത്രണത്തിന്റേയും സമയ ബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തിയാക്കാത്തതിന്റേയും ഫലമായി 43 ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കിയ പദ്ധതിയായിരുന്ന ഇൻലാന്റ് ഫിഷ് മാർക്കറ്റിംഗ് ആന്റ് കോൾഡ് സ്റ്റോറേജിന്റെ നിർമ്മാണമെന്ന് സമിതി വിലയിരുത്തുന്നു. 48% ടെണ്ടർ എക്സസ് നൽകിയ പ്രോജക്ടുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളെന്തൊക്കെ യാണെന്നും ആയതിനുത്തരവാദികൾ ആരെല്ലാ മാണെന്നും ആരുടെയൊക്കെ പേരിൽ നിയമനടപടി സ്വീകരിക്കണമെന്നും പരിശോധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ സമിതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നതോടൊപ്പം സമിതി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ആരാഞ്ഞ വിവരങ്ങൾ രേഖാമൂലം നിരന്തരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനുള്ള കാരണം അറിയിക്കുവാനും ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, യോഗത്തിൽ സമിതി ആവശ്യപ്പെട്ട മേല്പറഞ്ഞ വിവരങ്ങൾ നല്കുവാനും വൈദ്യുതി ചാർജിനത്തിൽ തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കാനും ആയതു സംബന്ധിച്ച് ഫയൽ ചെയ്തിരിക്കുന്ന കേസ് തീർപ്പാക്കുവാനുമുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 27 | കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | പദ്ധതി ലക്ഷ്യം കാണാത്തത് സംബന്ധിച്ച നിജസ്ഥിതി അന്വേഷിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുക തിരിച്ചുപിടിച്ച് റിപ്പോർട്ട് ചെയ്യാനും പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുക പദ്ധതി നടപ്പിലാക്കാതെ വരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കുന്ന കീഴ്വഴക്കത്തിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. അതിന് യാതൊരു മറുപടിയും നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല എന്നതിൽ അതൃപ്തി രേഖപ്പെടുത്തുന്ന തോടൊപ്പം ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 28 | കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സംഘത്തിന് തുക അനുവദിക്കുവാനുള്ള ഭരണ സമിതി തീരുമാനത്തോട് പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്നും സംഘത്തിന്റെ രജിസ്ട്രേഷൻ ഉറപ്പാക്കാതെയാണ് തുക നൽകിയതെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഈയിനത്തിൽ പദ്ധതിക്കായി അനുവദിച്ച തുകയിൽ തിരികെ ലഭിച്ച തുക കിഴിച്ചുള്ള ബാക്കി തുക പലിശസഹിതം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കപ്പെടുന്ന തുക ചെലവഴിക്കാതെ തിരിച്ചടയ്ക്കുമ്പോഴും പാഴ്ച്ചെലവ്, ദുർവിനിയോഗം എന്നിവയുടെ ഫലമായി ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കുമ്പോഴുമുള്ള തുക പ്ലാൻ ഫണ്ടിൽ അടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്ന കീഴ്വഴക്കം ചട്ടവിരുദ്ധമാണെന്നും ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 32 | ,, | സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പബ്ലിക് മാർക്കറ്റിന്റെ ഗേറ്റ് ഫീസ് പിരിവ് നിർത്തലാക്കിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ഉചിതമായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് പരാമർശത്തെ തുടർന്ന് ഗേറ്റ് ഫീസ് പിരിവ് പുനരാരംഭിച്ച സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 33 | ,, | സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബാധ്യസ്ഥ മായിരിക്കേ അവയ്ക്ക് ലഭിക്കേണ്ട ഫീസുകൾ, |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നികുതികൾ ചട്ടപ്രകാരം ലഭിക്കേണ്ട മറ്റ് വരുമാനങ്ങൾ എന്നിവ ഏകപക്ഷീയമായി വേണ്ട എന്ന് തീരുമാനമെടുക്കുന്നത് അനുചിതവും സർക്കാരിന്റെ അനുമതിയില്ലാതെ നടപ്പാക്കുന്നത് ചട്ടവിരുദ്ധവുമാണെന്ന് ഓർമ്മിപ്പിക്കുവാൻ സമിതി ആഗ്രഹിക്കുന്നു. ആയതിനാൽ ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക കാര്യങ്ങളിൽ സർക്കാരിന്റെ നിർദ്ദേശം പാലിക്കേണ്ടതാണെന്ന സർക്കുലർ നൽകുവാനും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 36 | തദ്ദേശസ്വയംഭരണ വകുപ്പ് (21 ഗ്രാമ പഞ്ചായത്തുകൾ) | വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരം വാങ്ങി ഓഡിറ്റിന് സമർപ്പിക്കുന്നതിന് സമയ ക്ലിപ്തതയില്ലാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനോ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനോ ഓഡിറ്റിൽ നിന്നും ലഭിക്കേണ്ട തിരുത്തലുകൾ സ്വീകരിക്കാനോ കഴിയാതെ വരുന്നതായി സമിതി നിരീക്ഷിക്കുന്നു. 1997-98-ൽ ജനകീയാസൂത്രണം നിലവിൽ വന്നതോടെ പഞ്ചായത്തുകൾക്ക് വിവിധ തരത്തിലുള്ള ഫണ്ടുകൾ ലഭിക്കുകയും ആയതിലേക്കായി ഒന്നിലേറെ ക്യാഷ് ബുക്കുകൾ കൈകാര്യം ചെയ്യേണ്ടി വന്നതും ജീവനക്കാരുടെ പരിചയക്കുറവും കാരണം കണക്കുകൾ യഥാസമയം തയ്യാറാക്കാൻ കഴിയാതെ വന്നതാണെന്നും പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നതോടെ എല്ലാ ഗ്രാമപഞ്ചായത്തുകളും കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നതായും സർക്കാർ മറുപടിയിൽ വ്യക്തമാക്കുന്നു. നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുശാസിക്കും പ്രകാരം വാർഷിക കണക്കുകൾ തയ്യാറാക്കണമെന്നും അവ സമയബന്ധിതമായി |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | ഓഡിറ്റിന് സമർപ്പിക്കണ മെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 38 | തദ്ദേശസ്വയംഭരണ വകുപ്പ് (8 ഗ്രാമ പഞ്ചായത്തുകൾ) | യാഥാർത്ഥ്യബോധമില്ലാതെ ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലമുള്ള അപാകതകൾ പരിഹരിക്കുന്നതിനായി പഞ്ചായത്തുകൾ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ നടത്തുന്നുണ്ടെന്നും നിലവിൽ എല്ലാ പഞ്ചായത്തുകളും വ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇപ്പോഴും നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെട്ട് പോകുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ഇത് പരിഹരിക്കുവാനാവശ്യമായ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അവ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാനും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. സർക്കാരിന്റെ മറുപടിയുടെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച അനന്തര നടപടികൾ അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | 40 | തദ്ദേശസ്വയംഭരണ വകുപ്പ് (6 ഗ്രാമ പഞ്ചായത്തുകൾ) | നികുതി/നികുതിയേതര വരുമാനത്തിലെ ഇനങ്ങളിൽ കുടിശ്ശിക തുകയായി കിടന്ന ലക്ഷക്കണക്കിന് രൂപ പിരിക്കുന്നതിന് തീവ്രയജ്ഞം നടത്തുകയും ജില്ലയിലെ 23 പഞ്ചായത്തുകളിൽ 100% നികുതി പിരിവ് എന്ന നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്നും അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടിശ്ശികയും പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണെന്നുമുള്ള സർക്കാർ മറുപടി ബോധ്യപ്പെടുന്നതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 48 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വ്യക്തികൾക്കും ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഗ്രാമസഭ അംഗീകരിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത വ്യക്തികളെ ജനപ്രതിനിധികളുടെയോ ഉദ്യോഗസ്ഥരുടെയോ ഭരണ സമിതിയുടെയോ നിർദ്ദേശപ്രകാരമോ ശിപാർശയുടെ അടിസ്ഥാനത്തിലോ തീരുമാനത്തിന്റെ വെളിച്ചത്തിലോ ഉൾപ്പെടുത്തുന്നത് ചട്ടവിരുദ്ധവും മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവും ഗ്രാമസഭയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റവുമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതിയാനുകൂല്യത്തിന് യഥാർത്ഥത്തിൽ അർഹരായ വ്യക്തികളാണെങ്കിൽ പോലും നടപടിക്രമത്തിലുണ്ടാകുന്ന ഇത്തരം വീഴ്ച ആനുകൂല്യവിതരണവും ആയത് കൈപ്പറ്റിയതും ഓഡിറ്റ് തടസ്സത്തിലേക്കും മറ്റ് നടപടികളിലേക്കും നീങ്ങുന്ന സാഹചര്യത്തിലേക്കാണ് നയിക്കുന്നത്. ഗ്രാമസഭാ തലത്തിൽ തന്നെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി കുറ്റമറ്റ രീതിയിൽ ലിസ്റ്റ് തയ്യാറാക്കുന്നപക്ഷം സാങ്കേതികമായ പിഴവുകളുടെ പേരിൽ ഉദ്യോഗസ്ഥൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടപടി നേരിടേണ്ടിവരികയോ തുക തിരികെ അടയ്ക്കേണ്ടിവരികയോ ചെയ്യുന്ന സാഹചര്യം ഉണ്ടാകില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 12 | 49 | പേരയം ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദാംശം നൽകാൻ സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ പുനഃപരിശോധനാ റിപ്പോർട്ടിൽ പേരയം ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ പേരില്ലാത്ത വ്യക്തിക്ക് കാർഷികാവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ആനുകൂല്യം നൽകിയ കൃഷി ഓഫീസറുടെയും ഭവന നിർമ്മാണത്തിന് തുക നല്കിയ ഗ്രാമസേവികയുടെയും നടപടി ഉചിതമല്ല എന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത രണ്ട് പദ്ധതികൾക്കും ടി വ്യക്തികൾക്ക് നൽകിയ ആനുകൂല്യങ്ങൾ ചട്ടവിരുദ്ധമായി നൽകിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടതുക ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 50 | പനയം ഗ്രാമപഞ്ചായത്ത് | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും 30-1-2002-ലെ (2)-ാം നമ്പർ തീരുമാനം ഉൾക്കൊള്ളുന്ന മിനിട്ട്സും ഓഡിറ്റിന് സമർപ്പിച്ച് ബോധ്യപ്പെടുത്താനും ആയതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മാത്രമേ ആനുകൂല്യങ്ങൾ നൽകാവൂ എന്ന കർശന നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 51 | ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് | ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കളിൽ ഒരാൾക്ക് മാത്രമേ ബങ്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചിരുന്നു എന്നും ആയതിനാൽ പത്രപരസ്യം നൽകി പട്ടികജാതിക്കാരായ വികലാംഗരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത 9 അപേക്ഷകർക്കും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഒരാളും ഉൾപ്പെടെ 10 പേർക്ക് വികലാംഗബങ്ക് നൽകിയിട്ടുണ്ടെന്നും അവശേഷിക്കുന്ന 2 വികലാംഗ ബങ്ക് കൈപ്പറ്റാൻ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ ആയത് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കുടുംബക്ഷേമ യൂണിറ്റിൽ സൂക്ഷിക്കുകയാണെന്നും സർക്കാർ ലഭ്യമാക്കിയ മറുപടിയിൽനിന്നും സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത വസ്തുതകൾ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 68 | ഏരൂർ ഗ്രാമപഞ്ചായത്ത് | ഏരൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട് കൺവീനർക്ക് മുൻകൂർ നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്ന സർക്കാർ വിശദീകരണത്തിന്റെയും ആയത് പരിശോധനയിൽ ബോധ്യപ്പെട്ടുവെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 16 | 69 | കടയ്ക്കൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് നിരാകരിച്ച തുക തിരിച്ചടയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ടിയാൻ തുക അടയ്ക്കാതിരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടിക്ക് കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും സർക്കാർ നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ ആർ.ആർ. നടപടിക്കയച്ച കത്തിലും സ്വീകരിച്ച നടപടികളുടെ വിവരത്തിലും പരാമർശിച്ചിരിക്കുന്ന നമ്പരും തീയതിയും വ്യത്യസ്തമാണെന്ന് കാണുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടുന്നു. ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം പരാമർശ വിധേയനായ കൺവീനറിൽ നിന്നും നഷ്ടപ്പെട്ട തുക ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 70 | ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | പൂർത്തീകരിക്കാത്ത പ്രവൃത്തിയുടെ കൺവീനർക്ക് മുൻകൂർ നൽകിയ തുകയിൽ 10,136 രൂപ ഒടുക്ക് വന്നിട്ടുള്ളതായും 26,064 രൂപ ഇനിയും തിരികെ ഈടാക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും പ്രസ്തുത തുക തിരിച്ചീടാക്കുവാൻ ആർ.ആർ. നടപടിക്ക് തഹസിൽദാർക്ക് ശിപാർശ ചെയ്തെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത 26,064 രൂപ പലിശസഹിതം പ്രസ്തുത കൺവീനറിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 71 | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുന്നതിന് കൺവീനർക്ക് കത്ത് നൽകിയതിന്റെ ഫലമായി ടിയാൻ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ വിശദീകരിക്കുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച ഫയൽ, എം. ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | 72 | ,, | പരാമർശവിധേയമായ എല്ലാ പൊതുപരാമർശ പ്രവൃത്തികളും പൂർത്തീകരിക്കുകയും ഭൗതിക ലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും സർക്കാർ മറുപടിയിൽ വിശദീകരിക്കുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ 20 പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിരുന്നെങ്കിലും 10 പ്രവൃത്തികൾ മാത്രമേ പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുള്ളൂ എന്നും ശേഷിക്കുന്ന 10 പ്രവൃത്തികളുടെ ഫയലുകളും എം. ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടിട്ടില്ലാ എന്നും സൂചിപ്പിച്ചിരിക്കുന്നു. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 73 | തൃക്കടവൂർ ഗ്രാമപഞ്ചായത്ത് | 2001-02 വർഷത്തിൽ 11 പൊതുമരാമത്ത് പണികൾക്ക് 4.4 ലക്ഷം രൂപ മുൻകൂറായി കൺവീനർമാർക്ക് നൽകിയിരുന്നതായും ടി പ്രവൃത്തികളെല്ലാം സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിച്ചതായും അവയിൽ 5 പ്രവൃത്തികളുടെ ബില്ലുകൾ ലഭിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ പൂർത്തീകരിച്ചിട്ടുണ്ടെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സർക്കാർ വിശദമാക്കിയിരിക്കുന്നു. എന്നാൽ ആകെയുള്ള 11 പ്രവൃത്തികൾ തുടർവർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിച്ചെങ്കിലും ശേഷിക്കുന്ന പ്രവൃത്തികൾക്കുവേണ്ടിയുള്ള 1,23,000 രൂപയുടെ മുൻകൂർ ക്രമീകരിച്ച് തുടർ വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചോ എന്ന് ബോധ്യപ്പെടുത്താനുള്ള രേഖകളൊന്നും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. മുൻകൂറായി നൽകിയതിൽ 1,23,000 രൂപ ക്രമീകരിച്ച് പ്രവൃത്തി തുടർ വർഷങ്ങളിൽ പൂർത്തിയാക്കിയത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 74 | വിളക്കുടി ഗ്രാമപഞ്ചായത്ത് | പരാമർശ വിധേയമായ 5 പ്രവൃത്തികളിൽ 3 എണ്ണത്തിന്റെ ഫൈനൽ ബില്ലിൽ നിന്നും കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക കുറവ് ചെയ്തിട്ടുണ്ടെന്നും ശേഷിക്കുന്ന രണ്ട് പ്രവൃത്തികളുടെ എം. ബുക്ക്, വർക്ക് ഫയൽ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പണി പൂർത്തീകരച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടില്ലായെന്നും ഓഡിറ്റ് സൂചിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വരിഞ്ഞത്ത് മുക്ക്-എള്ളുവിള റോഡ് നിർമ്മാണം, കാര്യൂർ ഏലം സംരക്ഷണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച എം.ബുക്ക്, വർക്ക് ഫയൽ എന്നിവ ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 75 | ആലപ്പാട് ഗ്രാമപഞ്ചായത്ത് | സുനാമി ബാധിത പ്രദേശമായതിനാൽ റവന്യൂ റിക്കവറി നടപടി കൈക്കൊള്ളേണ്ടതില്ലാ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 76 | മേലില ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 5,30,000 രൂപ പാർട്ട് ബിൽ ആന്റ് അഡ്വാൻസ് എന്ന ഇനത്തിൽ കുറവ് ചെയ്തിട്ടുള്ളതായും 15-3-2003-ൽ പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകി എന്ന വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 77 | ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് | കൺവീനർമാരിൽനിന്ന് തുക ഈടാക്കുവാൻ സ്വീകരിച്ച ആർ.ആർ. നടപടി സംബന്ധിച്ച് റിപ്പോർട്ട് എത്രയും വേഗം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. തുടന്തല, ചേക്കോട്ട്കോണം പട്ടികജാതി കോളനികളിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കൽ പദ്ധതികളിൽ കൺവീനർമാർ മുൻകൂർ കൈപ്പറ്റിയ തുക ഈടാക്കുന്നതിന് ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടർക്ക് കത്തയച്ചതിന്റെയോ തുടർനടപടി സ്വീകരിച്ചതിന്റെയോ യാതൊരു രേഖയും പ്രാദേശിക പരിശോധനാ വേളയിൽ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതി 2001-02 ആരംഭിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 2013-ൽ കൂടുതൽ സമയം ആവശ്യപ്പെട്ട കൺവീനറുടെയോ പഞ്ചായത്ത് ഭരണ സമിതിയുടെയോ നടപടി ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ മുൻകൂർ കൈപ്പറ്റിയ തുക കൺവീനറിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിന്നും ആർ.ആർ. നടപടിയിലൂടെ പലിശസഹിതം ഈടാക്കുവാൻ സമതി ശിപാർശ ചെയ്യുന്നു. |
| 25 | 86 | തൃക്കടവൂർ ഗ്രാമപഞ്ചായത്ത് | തൃക്കടവൂർ ഗ്രാമപഞ്ചായത്ത്:— അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം ലേലം കൊണ്ട വ്യക്തി അടയ്ക്കുവാനുള്ള ബാക്കി തുക റവന്യൂ റിക്കവറി മുഖേന പലിശ സഹിതം ഈടാക്കിയതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 87 | ,, | പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കുന്നതിന് ലേലം കൊണ്ട വ്യക്തിയിൽനിന്നും ഇനിയും ലഭിക്കാനുള്ള തുക ഈടാക്കുവാനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 88 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര പ്രൈവറ്റ് ബസ് സ്റ്റാന്റ് , ഫീസ് പിരിവ് നടത്തുന്നതിന് അവകാശം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുവാൻ അവശേഷിച്ച 5,000 രൂപ പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയത് ഓഡിറ്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 28 | 89 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | പ്രൈവറ്റ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഒടുക്കുവാൻ അവശേഷിക്കുന്ന തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി ത്വരിതപ്പെടുത്തി പഞ്ചായത്തിന് നഷ്ടം വന്ന തുക തിരിച്ചീടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 90 | ,, | മാട്ടിറച്ചി വ്യാപാരം നടത്തുന്നതിന് ലേലം പിടിച്ച വ്യക്തിയുടെ പക്കൽ നിന്നും പഞ്ചായത്തിൽ അടയ്ക്കാനുള്ള ലേലത്തുകയായ 3,28,500 രൂപ പലിശയും ചേർത്ത് 4,10,625 രൂപ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 91 | തദ്ദേശസ്വയംഭരണ വകുപ്പ് (3 ഗ്രാമ പഞ്ചായത്തുകൾ) | തദ്ദേശസ്വയംഭരണ സ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതിയേതര വരുമാനങ്ങൾ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നല്കുമ്പോൾ പാലിക്കേണ്ട കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ തുക ഒടുക്കുവാൻ ബാധ്യസ്ഥരായ വ്യക്തികളും സ്ഥാപനങ്ങളും വീഴ്ചവരുത്തിയാൽ തുക ഈടാക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുവാൻ കഴിയാത്തതിലൂടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപ നഷ്ടമാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ നികുതിയേതര വരുമാനങ്ങൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ആയത് പാലിക്കപ്പെട്ടുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 99 | തദ്ദേശസ്വയംഭരണ വകുപ്പ് ~~(16 ഗ്രാമ പഞ്ചായത്തുകൾ)~~ ഊർജ്ജവകുപ്പ് ജലവിഭവവകുപ്പ് | കേരള സംസ്ഥാന വൈദ്യുതി ബോർഡ്,ജല അതോറിറ്റി എന്നിവയെ ഏല്പിക്കുന്ന പ്രവൃത്തികൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചു കഴിഞ്ഞാൽ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കപ്പെടുന്നുണ്ടോയെന്നും ശരിയായ വിധത്തിൽ തുക വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നുമുള്ള മോണിറ്ററിംഗ് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ വൈദ്യുതി ബോർഡിലോ ജല അതോറിറ്റിയിലോ ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. |
| 32 | 100 | തദ്ദേശസ്വയംഭരണ വകുപ്പ് (16 ഗ്രാമ പഞ്ചായത്തുകൾ) ഊർജ്ജ വകുപ്പ് ജലവിഭവ വകുപ്പ് ഭവന നിർമ്മാണ വകുപ്പ് | തൽഫലമായി പ്രസ്തുത സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിഷ്ക്രിയ നിക്ഷേപമായും പലപ്പോഴും മാറുന്നു. പദ്ധതികൾ യഥാസമയം ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ ഫലമായി വിഭാവനം ചെയ്ത ലക്ഷ്യം പ്രാപ്തമാക്കാതെ പോകുന്നുവെന്ന് മാത്രമല്ല സാമൂഹ്യ പുരോഗതിക്ക് ഇത് വിഘാതമാകുകയും ചെയ്യുന്നു. പദ്ധതി തുകയുടെ നിഷ്ക്രിയ |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | നിക്ഷേപം, ഫലപ്രദമല്ലാത്ത വിനിയോഗം, യഥാസമയം രേഖകൾ നല്കാതിരി ക്കൽ എന്നിവ ഓഡിറ്റ് പരാമർശങ്ങൾക്കും ഇടവരുത്തുന്നു. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ. എസ്. ഇ. ബി., ജല അതോറിറ്റി, ഭവനനിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന നിക്ഷേപ വേലകൾ ഫലപ്രദമായും സമയബന്ധിതമായും പൂർത്തിയാക്കണമെന്നും ആയതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിക്ഷേപ വേലകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങളും ഇവയുടെ ഏകോപനത്തിനും മോണിറ്ററിംഗിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പൂർത്തിയാകുന്ന പ്രവർത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിൽ യാതൊരു കാലതാമസവും ഉണ്ടാകാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. കൂടാതെ, നാളിതുവരെ ഏല്പിച്ച നിക്ഷേപ വേലകൾ മേല്പറഞ്ഞ സ്ഥാപനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുവാനും പൂർത്തിയായ പ്രവർത്തികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് നല്കുവാനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും തദ്ദേശസ്വയംഭരണ വകുപ്പ് കെ. എസ്. ഇ. ബി., ജല അതോറിറ്റി എന്നിവയോട് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 33 | 104 | തദ്ദേശസ്വയംഭരണ വകുപ്പ് (ഗ്രാമപഞ്ചായത്തുകൾ) ധനകാര്യ വകുപ്പ് & പൊതുമരാമത്ത് വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പണികളിൽ ബന്ധപ്പെട്ട ചട്ടങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ ഓഡിറ്റ് പരാമർശങ്ങളോ പാലിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സമിതി ഗൗരവമായി വീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടാകുന്ന ഇത്തരം വീഴ്ചകളിലൂടെ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് പൊതുഖജനാവിന് ഉണ്ടാകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും ഓഡിറ്റിന്റെയും നിലപാടിൽ നിന്ന് വ്യത്യസ്തമായി സ്റ്റാൻഡേർഡ് ഡേറ്റാ ബുക്കിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിരുദ്ധമായി ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഒരോ ലീഡും ലിഫ്റ്റും അധികമായി നല്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിലുള്ള പല വീഴ്ചകളും സംഭവിക്കുന്നതായും പി. ഡബ്ല്യു ഡി. മാനുലിലെ വ്യവസ്ഥകൾ ബാധകമാണെന്ന് പറയുന്നുവെങ്കിലും അവ പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ഗുണഭോക്തൃ സമിതി പ്രവൃത്തികളിൽ പി.ഡബ്ല്യൂ.ഡി. മാനുലിലെ വ്യവസ്ഥകൾ പാലിക്കുവാൻ പരിമിതികളുണ്ടെന്ന് ചില തെളിവെടുപ്പുവേളയിൽ സമിതി മുമ്പാകെ ഹാജരായ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിട്ടുള്ള കാര്യം സമിതി ഈയവസരത്തിൽ ഓർമ്മിക്കുന്നു. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സംയുക്തമായി പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്നും ഇതിനായി ചട്ടങ്ങൾ ക്രോഡീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതിയുടെ 24-7-2013-ലെ തെളിവെടുപ്പുയോഗം നിർദ്ദേശിച്ചിരുന്നെങ്കിലും ആയതിന് യാതൊരു മറുപടിയും ഭരണ വകുപ്പിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പൊതുമരാമത്ത് ചട്ടങ്ങൾ ക്രോഡീകരിച്ച് ആവശ്യമായ മാറ്റം വരുത്തി അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേക ചട്ടങ്ങൾ രൂപീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 106 | ഓച്ചിറ ഗ്രാമപഞ്ചായത്ത് | സൂപ്പർ ആന്വേവേഷന് ശേഷവും സർവ്വീസിൽ തുടർന്നുവരുന്ന ഫുൾടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, സൂപ്പർആന്വേഷൻ തീയതിവരെയുള്ള സർവ്വീസും വേതനവും കണക്കാക്കി നിശ്ചയിക്കാമെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 112 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ 2004-05-ലെ വൃദ്ധസദനം പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല എന്ന് സമിതി വിലയിരുത്തുന്നു. ഓഡിറ്റ് ഖണ്ഡികയിലും തെളിവെടുപ്പ് വേളയിലും വൃദ്ധസദനത്തിന് ആയുർവ്വേദ ആശുപത്രിയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കെട്ടിട സൗകര്യമുണ്ടായിരുന്നു എന്നാണ് പരാമർശിച്ചിട്ടുള്ളത്. എന്നാൽ സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ വൃദ്ധസദനത്തിന് ആയുർവ്വേദ ആശുപത്രി കോമ്പൗണ്ടിൽ കെട്ടിടം നിർമ്മിച്ചതായി പ്രസ്താവിക്കുന്നു. പത്ത് കട്ടിലുകൾ കെട്ടിടത്തിന്റെ മുകളിൽ ഉപയോഗ ശൂന്യമായി കിടക്കുന്നതായി ഓഡിറ്റ് നല്കിയ പുനഃപരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചു. ഈ സാഹചര്യത്തിൽ 3,40,250 രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിക്ക് ആകെ എത്ര തുക ചെലവായെന്നും പ്രസ്തുത തുക ഏതൊക്കെ ആവശ്യത്തിനായാണ് വിനിയോഗിച്ചതെന്നും ഇതിനായി പ്രത്യേക കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ യെന്നും എങ്കിൽ ടി കെട്ടിടവും പദ്ധതി തുക വിനിയോഗിച്ച് വാങ്ങിയ ഫർണിച്ചറും ഇപ്പോൾ എന്താവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്നും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിക്കായി മാറ്റിവെച്ച എന്തെങ്കിലും തുക അതേ അക്കൗണ്ടിൽ ഇനിയും അവശേഷിക്കുന്നുണ്ടോ എന്നും എങ്കിൽ പ്രസ്തുത തുക പിൻവലിച്ച് സർക്കാരിലേക്ക് തിരികെ അടയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു . |
| 36 | 123 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളുടെയും നടപടി ക്രമങ്ങളുടെയും ലംഘനവും പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വലിയ കാലതാമസവും ഉണ്ടായിട്ടുള്ളത് സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്. ഭാവിയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഇത്തരം വീഴ്ചകളുണ്ടായാൽ കർശനമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. മത്സ്യ സംഭരണ വിതരണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയായെന്നും ഇപ്പോൾ ആദായകരമായി പ്രവർത്തിച്ചുവരുന്നു എന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 125 | പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് | രണ്ട് വി.ഇ.ഒ.മാരുടെ ബാങ്ക് അക്കൗണ്ടുകളിലെ എൻട്രികളിൽ ബാങ്കിന് പറ്റിയ പിശകാണെന്നും ആയത് തിരുത്തിയിട്ടുണ്ടെന്നുള്ള സർക്കാർ മറുപടി ക്രമവിരുദ്ധമായി പണിത വീടുകൾ പൊളിച്ച് പുതിയ വീടുകൾ പണിത് എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 132 | പന്മന ഗ്രാമപഞ്ചായത്ത് | ആരോപണ വിധേയനായ വി.ഇ.ഒ.യ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പും ആയതിൻമേൽ സ്വീകരിച്ച നടപടി ടിയാനെതിരെ ഫയൽ ചെയ്തിട്ടുള്ള ക്രിമിനൽ കേസിന്റെ നിലവിലെ സ്ഥിതി, ടിയാൻ ദുരുപയോഗം ചെയ്ത തുകയുടെ 3 ശതമാനം പലിശ ടിയാന്റെ ഡി. സി.ആർ. ജി.യിൽ നിന്നും ഈടാക്കിയതിന്റെ റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 39 | 139 | പെരിനാട് ഗ്രാമപഞ്ചായത്ത് | പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവാക്കിയ തുക നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനുള്ള നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിനും കേസ് തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി ത്വരിതപ്പെടുത്തുവാനും കോടതി വിധിയനുസരിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005–06 സമാഹൃതറിപ്പോർട്ടിന്മേൽ തൃക്കരുവ ഗ്രാമപഞ്ചായത്ത്**

**സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005–06 | 2.6.1 | ഈ [illegible] | തൃക്കരുവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ചന്ദ്രശേഖരൻപിള്ള പ്രസിഡന്റും, പഞ്ചായത്ത് അംഗം ശ്രീമതി.റസീന ഹസീം സെക്രട്ടറിയുമായിരുക്കുന്ന Q 181–ാം നമ്പർ സൊസൈറ്റിക്ക് 1999/2000 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷ് ബൂത്ത് നിർമ്മാണത്തിനായി 142000/-രൂപ മൂലധനഗ്രാന്റ് നൽകുകയുണ്ടായി. സർക്കാർ ഉത്തരവു പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും സൊസൈറ്റിക്ക് മൂലധന ഗ്രാന്റ് നൽകാൻ വ്യവസ്ഥയില്ല. അതിനാൽ ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാനാണ് ആഡിറ്റ് പരാമർശം. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും ടി പദ്ധതിയ്ക്ക് ഡി.പി.സിയിൽ നിന്നും THK/22/15–ാം നമ്പരായി അംഗീകാരം ലഭിച്ചതാണെന്നും തുടക്കത്തിൽ സൊസൈറ്റി നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സമാഹ[illegible] |

1

| | | | | |
|---|---|---|---|---|
| | | | | 31/03/2002 മുതൽ 18.05.2002 വരെ മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളത്. പ്രവർത്തന മൂലധനത്തിന്റെ കുറവ് കാരണം വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന സൊസൈറ്റിയ്ക്ക് കെട്ടിടത്തിന്റെ വാടക കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്വയമേ നിന്നുപോയതും തുടക്കത്തിൽ ഏകദേശം 250 ഓളം മത്സ്യ തൊഴിലാളികൾക്ക് സേവനങ്ങൾ നൽകി വരുന്നതുമായിരുന്നു. പരമ്പരാഗത മത്സ്യ മേഖലയിലെ പ്രതിസന്ധി മൂലം മത്സ്യ വിപണന രംഗത്ത് വൻതോതിൽ ഇടിവ് സംഭവിച്ചതും സൊസൈറ്റിയുടെ തകർച്ചയ്ക്ക് കാരണമായി. എന്നിരുന്നാലും പഞ്ചായത്ത് നൽകിയ 142000/-രൂപ ഉപയോഗിച്ച് നല്ല പ്രവർത്തനം കാഴ്ച വയ്ക്കുവാൻ തുടക്കത്തിൽ സൊസൈറ്റിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഈ കാലയളവിലെ മിനിട്ട്സ്, ക്യാഷ്ബുക്ക്, പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. (ആയവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). പദ്ധതി നടപ്പിലാക്കിയിട്ട് 10 വർഷത്തിലധികമായി. വാങ്ങിയ സാധനങ്ങൾ തുരുമ്പിച്ച് ഇപ്പോൾ പ്രവർത്തന യോഗ്യമല്ല. ഈ സാഹചര്യത്തിൽ 27/05/2010 ലെ പഞ്ചായത്ത് "കമ്മിറ്റിയുടെ IV (17) നമ്പർ തീരുമാന പ്രകാരം 2005/2006-ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൻമേലുള്ള പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (പഞ്ചായത്ത് കമ്മിറ്റിയുടെ |

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 സമാഹൃതറിപ്പോർട്ടിന്മേൽ കുണ്ടറ ഗ്രാമപഞ്ചായത്ത്**

**സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.7.1 | | കുണ്ടറ ഗ്രാമപഞ്ചായത്തിൽ ഫിഷ്മാർക്കറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ച 49 ലക്ഷം രൂപയിൽ 43,27,361/- രൂപ വിനിയോഗിച്ച്, ഫിഷ്മാർക്കറ്റിംഗ് സെന്ററിന്റെ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കുകയും 2000 ഡിസംബർ മാസത്തിൽ ഐസ്പ്ലാന്റും, കോൾഡ് സ്റ്റോറേജും കമ്മീഷൻ ചെയ്ത് ഉദ്ഘാടനം ചെയ്യുകയും 26.04.2002 ൽ സെക്രട്ടറിക്ക് കൈമാറ്റം ചെയ്യുകയും ചെയ്തു. ടി മത്സ്യ വിപണന കേന്ദ്രം ഉപയോഗിച്ച് വിപണനം നടത്തുന്നതിനുള്ള അവകാശം 30.04.2003, 07.05.2003 എന്നീ തീയതികളിൽ ലേലം ചെയ്തു എങ്കിലും ലേലം വിളി കേൾക്കുവാൻ ആരും തന്നെ ഇല്ലാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും 01.05.2003 മുതൽ 31.05.2005 വരെ വ്യാപാരം നടത്തുന്നതിനുള്ള അവകാശം 99,000/- രൂപയ്ക്ക് ജെ . സാം എന്നയാളിന്റെ പേരിൽ ഉറപ്പിച്ചുവെങ്കിലും |

| | | | | |
|---|---|---|---|---|
| | | | | മെഷിനറികൾ കേടായതിനെ തുടർന്ന് പ്രവർത്തനം നടക്കാതെ വരുകയും ടിയാൻ കരാറിൽ നിന്ന് പിൻമാറുകയും ചെയ്തു. ഇതിനെ തുടർന്ന് ഫിഷറീസ് വകുപ്പ് എഞ്ചിനീയർ ടി ഐസ്പ്ലാന്റിന്റെ മെയിന്റനൻസ് നടത്തുന്നതിന് വേണ്ടി 75,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തരുകയും 10% സെന്റേജ് ചാർജ്ജ് കൂടി ചേർത്ത് 82,500/- രൂപ തുറമുഖ വകുപ്പിന് നൽകിയാൽ ടി മെയിന്റനൻസ് നടത്തി തരാമെന്ന് അറിയിക്കുകയും ചെയ്തു. അപ്രകാരം 82,500/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് 20.01.2005 ലെ സ.ഉ.(സാ.ധാ) നമ്പർ 260/2005 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി ലഭിക്കുകയും അതനുസരിച്ച് 28.01.2005 ൽ 82,500/- രൂപയുടെ ഡി.ഡി തുറമുഖവകുപ്പിന് നൽകുകയും ചെയ്തു. എന്നാൽ തങ്കശ്ശേരി ഫിഷറീസ് ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 03.03.2005 ൽ നൽകിയ കത്തിൽ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവായതിനാൽ അതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ടെന്നും നിരക്കുകൾ വർദ്ധിച്ചതിന്റെ അധിക തുകയും ടെൻഡർ അധിക തുകയും 10% സെന്റേജും ചേർത്ത് 1,25,000/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും ഫണ്ടും നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി. ആയതിനാൽ 42,500/- രൂപ കൂടി പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദത്തിനായി സർക്കാരിനോട് അപേക്ഷി ക്കുകയും 29.11.2005 ലെ സ.ഉ. (സാ.ധാ.) 478/2005/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 42,500/- രൂപ കൂടി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. അതനുസരിച്ച് 2006-07 സാമ്പത്തിക വർഷം 1,25,000/- രൂപയുടെ പദ്ധതി തയ്യാറാക്കുകയും അതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ മേൽ നോട്ടത്തിൽ മെഷിനറിയുടെ മെയിന്റനൻസ് നടത്തി ഐസ് പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. 28.03.2007 ൽ ടി ഐസ്പ്ലാന്റ് 31.03.2009 വരെ വ്യാപാരം നടത്തുന്നതിനുള്ള അവകാശം 1,10,000/- രൂപയ്ക്ക് ലേലം ചെയ്ത് കൊടുത്തിട്ടുള്ളതും കരാറുകാരൻ 52,500/- രൂപ അടച്ചിട്ടുള്ളതുമാണ്. ഐസ്പ്ലാന്റ് പ്രവർത്തനം നടന്നു വരവെ ബാക്കി തുകയായ 57,500/- രൂപ അടയ്ക്കുന്നതിന് 19.08.2008, 31.01.2009, 10.02.2009 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ തുക അടയ്ക്കുവാൻ തയ്യാറായില്ല. മാത്രമല്ല കരാറുകാരൻ 2,65,483/- രൂപ വൈദ്യുത ചാർജ്ജ് ഇനത്തിൽ കുടിശ്ശിക വരുത്തുകയും ചെയ്തതിനെ തുടർന്ന് KSEB അധികൃതർ വൈദ്യുതി വിച്ഛേദിക്കുകയും |

43/2016.

| | | | | |
|---|---|---|---|---|
| | | | | പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. പഞ്ചായത്തിൽ അടയ്ക്കേണ്ട കുടിശ്ശിക തുകയും വൈദ്യുതി കുടിശ്ശികയും 31.03.2009 ന് മുൻപ് പഞ്ചായത്തിൽ അടയ്ക്കണമെന്ന് 21.03.2009 ൽ കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ തുക അടയ്ക്കാൻ തയ്യാറായില്ല. 31.03.2009 –ൽ കരാർ കാലാവധി അവസാനിക്കുകയും ചെയ്തു. തുടർന്ന് കുടിശ്ശിക തുക റവന്യു റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതിന് ബഹു: കൊല്ലംജില്ലാ കളക്ടറോട് 01.06.2009 ൽ ആവശ്യപ്പെടുകയും ജില്ലാകളക്ടർ ആർ.ആർ. നടപടി ആരംഭിച്ചതായി അറിയിക്കുകയും ചെയ്തു.<br>ഡെപ്യൂട്ടി തഹസീൽദാർ (ആർ.ആർ) ടെ 12.06.2012 ലെ 2012/6654/2 നമ്പർ ഡിമാന്റ് നോട്ടീസ് (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു) പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ ആർ. ആർ. നടപടി ആരംഭിച്ചു. ടി തുകയ്ക്കുമേൽ കരാറുകാരനെതിരെ ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ സെക്രട്ടറിയ്ക്കെതിരെയുള്ള റവന്യു റിക്കവറി നടപടി ഒഴിവാക്കണമെന്ന് കാണിച്ച് 14.06.2012 ലെ IX (1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു) ബഹു: ജില്ലാകളക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | | | | യുടെ അർത്ഥനപത്രം നിലനിൽക്കു ന്നിടത്തോളം സെക്രട്ടറിയ്ക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തി വയ്ക്കാൻ നിർവ്വാഹമില്ലെന്നും കരാറുകാരന് എതിരെയുള്ള റവന്യൂ റിക്കവറി നടപടിയ്ക്കെതിരെയായി ടിയാൻ കൊല്ലം സബ്ബ് കോടതിയിൽ OS 651/2009 നമ്പറായി ഫയൽ ചെയ്ത കേസിന്റെ അന്തിമ വിധി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമുള്ളുവെന്നും 23.06.2012 ലെ 10-1204/12 നമ്പർ കത്ത് പ്രകാരം (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു) തഹസീൽദാർ (ആർ.ആർ)അറിയിച്ചിട്ടുണ്ട്.<br>ടി പ്ലാന്റിൽ അമോണിയ വാതകം ചോർച്ച യുണ്ടെന്നും ടി തകരാറ് ഗ്രാമപഞ്ചായത്ത് പരിഹരിച്ച് നൽകണമെന്നും കാണിച്ച് കരാറുകാരൻ മനുഷ്യാവകാശ കമ്മീഷനിൽ പരാതി നൽകിയിരുന്നു. ഈ പരാതി മനുഷ്യാവകാശ കമ്മീഷൻ തള്ളികളഞ്ഞിട്ടുള്ളതാണ്. ഈ പ്ലാന്റിന് അമോണിയ ചോർച്ച ഉണ്ടോ എന്ന് പരിശോധിക്കുന്നതിനും ഉണ്ടെങ്കിൽ അറ്റകുറ്റ പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിനും കൊല്ലം തുറമുഖ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കുണ്ടറ ഗ്രാമപഞ്ചായത്തിൽ നിന്നും PW/240/2008 നമ്പരായി കത്ത് അയച്ചിരുന്നു. ഈ പ്ലാന്റ് സ്ഥാപിച്ച |

| | | | | |
|---|---|---|---|---|
| | | | | ഏജൻസി എന്ന നിലയിലാണ് ഈ സ്ഥാപനത്തിന് കത്ത് നൽകിയത്. എന്നാൽ 05.12.2008 ലെ സി3-1398/2000/ഇഇ നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തിന് ഐഎസ് പ്ലാന്റ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഇല്ലെന്നും അതിന് മറ്റാരെയെങ്കിലും ചുമതലപ്പെടുത്തണമെന്ന് അറിയിച്ചു. തുടർന്ന് കുണ്ടറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.03.2009 ലെ എ5.455/2004-൦൦ നമ്പർ കത്ത് പ്രകാരം TKM എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗം വകുപ്പ് മേധാവിയോട് ഐസ്പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി തരുവാൻ അഭ്യർത്ഥിച്ചു. വിദഗ്ദ അദ്ധ്യാപകർ അവധിയിലായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കി തരുവാൻ ബുദ്ധിമുട്ടാണെന്ന് 02.04.2009 ൽ TKM കോളേജ് മെക്കാനിക്കൽ വിഭാഗം മേധാവി അറിയിച്ചു. തുടർന്ന് 02.05.2009 ലെ PW/215/2008 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം PWD മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഐസ്പ്ലാന്റ് പരിശോധിച്ച് മെയിന്റനൻസ് ആവശ്യമാണെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തരുവാൻ ആവശ്യപ്പെട്ടു. എന്നാൽ 13.07.2009 ലെ 43/ക്യൂ/വിഎൽ നമ്പർ മറുപടി കത്ത് പ്രകാരം ഐസ്പ്ലാന്റ് സ്ഥാപിച്ച ഏജൻസിയെ തന്നെ ഇതിനായി സമീപിക്കുവാൻ അറിയിക്കുകയാണ് |

| | | | | |
|---|---|---|---|---|
| | | | | ഉണ്ടായത്. ഈ സാഹചര്യത്തിൽ ഫാക്ടറീസ് & ബോയിലേഴ്സ് അംഗീകരിച്ച ചാർട്ടേഡ് എഞ്ചിനീയർമാരെക്കൊണ്ട് ഐസ്പ്ലാന്റ് പരിശോധിക്കുകയും മെയിന്റനൻസ് ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഐസ്പ്ലാന്റ് മെയിന്റനൻസ് നടത്തുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോ ഏജൻസികളോ തയ്യാറാകാത്തത് മൂലം ഐസ്പ്ലാന്റ് പ്രവർത്തനക്ഷമമാക്കി ലേലം ചെയ്ത് കൊടുക്കുവാൻ സാധിക്കാതെ വന്നു. തുടർന്ന് കരാറുകാരൻ തന്നെ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതിന് സന്നദ്ധതയുള്ളവർക്ക് ലേലം ചെയ്ത് നൽകുന്നതിന് 16.10.2009 ലും 23.11.2009 ലും പത്രപരസ്യം നടത്തി ലേലവും പുനർലേലവും നടത്തിയെങ്കിലും ലേലത്തിൽ പങ്കെടുക്കുന്നതിന് ആരും ഹാജരായില്ല. തുടർന്ന് 05.01.2010 ൽ ടി വ്യവസ്ഥയിൽ ഐസ്പ്ലാന്റ് പ്രവർത്തിപ്പിക്കുവാൻ സന്നദ്ധതയുള്ളവരിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയുണ്ടായി. കൊല്ലം ശക്തികുളങ്ങര ഫിലിപ്പ് മന്ദിരത്തിൽ ഏജിൻ ഫ്രാൻസിസ് മാത്രമാണ് ടെൻഡർ സമർപ്പിച്ചത്. ചില വ്യവസ്ഥകളോടെ ഐസ്പ്ലാന്റ് ഏറ്റെടുത്ത് അറ്റകുറ്റ പണി നടത്തി പ്രതിവർഷം 25,000/- രൂപ വാടക നിരക്കിൽ പ്രവർത്തിപ്പിച്ചു കൊള്ളാമെന്നാണ് ടെൻഡറിൽ രേഖപ്പെടുത്തി |

| | | | | |
|---|---|---|---|---|
| | | | | യിരിക്കുന്നത്. ടി ടെൻഡർ പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ഗവൺമെന്റ് അംഗീകാരത്തിന് അയയ്ക്കുകയും ചെയ്തു. ബഹു: തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 22.03.2010 ലെ 19041/എബി1/10/ത.സ്വ.ഭ.വ കത്ത് പ്രകാരം (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു) ടി ടെൻഡർ അംഗീകരിച്ച് അനുമതി നൽകിയിട്ടുള്ള താണ്. തുടർന്ന് ടെൻഡർ സമർപ്പിച്ച ശ്രീ.എജിൻ ഫ്രാൻസിസിനോട് 27.03.2010, 17.05.2010, 03.07.2010 എന്നീ തീയതികളിലെ എ5-453/2004 നമ്പർ കത്ത് പ്രകാരം എഗ്രിമെന്റ് വയ്ക്കുവാൻ ആവശ്യപ്പെട്ടി ട്ടുള്ളതാണ്. ടിയാൻ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, ഈ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ ഈ പ്ലാന്റ് ഹാർബർ എൻജിനിയറിംഗ്/ഫിഷറീസ് വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണ മെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് പഞ്ചായത്തിൽ നിന്നും 18.07.2011 തീയതിയിലെ എ 4 3261/2011 നമ്പർ കത്ത് പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു)<br>കുണ്ടറ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 4-6-2011 ലെ 111 -ാം നമ്പർ തീരുമാനം |

| | | | | |
|---|---|---|---|---|
| | | | | ഗവൺമെന്റിലേക്ക് നല്കിയിരുന്നെങ്കിലും മറുപടിയൊന്നും ലഭിക്കാത്തതിനാൽ ടി തീരുമാനത്തിന്റെ പകർപ്പ് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്കും 19-09-2012 ന് കുണ്ടറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ വീണ്ടും നേരിട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ലഭിച്ചതായുള്ള ഇന്റിമേഷൻ 12-11-2012 ൽ ഫിഷറീസ് വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്. |

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005–06 സമാഹൃതറിപ്പോർട്ടിന്മേൽ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005–06 | 2.8.1 | | ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 10 പേർക്ക് തൊഴിലും അഞ്ഞൂറോളം പേർക്ക് ഗുണനിലവാരമുള്ള ഭക്ഷണവും നൽകാമെന്ന ലക്ഷ്യത്തോടെ 24.03.1999 ലാണ് കുമ്മിൾ കേന്ദ്രമാക്കി ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്ത് ജനകീയ റസ്റ്റോറന്റ് ആരംഭിക്കുവാൻ തീരുമാനിച്ചത്. പദ്ധതി വിഹിതമായി നൽകിയ 50000/– രൂപയും ഗുണഭോക്തൃ വിഹിതമായ 2500/– രൂപയും ചേർന്ന് 52500/– രൂപ മൂലധനത്തിൽ ഫർണിച്ചറും ഭക്ഷ്യസാധനങ്ങൾക്കുമായി 42500/– രൂപ ചെലവഴിച്ചെങ്കിലും പാചകക്കാരായ ജീവനക്കാരുടെ കൃത്യനിഷ്ഠയില്ലായ്മയും മുൻകൂട്ടി കണ്ടതുപോലെ വിറ്റുവരവില്ലാത്തതിനാലും, സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരത്തിൽ പിടിച്ചു നില്ക്കാൻ കഴിയാത്തതിനാലും ലാഭകരമല്ലാത്ത ഒരവസ്ഥ സംജാതമായതിനാൽ അധികനാൾ തുടരാതെ 8 മാസത്തിന് ശേഷം 31.12.2000 –ൽ പ്രസ്തുത റെസ്റ്റോറന്റ് പ്രവർത്തനം അവസാനിപ്പിക്കുകയുമാണ് ഉണ്ടായത്. സൊസൈറ്റിയുടെ രജിസ്ട്രേഷൻ |

43/2016.

| | | | | |
|---|---|---|---|---|
| | | | | സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.<br>1999-00 ലെ ഓഡിറ്റ് റിപ്പോർട്ട് 12.04.2005-ൽ ലഭിച്ചെങ്കിലും 2005-06 സമാഹൃത റിപ്പോർട്ട് ലഭിക്കുന്നതുവരെ ടി ഓഡിറ്റ് റിപ്പോർട്ടിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. സമാഹൃത റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് സൊസൈറ്റി പ്രസിഡന്റിനും, സെക്രട്ടറിയ്ക്കും നോട്ടീസ് നല്കിയെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല (പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു).<br>എന്നാൽ അക്കൗണ്ടിൽ മിച്ചമുണ്ടായിരുന്ന 10000/- രൂപയും അതിന് ലഭിച്ച പലിശയായ 11775/- രൂപയും ചേർത്ത് 21,775/- രൂപ 17.05.2010 ലെ 59,918/51-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ജനകീയ റസ്റ്റോറന്റിൽ ഉപയോഗിച്ച ഫർണിച്ചർ ഫ്രിഡ്ജ് തുടങ്ങിയവ ഉപയോഗ യോഗ്യമാണോ എന്ന് സർവ്വേ നടത്താൻ LSGD അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 19.08.2010 ൽ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഫർണിച്ചറും അടുക്കള ഉപകരണങ്ങളും ഫ്രിഡ്ജും മറ്റും ഉപയോഗിക്കാൻ പറ്റാത്ത വിധം പഴകി ദ്രവിച്ചതാണെന്ന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 12.11.2010ൽ ലെ 37-ാം നമ്പർ കമ്മിറ്റി |

| | | | | |
|---|---|---|---|---|
| | | | | തീരുമാനം പ്രകാരം 2005/2006-ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൻമേലുള്ള പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ്, ആഡിറ്റ് [illegible] റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 സമാഹൃതറിപ്പോർട്ടിന്മേൽ
സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| **പൊതുപരാമർശങ്ങൾ** | | | | |
| 1 | 2006-07 | 3:11:1 | | 1997-98 മുതൽ ജനകീയാസൂത്രണം നിലവിൽ വരുകയും വിവിധ തരത്തിലുള്ള ഫണ്ടുകൾ പഞ്ചായത്തിന് ലഭിക്കുകയും ചെയ്തു. ഇത്തരം ഫണ്ടുകൾക്ക് ഒന്നിലേറെ ക്യാഷ് ബുക്കുകൾ കൈകാര്യം ചെയ്യുന്ന രീതിയുണ്ടായി. ആയതുമൂലവും ജീവനക്കാരുടെ പരിചയക്കുറവ് മൂലവും വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കാൻ സാധിക്കാതെ വന്നു. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്ന സാഹചര്യത്തിൽ ടി അപാകത പരിഹരിക്കപ്പെടുകയും ഇപ്പോൾ എല്ലാ ഗ്രാമപഞ്ചായത്തുകളും യഥാസമയം തന്നെ വാർഷിക കണക്കുകൾ തയ്യാറാക്കി ആഡിറ്റിന് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. 2010-11 വരെയുള്ള കണക്കുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും 2011 ജൂൺ 30-ന് മുമ്പ് തന്നെ ആഡിറ്റിനു നൽകിയിട്ടുണ്ട്. |
| 2 | 2006-07 | 3:11:2 | | മുൻവർഷങ്ങളിൽ യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റ് തയ്യാറാക്കിയത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണ്. ടി അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് വ്യവസ്ഥകൾ പാലിക്കുന്നതിന് [illegible] |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമപഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകുകയും പഞ്ചായത്തിലെ ജീവനക്കാർക്ക് നൽകിവരുന്ന വിവിധ പരിശീലന പരിപാടികളിൽ ബഡ്ജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടുള്ളതുമാണ് നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബഡ്ജറ്റ് തയ്യാറാക്കുന്നത് വ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചിട്ടാണ്. |
| 3 | 2006-07 | 3.11.3 | | നികുതി / നികുതിയേതര വരുമാനങ്ങളിൽ ഭീമമായ കുടിശ്ശിക നിലവിലുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് വിവിധയജ്ഞങ്ങൾ നടപ്പിലാക്കുകയും ജില്ലയിലെ 23 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ 100% നികുതി പിരിവ് കൈവരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിശ്ശിക നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി പുരോഗമിച്ചുവരുകയാണ്. |

| | | | | |
|---|---|---|---|---|
| 4 | 2006-07 | 3:11:4 | | ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനു ഗ്രാമസഭ അംഗീകാരത്തോടെ ലിസ്റ്റ് തയ്യാറാക്കുകയും ഡി.പി.സി. അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കുകയും ചെയ്തുവരുന്നു. മിക്കപ്പോഴും ഫണ്ടിനനുസൃതമായി ഗുണഭോക്താക്കളുടെ എണ്ണം തികയാതെ വരുകയോ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റാതിരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ, ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ, അർഹതാ മാനദണ്ഡത്തിന് വിധേയമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകുകയും ആയത് തുടർന്നുവന്ന ഗ്രാമസഭയിൽ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് സംബന്ധിച്ച കർശന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുള്ളതാണ്. നിലവിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളൂ. |

| | | | | |
|---|---|---|---|---|
| 2006-07 | 3:11.5 | | | ഗ്രാമപഞ്ചായത്തുകളിൽ കൺവീനർമാർ മുഖാന്തിരം ചെയ്തിട്ടുള്ള പ്രവൃത്തികളിൽ കൺവീനർമാർക്ക് മുൻകൂർ തുക നൽകുകയും തൻവർഷം പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് തുടർവർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും മുൻകൂർ വാങ്ങിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത കേസുകളിൽ തുക ഈടാക്കുന്നതിന് ആർ ആർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

| | | | | |
|---|---|---|---|---|
| [illegible] | 2006-07 | 3:11:6 | | അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലേലം നടത്തുന്നതിന്റെ മുന്നോടിയായി വ്യവസ്ഥകളും ചട്ടങ്ങളും പാലിക്കുന്നതിന് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ നിയമാനുസൃതമായിട്ടാണ് ലേലം നടന്നുവരുന്നത്. ലേലവ്യവസ്ഥകൾ പരിപാലിക്കുന്നുണ്ടെന്ന് പെർഫോർമൻസ് ആഡിറ്റ് പരിശോധനയിൽ ഉറപ്പുവരുത്തുന്നുമുണ്ട് |
| 7 | 2006-07 | 3:11:7 | | കേരള വാട്ടർ അതോറിറ്റി / വൈദ്യുതി ബോർഡ് മുതലായവ മുഖാന്തിരം നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് ഡി.പി.സി. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രമേ ഡെപ്പോസിറ്റ് നൽകാറുള്ളൂ. ഈ സാഹചര്യത്തിൽ |

| | | | | |
|---|---|---|---|---|
| | | | | ഇത്തരം പ്രവൃത്തികൾ അതാത് സാമ്പത്തിക വർഷം പൂർത്തീകരിക്കാറില്ല. ഇത്തരം പ്രവൃത്തികളെല്ലാം തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| 8 | 2006-07 | 3.11.8 | | മരാമത്ത് പ്രവൃത്തികൾക്ക് ലിഫ്റ്റും ലീഡും കുറവ് ചെയ്യാത്തത് പിഡബ്ല്യുഡി ചീഫ് എഞ്ചിനീയറുടെ 06.01.2005-ലെ 2/2005 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ്. മണൽ ലഭ്യമല്ലാത്ത പ്രദേശത്ത് അധികം കൺവേയൻസ് നൽകാറുണ്ട്. ഇത്തരം പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോഴും നല്ല രീതിയിൽ നിലനിൽക്കുന്നുമുണ്ട്. |

43/2016.

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 സമാഹൃതറിപ്പോർട്ടിന്മേൽ ഓച്ചിറ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.12.1 | | തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.01.1995 തീയതിയിലെ ജി.ഒ.(പി).1/95/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ എഫ്.റ്റി.എസ് ജീവനക്കാരിൽ പെൻഷൻ സ്കീം ഓപ്റ്റ് ചെയ്യാത്തവർക്ക് 65 വയസ്സുവരെ സർവ്വീസിൽ തുടരാവുന്നതാണ് എന്ന് വ്യവസ്ഥ ഉണ്ട്. എന്നാൽ ഇത്തരം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ശ്രീമതി. ഉമ്മസിൽമാകുഞ്ഞ് പെൻഷൻ സ്കീം ഓപ്റ്റ് ചെയ്യാതിരുന്നതിനാലാണ് റിട്ടയർമെന്റ് തീയതിക്കു ശേഷവും സർവ്വീസിൽ തുടരാൻ അനുവദിച്ചത് എന്ന് ടി കാലയളവിലെ സെക്രട്ടറി ശ്രീ.സുരേന്ദ്രൻ വ്യക്തമാക്കിയിട്ടുണ്ട് (ടിയാന്റെ വിശദീകരണത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).<br>സർവ്വീസ് 31.03.2003 AN ന് അവസാനിപ്പിച്ചതിനെതിരായി ശ്രീമതി. ഉമ്മസിൽമാ കുഞ്ഞ് ബഹു: |

| | | | | |
|---|---|---|---|---|
| | | | | കേരളാ ഹൈക്കോടതിയിൽ 7389/2003 –ാം നമ്പരായി ഓച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെ 1,2,3 എന്നീ ക്രമത്തിൽ എതിർകക്ഷികളായി OP ഫയൽ ചെയ്തു.<br>ടി കേസിന്റെ 25.05.2005 ന്റെ വിധിന്യായത്തിൽ 4 മാസത്തിനകം ഉചിതമായ ഉത്തരവ് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. (വിധി പകർപ്പ് ഉളളടക്കം ചെയ്യുന്നു. Exhbt 1 ). 31.01.2003 വരെയുള്ള സേവനത്തിന് പെൻഷൻ ആനുകൂല്യത്തിന് പരാതിക്കാരിയ്ക്ക് അർഹതയുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 03.11.2006 ലെ ഇ9– 10743/2006 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. (പകർപ്പ് ഉളളടക്കം ചെയ്യുന്നു. Exhbt 2 ). ഇതനുസരിച്ച് ടിയാളിന്റെ പെൻഷൻ ആനുകൂല്യം അക്കൗണ്ടന്റ് ജനറലിന്റെ P-01/PenA/216/AA/07–08, P - 01//AA/G/36663107 എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട് (പകർപ്പുകൾ ഉളളടക്കം ചെയ്യുന്നു. Exhbt 3&4 ). ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 12.06.2006 ലെ ജി.ഒ.(എം.എസ്.) 135/2006/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ ആനുവേഷന് ശേഷവും സർവ്വീസിൽ തുടർന്നു വരുന്ന ഫുൾടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സൂപ്പർ ആനുവേഷൻ തീയതി വരെയുള്ള സർവ്വീസും വേതനവും കണക്കാക്കി നിശ്ചയിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉളളടക്കം ചെയ്യുന്നു. Exhbt 5 ).<br>പെൻഷൻ സ്കിം ഓപ്റ്റ് ചെയ്ത് 55 വയസ്സിന് |

| | | | | |
|---|---|---|---|---|
| | | | | ശേഷവും സർവ്വീസിൽ തുടർന്നിരുന്ന കണ്ടിജന്റ് ജീവനക്കാർ വാങ്ങിയ ശമ്പളവും അലവൻസുകളും<br><br>തിരിച്ചു പിടിക്കാനുള്ള തീരുമാനം പിൻവലിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി കൊണ്ട് കേരളാ സർക്കാരിന്റെ തദ്ദേശസ്വയംഭരണ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ 12.06.2006 ലെ ജി.ഒ (എം.എസ്) 135/2006/തസ്വഭവ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതാണ്. [illegible] [illegible] [illegible] [illegible] |

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07 സമാഹൃതറിപ്പോർട്ടിന്മേൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.13.1 | | ലോക്കൽഫണ്ട് ഓഡിറ്റ് കൊല്ലംജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 14.03.2008 ലെ എൽഎഫ്ക്യു പി3-368/06 നമ്പർ ഫർതർ റിമാർക്സ് പ്രകാരം ടി തടസ്സം ഒഴിവാക്കിയിട്ടുള്ളതാണ്. ടി ഫർതർ റിമാർക്സിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2 | 2006–07 | 3.13.2 | | ലോക്കൽഫണ്ട് ഓഡിറ്റ് കൊല്ലംജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ ഗ്രേഡ്) 21.04.2008 ലെ എൽഎഫ്ക്യൂ പി3-460/08 നമ്പർ ഫർതർ റിമാർക്സ് പ്രകാരം ടി തടസ്സം ഒഴിവാക്കിയിട്ടുള്ളതാണ്. [illegible] |

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 സമാഹൃതറിപ്പോർട്ടിന്മേൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.14.1 | | 2002–03 വർഷത്തെ ജനകീയ പാർപ്പിട പദ്ധതിയിന്മേലുള്ള ആഡിറ്റ് പരാമർശം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ യോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരണം ആവശ്യപ്പെടുകയും ടിയാൻ നൽകിയ മറുപടി ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്.<br>എൽ.വി.ഇ.ഒ. യുടെ സ്ഥലമാറ്റത്തെ തുടർന്ന് വി.ഇ.ഒ. യുടെ അക്കൗണ്ടിലേക്ക് (3884) എൽ.വി.ഇ.ഒ യുടെ അക്കൗണ്ടിൽ നിന്നും 5,68,250 രൂപ പഞ്ചായത്ത് നിർദ്ദേശാനുസരണം മാറ്റുകയും പുതിയ എൽ.വി.ഇ.ഒ. ചാർജ്ജ് എടുക്കും വരെ ചെലവായ 55850/– രൂപ കഴിച്ച് (19 ഗുണഭോക്താക്കൾക്ക് നൽകിയത്) ബാക്കി 5,12,400/– രൂപ 27.02.2001 ൽ എൽ.വി.ഇ.ഒ.യുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകുകയും ചെയ്തു. 62,700 രൂപ വി.ഇ.ഒ. യുടെ അക്കൗണ്ടിൽ വരേണ്ടുന്നതിന് പകരം എൽ.വി.ഇ.ഒ. യുടെ അക്കൗണ്ടിൽ മിസ്ക്രെഡിറ്റ് ചെയ്തുവെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ടി തുക 31.03.2003 ൽ വി.ഇ.ഒ.യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തു. ചെലവ്തുക 55,850 രൂപയും മിസ്ക്രെഡിറ്റ് ചെയ്യപ്പെട്ട 62,700/– രൂപയും ഉൾപ്പെടെ ആകെ 118550/– രൂപയുടെ കണക്ക് ഇതിൽ നിന്നും |

വ്യക്തമാകുന്നുണ്ട്. മേൽ സാഹചര്യത്തിൽ ബാക്കി ചെലവ് ഒന്നും തന്നെ ബോധ്യപ്പെടുത്താൻ ഇല്ലായെന്ന് വി.ഇ.ഒ. സമർപ്പിച്ച മറുപടിയിൽ വ്യക്തമാക്കുന്നു. (പാസ്ബുക്ക് പകർപ്പ്, ബാങ്കിന്റെ കത്ത് എന്നിവ പ്രത്യേകം ചേർക്കുന്നു).

ആഡിറ്റ് പരാമർശത്തെ തുടർന്ന് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ട് 21.07.2007 ൽ എ1- 135/06 നമ്പരായി ശ്രീ. ശ്രീകുമാറിന് (വി.ഇ.ഒ) കത്ത് നൽകുകയുണ്ടായി . അതിൻ പ്രകാരം ശ്രീ. ശ്രീകുമാർ (വി.ഇ.ഒ) 07.09.2007 ൽ രേഖാമൂലം വിശദീകരണം സമർപ്പിച്ചു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). വിശദീകരണ പ്രകാരം ശ്രീമതി. സുവർണ്ണകുമാരി, തേനാത്ര കിഴക്കതിൽ എന്നിവർ നിർദ്ദേശത്തിന് വിരുദ്ധമായി വീട്പണിയാൻ ശ്രമിച്ചപ്പോൾ സാധാരണ നടപടിക്രമം എന്നനിലയിൽ ടി കക്ഷി കൈപ്പറ്റിയ തുക തിരികെ അടയ്ക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നു. പിന്നീട് അവർ ക്രമവിരുദ്ധമായി പണിഞ്ഞത് പൊളിച്ചുമാറ്റി പുതിയ വീടു തന്നെ പണിഞ്ഞു എന്ന് ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു അനുവദിക്കുകയാണ് ഉണ്ടായതെന്ന് വി.ഇ.ഒ. വിശദീകരിക്കുന്നു. പണി ക്രമപ്രകാരമല്ലാത്തതിനാൽ മാത്രമാണ് ടി നോട്ടീസ് നൽകിയിട്ടുള്ളത് എന്ന് വി.ഇ.ഒ.യുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

ലോക്കൽ വേരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടി തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി ലോക്കൽഫണ്ട് ജില്ലാഓഫീസിൽ സ്വീകരിച്ചിട്ടുണ്ടെന്ന വി.ഇ.ഒ. യുടെ കത്ത് സംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കായും ടി വിഷയത്തിന്മേലുള്ള സ്പഷ്ടീകരണത്തിനായും ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും എ1-81/2007

| | | | | |
|---|---|---|---|---|
| | | | | തീയതി 17.05.2010 നമ്പർ പ്രകാരം കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. |

43|2016

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 സമാഹൃതറിപ്പോർട്ടിന്മേൽ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.15.1 | | കടയ്ക്കൽ മാർക്കറ്റിലെ പ്രവേശന ചുങ്കത്തിനും നികുതി വർദ്ധനവിനുമെതിരെ നടന്ന വിപ്ലവമാണ് കടക്കൽ വിപ്ലവമെന്നും ആയത് ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ചരിത്രത്തിൽ ഇടം പിടിച്ചതാണെന്നുമുള്ള വിശകലനത്തിന്റെയും അതിൽ പങ്കെടുത്ത ആൾക്കാരുടെ പിൻ തലമുറ നിരന്തരം ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് 1.4.2001 മുതൽ ഗേറ്റ് ഫീസ് പിരിവ് നിർത്തലാക്കുന്നതിന് അന്നത്തെ ഭരണസമിതി തീരുമാനിച്ചു എന്ന നിഗമനത്തിലാണ് തുടർന്ന് വന്ന ഭരണസമിതികളൊന്നും തന്നെ ആയത് പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത്. എന്നാൽ 2006–07 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 2.6) സമാഹൃത റിപ്പോർട്ടിലും (ഖണ്ഡിക 3.15.1) ഈ തീരുമാനം പ്രതിവർഷം 2.5 ലക്ഷം രൂപാ വീതം നഷ്ടം വരുമെന്ന് ചൂണ്ടിക്കാണിക്കുകയും ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു. 22.11.2000 ൽ കൂടിയ ഭരണ സമിതിയുടെ 8 -ാം നമ്പർ തീരുമാന പ്രകാരമെടുത്ത പ്രസ്തുത ഫീസ് നിർത്തലാക്കൽ നിയമാനുസൃതമല്ലെന്ന് 30.5.2001 ലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ജി 2741/01 നമ്പർ കത്തിലും 22.9.2001 ലെ അർദ്ധ ഔദ്യോഗിക കത്തിലും അറിയിച്ചിട്ടുണ്ട് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് |

സെക്രട്ടറിയുടെ 4.10.2001 ലെ 8592/എൽ2/2001 /തസ്വഭവ നമ്പർ കത്ത് പ്രകാരം ഗേറ്റ് ഫീസ് ഒഴിവാക്കിയതിന് സാധൂകരണം നൽകണമെന്ന പഞ്ചായത്തിന്റെ അപേക്ഷ നിരസിക്കുകയും ആയത് 27.10.2001 ലെ കമ്മിറ്റിയിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഈ വിഷയത്തിന്റെ വൈകാരികതയിൽ ഉറച്ച് നിന്നുകൊണ്ട് ഗേറ്റ് ഫീസ് പുനഃസ്ഥാപിക്കുന്നതിന് തുടർന്നുവന്ന ഒരു ഭരണസമിതി യോഗത്തിലും തീരുമാനമുണ്ടായില്ല.

തുടർന്ന് 17.4.2010 ൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് 22.4.2010 ൽ നടന്ന ഭരണ സമിതിയിൽ 4-ാം നമ്പർ ആയി ഈ വിഷയം ഉൾപ്പെടുത്തുകയും ആയത് വിശദമായി ചർച്ച ചെയ്യുകയും ചെയ്തെങ്കിലും തുടർന്നും ഗേറ്റ് ഫീസ് ഒഴിവാക്കുന്നതിന് അനുവാദത്തിന് അഭ്യർത്ഥിക്കുന്നതിന് തീരുമാനിക്കുകയാണുണ്ടായത്. ഈ തീരുമാനം തൃപ്തികരമല്ലന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് 7.6.2010 ലെ ഭരണ സമിതിയിൽ ചർച്ച ചെയ്തെങ്കിലും ഗേറ്റ് ഫീസ് പിരിവ് പുനഃസ്ഥാപിക്കുന്നത് വൻ പ്രതിഷേധത്തിന് ഇടയാക്കുമെന്ന് സൂചിപ്പിച്ച് കൊണ്ട് ഗേറ്റ് ഫീസ് പുനഃസ്ഥാപിക്കേണ്ടതില്ലെന്ന് കമ്മിറ്റി തീരുമാനിച്ചെങ്കിലും പ്രസ്തുത തീരുമാനം നിയമാനുസൃതമല്ലെന്നും ആയത് പുനർ പരിശോധിക്കണമെന്നും ആവശ്യപ്പെട്ട് 9.6.2010 ൽ സെക്രട്ടറി വിയോജന കുറിപ്പ് നൽകിയിട്ടുള്ളതും ആയത് 11.6.2010 ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്.

തുടർന്ന് 13.062011 ൽ കൂടിയ ഭരണ സമിതി 1/169/11 നമ്പർ തീരുമാന പ്രകാരം 23.06.2011, ൽ 10 മണിയ്ക്ക് 45000/- രൂപയ്ക്ക് ഗേറ്റ്ഫീസ് ലേലം നടത്തുകയും തുടർന്ന് 28.03.2012 ൽ 161000/- രൂപയ്ക്ക് ലേലം നടന്നിട്ടുള്ളതുമാണ്. ആയതിന് 30.3.2012 ലെ 1-ാം നമ്പർ

43/2016

| | | | | | |
|---|---|---|---|---|---|
| | | | | | തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതും അതിൻ പ്രകാരം ലേല തുക ഒടുക്കി ഗേറ്റ് ഫീസ് പിരിവ് പുന: സ്ഥാപിച്ചിട്ടുള്ളതുമാണ്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)<br>കടയ്ക്കൽ വിപ്ലവത്തിന്റെ വൈകാരികമായ പശ്ചാത്തലം മാനിച്ച് കൊണ്ട് ഭരണസമിതിയുടെ തീരുമാനത്തിന്വിധേയമായത് കൊണ്ടാണ് 2001 മുതൽ - 2011 ജൂൺ വരെ ഗേറ്റ് ഫീസ് പിരിവ് നടത്താൻ സാധിക്കാതിരുന്നതെന്ന വിശദീകരണമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബോധിപ്പിച്ചിട്ടുള്ളത്. തുടർന്നും പഞ്ചായത്തിന് വരുമാനം ഉണ്ടാകത്തക്ക തരത്തിൽ ഗേറ്റ് ഫീസ് ലേലം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് കടയ്ക്കൽ ഗ്രാമപഞ്ചായത്തിനെതിരെയുള്ള പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 സമാഹൃതറിപ്പോർട്ടിന്മേൽ പന്മന ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.16.1 | | പന്മന ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്. ചാർജ് ഓഫീസറായിരുന്ന വി.ഇ.ഒ. ശ്രീ. ജയൻ, ടിയാന്റെ ചുമതലയിലുള്ള സി.ഡി.എസ്. ഫണ്ടിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയതിനെ തുടർന്ന് പന്മന പഞ്ചായത്തിന്റെ 07.08. 2006 ലെ I-ാം നമ്പർ തീരുമാന പ്രകാരം ഇതിന്മേൽ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കൊല്ലം ജില്ലാകളക്ടറോട് അഭ്യർത്ഥിച്ചതനുസരിച്ച് അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) അന്വേഷണം നടത്തിയതിന്റെ വെളിച്ചത്തിൽ ടിയാൻ സി.ഡി.എസ്. ഫണ്ടിൽ നിന്നും മതിയായ രേഖകൾ ഇല്ലാതെ 742490/– രൂപയുടെ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുള്ളതാണ്. ഇതനുസരിച്ച് ടി തുക ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ടോ എന്ന് കുടുംബശ്രീ ചാർജ്ജ് ഓഫീസറായ വി.ഇ.ഒ- യോട് അന്വേഷിച്ചതിൽ ടി തുകയിൽ 279718/– രൂപ പന്മന പഞ്ചായത്ത് സി.ഡി.എസ്–ന്റെ പഴയ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ എസ്ബി.5764, പന്മന സർവ്വീസ് സഹകരണബാങ്ക്) 17.08.2006 ലും 199551/– രൂപയും 127308/– രൂപയും സി.ഡി.എസ്- ന്റെ പന്മന ബാങ്ക് ഓഫ് ഇൻഡ്യയുടെ 7811-ാം നമ്പർ പുതിയ അക്കൗണ്ടിൽ |

25.08.2008 ലും തിരിച്ചടച്ചിട്ടുള്ളതായി ടിയാന്റെ 07.05.2010 ലെ സി.ഡി.എസ്./10-11/12 നമ്പർ കത്ത് വഴി അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ശേഷിക്കുന്ന തുകയായ 135913/- രൂപയിൽ 238/- രൂപ ഡി.ഡി. കമ്മീഷൻ കഴിച്ചുള്ള തുകയായ 135675/- രൂപയുടെ ഡി.ഡി. കൈപ്പറ്റിയിട്ടുള്ളതായി കരാർ സ്ഥാപനമായ കുടുംബശ്രീ കമ്പ്യൂട്ടർ ഹാർഡ് വെയർ യൂണിറ്റായ ഐടെക്ക് സിസ്റ്റം & പെരിഫറൽസ് എന്ന സ്ഥാപനം അറിയിച്ചിട്ടുള്ളതാണ്.

ടി ഉപകരണങ്ങൾ പ്രസ്തുത കരാർ സ്ഥാപനം 2007 നവംബർ മാസം സി.ഡി.എസ്-ന്റെ ഓഫീസിൽ സപ്ലൈ ചെയ്തിട്ടുള്ളതും ആയത് ഇൻസ്റ്റാൾ ചെയ്ത് സുഗമമായി പ്രവർത്തിച്ചു വരുന്നതുമാണ്. മേൽ വിവരിച്ചതനുസരിച്ച് പഴന വി.ഇ.ഒ. ആയിരുന്ന ശ്രീ. ജയന്റെ പേരിൽ ആഡിറ്റിൽ പരാമർശിച്ചിരുന്ന 742490/- രൂപയും ടിയാൻ തിരികെ ഒടുക്കു വരുത്തിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ടി ക്രമക്കേട് സംബന്ധിച്ച് ഉത്തരവാദിയായ വി.ഇ.ഒ ശ്രീ ജയനെതിരെ ടിയാന്റെ നിയമനാധികാര വകുപ്പായ ഗ്രാമ വികസന വകുപ്പ് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടറുടെ 8.8.2007 ലെ ഡി1 3793/06 -ാം നമ്പർ ഉത്തരവ് പ്രകാരം ശ്രീ ജയനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു കൂടാതെ ഗ്രാമ വികസന കമ്മീഷണറുടെ 12.3.2010 ലെ 24499/ഇ.എസ്.എച്ച്.എ2/2007 /സി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ശ്രീ ജയന്റെ പ്രൊമോഷൻ 3 വർഷത്തേക്ക് തടഞ്ഞ്കൊണ്ട് ഉത്തരവായിട്ടുള്ളതാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

ഇതുമായി ബന്ധപ്പെട്ട് വി.ഇ/5/09/കെ.എൽ.എം നമ്പർ ആയി കൊല്ലം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടന്നു വരുന്നതായും ബന്ധപ്പെട്ട ഫയലുകളും രേഖകളും സി.ഡി.എസ് മെമ്പർ

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറിയിൽ നിന്നും വിജിലൻസ് കസ്റ്റഡിയിൽ എടുത്തിട്ടുള്ളതായും അറിയിച്ചു കൊളളുന്നു. |

**ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006–07 സമാഹൃതറിപ്പോർട്ടിന്മേൽ പെരിനാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.17.1 | | 2001–02 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ആഡിറ്റ് റിപ്പോർട്ട് 10.07.2006–ൽ ലഭിച്ചു. ഓഡിറ്റ് പരാമർശം 11.10.2006 –ൽ പി1–75/2005 നമ്പർ കത്ത് പ്രകാരം കൊല്ലം ഖാദി ബോർഡ് പ്രോജക്ട് ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. 06.12.2006– ൽ ഓഡിറ്റ് തടസ്സത്തിനു അരവാദി ഖാദി ബോർഡ് പ്രോജക്ട് ഓഫീസർ ശ്രീമതി. രാജമ്മ എന്നയാൾ ആണെന്നും ആഡിറ്റ് തടസ്സം നീക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). തുടർന്ന് 25.04.2008–ൽ നിരാകരി ച്ചിരിക്കുന്ന തുക തിരിച്ചടയ്ക്കുകയോ/നിരാകരിക്കൽ ഒഴിവാക്കുന്നതിന് മതിയായ വിശദീകരണം സമർപ്പിക്കുകയോ ചെയ്തിട്ടില്ലാ അതിനാൽ സർചാർജ് ചെയ്യാവുന്ന തുകയായി പരിഗണിച്ച് തുടർന്ന് നടപടികൾ സ്വീകരിക്കാ തിരിക്കാൻ തുക ഒടുക്കുവരുത്തുകയോ മതിയായ വിശദീകരണം 15 ദിവസത്തിനകം സമർപ്പിക്കാനോ അറിയിക്കുകയുണ്ടായി.<br>13.06.2008 – ലെ കെ4–1420/98/ഖാദി നമ്പർ കത്ത് പ്രകാരം 44,678/- രൂപ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഫൗണ്ടേഷൻ പണി പൂർത്തീകരിച്ചിട്ടുള്ളതും ആയതിനുള്ള വൗച്ചറുകൾ സംഘം സമർപ്പിച്ചിട്ടുള്ളതുമാണെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. വൗച്ചറുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിച്ചിട്ടുണ്ട് (ആയതിന്റ പകർപ്പ് |

ഇതോടൊപ്പം ചേർക്കുന്നു). കൂടാതെ ഹനാണ്ടെയും ബെയ്സ്മെന്റും പൂർത്തീകരിച്ചതായുള്ള ശാന്താംഗം മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറും സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ആകയാൽ നിരാകരിക്കൽ ഒഴിവാക്കി മേൽ നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

03.06.2010 ലെ പഞ്ചായത്ത് കമ്മറ്റിയിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പി.ഡി. അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതിരുന്നതും ചാരി ബോർഡ് സഹകരണ സംഘത്തിന്റെ നിയമാവലികളെ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചർച്ച ചെയ്യാതെ തുക അനുവദിച്ചതും സംബന്ധിച്ച പരാമർശം കമ്മിറ്റി അംഗീകരിക്കുകയും ജനകീയാസൂത്രണത്തിന്റെ ആരംഭ വർഷത്തിൽ വന്ന് പോയ വീഴ്ച ആയതിനാൽ ആയത് മാപ്പാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 1999–00 വർഷം കെട്ടിടനിർമ്മാണത്തിന് തുക വകയിരുത്തിയത് സ്വന്തമായുള്ള കെട്ടിടം പഴകി ജീർണ്ണിച്ച കെട്ടിടമായതിനാലാണ്. സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിക്കാൻ പാടില്ലെന്ന് സർക്കുലർ ഉള്ളതായും ആയതിനാൽ തുക ചെലവഴിക്കാൻ നിർവ്വാഹമില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യാതിരുന്നതിനാലും പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കേണ്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പൂർത്തീകരിക്കുകയോ തുടർ നിർമ്മാണത്തിന് ശ്രമിക്കുകയോ ചെയ്തിട്ടില്ലാത്തതിനാലും ടിയാനിൽ നിന്നും 44,678/ രൂപ ഈടാക്കുന്നതിന്

| | | | | |
|---|---|---|---|---|
| | | | | ക്കുകയും RR നടപടി സ്വീകരിക്കുന്നതിന് പെരിനാട് ഗ്രാമപഞ്ചായത്തിലെ 05.06.2010 തീയതിയിലെ പി2-3190/2010 നമ്പർ കത്തു പ്രകാരം ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ് . എന്നാൽ RR നടപടികൾക്കെതിരായി കുടിശ്ശിക കക്ഷി ബഹു: ഹൈക്കോടതിയിൽ 02.12.2010 ൽ ഡബ്ല്യു.പി(സി) 34831/10 -ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ടിയാൾക്കെതിരായ റിക്കവറി നടപടികൾ നിർത്തി വച്ചിരിയ്ക്കുകയാണെന്നുള്ള വിവരം കരുനാഗപ്പള്ളി തഹസീൽദാർ 15.12.2012 ലെ ബി7- 20101/10 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). 13.8.2010 ൽ ജില്ലാ ഖാദി വ്യവസായ പ്രോജക്ട് ആഫീസർ ടി പ്രവൃത്തിയുടെ നിർവ്വഹണത്തിനായി രൂപീകരിച്ച ഗുണഭോക്തൃ സമിതിയുടെ ജോയിന്റ് അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന 9788/- രൂപയും അതിന്റെ പലിശ തുകയായ 2412/- രൂപയും ഉൾപ്പടെ 12200/- രൂപ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ചെക്കായി നൽകിയിട്ടുള്ളതാണ്. (കത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.) ടി തുക പഞ്ചായത്തിൽ ലഭിച്ച വിവരം 3.6.2011 ൽ റവന്യൂ റിക്കവറിക്ക് ചുമതലപ്പെടുത്തിയിരിക്കുന്ന കരുനാഗപ്പള്ളി തഹസിൽദാരെയും ബഹു: ജില്ലാ കളക്ടർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എന്നിവരെയും അറിയിച്ചിട്ടുള്ളതാണ്(കത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.) |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.